# 1001 മയിൽപ്പീലി ഇതളുകൾ

## (ശ്രീകൃഷ്ണ സ്തോത്രങ്ങൾ)




രാജൻ കിണറ്റിങ്കര

(Rajan Kinattinkara)

# അമ്മയും കണ്ണനും

അമ്മതൻ കണ്ണീരി -
നർത്ഥം തിരഞ്ഞു ഞാൻ
എത്തിയതെപ്പോഴോ
കൃഷ്ണന്നരികിലായ്

ചുളിവീണ വദനത്തിൽ
പടരുന്നൊരശ്രുവിൽ
സ്നേഹപ്പകർച്ചതൻ
നിഴലുകൾ വീണതും

പുഞ്ചിരി തെളിയുന്ന
കുസൃതിക്ക് മുന്നിലെൻ
നോവിൻ്റെ നീറ്റൽ
ഹിമകണമായതും

അമ്മതൻ ചുണ്ടിലെ
തേൻമൊഴി കേട്ടു ഞാൻ
വേണുവിലലകളായ്
കേട്ടു നിൻ  ഗീതവും

കറവീണ മുണ്ടിൻ്റെ
കോന്തല കൊണ്ടമ്മ
കോതിയൊതുക്കിയ
ഈറൻ മുടികളും

നിൻ പട്ടുചേലകൾ
കാറ്റിലിളകുമ്പോൾ
ഞാൻ കണ്ട സ്വപ്നത്തിൽ
പുനർജനിച്ചമ്മയും

അമ്മയ്ക്ക് നൽകുവാൻ
കരുതിയ സ്നേഹത്തിൻ
കണ്ണീർമണികളെ
അർപ്പിച്ചു നിൻ കാലിൽ

പിന്തിരിഞ്ഞൊന്നു
നടക്കുന്ന നേരത്ത്
കണ്ടു ഞാൻ നിന്നെയും
അമ്മക്കിളിക്കൂടും

@@@

1
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉഷപൂജ ശീവേലി
നടയൊരുങ്ങി
ഗുരുവായൂരിൽ
തിരി തെളിഞ്ഞു
കാളിന്ദീ കരയിലെ
ഗോക്കളെപോലെ ഭക്തർ
കൃഷ്ണമന്ത്രങ്ങളാൽ
സ്വയംഅലിഞ്ഞു..

2
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മിഴികളിൽ സാഗരതിരകൾ
ഒളിപ്പിച്ചും
ചൊടികളിൽ കമല -
ദളങ്ങൾ വിരിയിച്ചും
പീലി തിരുമുടിയിൽ
മയിൽക്കാട് തീർത്തും
എത്ര രൂപങ്ങളിൽ, നീ
വിളയാടുന്നു,....

3
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാളീയ സർപ്പത്തെ
കാൽകളാൽ മർദിച്ചും
ഗോവർധന ഗിരി
കയ്യിലൊതുക്കിയും
വിരൽ നുണഞ്ഞമ്മതൻ
ചാരെ മയങ്ങിയും
എത്ര ഭാവങ്ങളിൽ, നീ
വിസ്മയം തീർക്കുന്നു...

4
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അഗ്നിയിൽ നിന്നും
ജലപ്രവാഹം തീർത്തും
ഭൂഗോളമൊക്കെയും
വായിൽ ആവാഹിച്ചും
പാവം സതീർഥ്യനെ
കുചേലനാക്കിയും
എത്ര പരീക്ഷണം, നീ
ഭക്തർക്ക് നൽകുന്നു.. .

5
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പാർത്ഥന് നല്ലൊരു
വഴി കാട്ടിയായും, പിന്നെ
ദൂതനായ് കൗരവ
സഭയിൽ ചെന്നിട്ടും
അപമാന ഭാരത്താൽ
വിവസ്ത്രയാം ദ്രൗപദീ -
രക്ഷകനായി നീ
അവതാരം പൂണ്ടിട്ടും
ആനന്ദം എത്രമേൽ,
നീ നൽകുന്നു, കൃഷ്ണാ...

6
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നെറികെട്ട പീഡന
കാലത്തിൽ ഇന്നു നീ,
വീണ്ടും ജനിക്കുമോ
ഭൂവിലൊരു രക്ഷകനായി...
കൃഷ്ണാ...

7
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൊന്നു ഗുരുവായൂരപ്പാ
പൊൻപ്രഭ തൂകി
നിൻ ക്ഷേത്രാങ്കണം
ചുറ്റമ്പലങ്ങളിൽ
നാമ ജപമുയരുമ്പോൾ
ശ്രീകോവിലിൽ നിനക്കൊരു
പുഷ്പാഭിഷേകം...

8
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മലയാള ദേശത്തിൻ
പുണ്യമായരുളുന്ന
പൊന്നു ഗുരുവായൂരപ്പ
കാത്തരുളേണമേ..

9
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സങ്കടമരുളുവാൻ
ചിന്തകൾ അകറ്റുവാൻ
കാര്യസിദ്ധിക്കൊരു
നന്ദിയും ചൊല്ലുവാൻ
ഭക്തരിതാ നിന്റെ
തിരുസന്നിധിയിൽ
ദർശന പുണ്യവും
തേടി നിൽപ്പൂ ,. കൃഷ്ണാ.

10
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരുനട തുറന്നൊരു
ശംഖൊലി ഉയരുമ്പോൾ
മാറുന്നു സന്നിധാനം
അമ്പാടി പോലെ,

11
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദർശന പുണ്യത്തിൻ
തീർത്ഥവുമായ്  ഭക്തർ
തിരിഞ്ഞൊന്നു
നടക്കുമ്പോൾ
ഉയരുന്നു വേണുനാദം
അകതാരിൽ
തുളസിക്കതിരാൽ
മുഖം മറച്ചന്നേരം

പുഞ്ചിരി തൂകുന്നു
കണ്ണനപ്പോൾ... .

12
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പുലർകാല മഞ്ഞിൽ
നീരാഞ്ജനത്തിൻ
കുളിരുമായി നിൽക്കും
സുസ്മേര വദനനായ്,
പൊന്നു ഗുരുവായൂർ
ശ്രീകൃഷ്ണ ശിലാ രൂപം....

13
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വാകച്ചാർത്ത്
കഴിഞ്ഞൊരു നേരം
പാലഭിഷേകത്താൽ
ശുഭ്ര വസ്ത്രാംഗിതനായ്
കളഭം ചാർത്തി നീ
പുഞ്ചിരി തൂകുമ്പോൾ
നടയിലൊരായിരം
ഇടറുന്ന കണ്ഠങ്ങൾ
ആശ്രയം തേടി നിൻ
തിരുസവിധത്തിൽ ...

14
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണുനീരാൽ
ചാലിച്ച ചന്ദനം
വര പ്രസാദമായി
നെറ്റിയിലണിഞ്ഞും
നിർമാല്യ പുഷ്പങ്ങൾ
മുടിയിൽ ചൂടിയും
കണ്ണുകൾ കൂപ്പി നിൻ
തൃപ്പാദങ്ങളിൽ
വാടിയ തുളസീദളമായ്
നമിപ്പൂ, ഞങ്ങളിതാ...

15
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരമാലകളെപോൽ
ജീവിത ദുഃഖങ്ങൾ
ഒന്നിന് പുറകെ ഒന്നായി
ഹൃദയ തന്ത്രികളിൽ
ശോകരാഗം മൂളുമ്പോൾ
ഒരിക്കൽ കൂടി
ഹൃദയ വനികയിലൊരു
കരി വണ്ടായി
നീ വരുകയില്ലേ, കൃഷ്ണാ

16
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു പിടി അവിലിനാൽ
കടം കൊണ്ട മനസ്സിനെ
മറന്നെങ്ങു പോയി നീ
ശ്രീകൃഷ്ണ ദേവാ..
ബാല്യ ചാപല്യത്തിൽ
അറിയാതെ ചെയ്തൊരു
നിർദോഷ തെറ്റിന്റെ
ശിഷ്ട ഭാരം...
ഗുരുപത്നി തന്നൊരു
അവിൽ പൊതിക്കെന്തിത്ര
മധുരമെന്നോതി ഞാൻ
സ്വയം കഴിച്ചു... കൃഷ്ണാ.

17
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇരവിലും പകലിലും
ഈ മനസ്സുരുവിടുന്ന-
തൊരു മന്ത്രം മാത്രം
ശ്രീകൃഷ്ണ ഹരേ ഹരേ..

18
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിയർപ്പിൽ കുതിർന്നൊരു
മനസ്സുമായിന്നു ഞാൻ

നിൻ കാൽക്കലർപ്പിക്കുന്നു
പ്രാർത്ഥനാ  നിവേദ്യം .

19
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നീയറിയുകില്ലെങ്കിലും
ഞാനറിയുന്നു, പ്രഭോ
നീയെന്നിൽ കോറിയിട്ട
സൗഹൃദങ്ങൾ കണ്ണാ...

20
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഹൃദയം ഒരീറൻ
മഴനിലാവായ്
കൃഷ്ണശിലയൊരു
ശ്രുതി ഗീതമായ്
അകതാരിൽ കിളിവാതിലിലൂടെ
ഒരു മയിൽപ്പീലിതൻ
വർഷരാഗം..   .

21
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആകാശ സാന്ദ്രതയിൽ
ഒഴുകും വെണ്മേഘങ്ങൾ
അന്തി നിലാവിൽ
തൊഴുതു നിന്നൂ
കൃഷ്ണ മന്ത്രങ്ങളിൽ
സ്വയമലിഞ്ഞൂ...

22
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുളസിക്കതിരിൽ
അടരും അശ്രുബാഷ്പം
മൺ ചിരാതിൽ
തിരിയണച്ചു    .
ചുറ്റമ്പലങ്ങളിൽ

ഇരുൾ പരന്നു..
അപ്പോഴും ഞാൻ
നടയിൽ ഏകനായി, കൃഷ്ണാ.

23
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആൽമരം വിറകൊള്ളും
മഴക്കാല കുളിരിൽ
നടവഴിയിൽ
പ്രാർത്ഥനാ നിരതനായ്
താഴിട്ട  ശ്രീകോവിൽ
വിടവിലൂടന്നേരം
പ്രിയതരമൊരു ഗാനം
ഒഴുകിയെത്തി. .

24
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അറിഞ്ഞു ഞാനാ സ്വരം
ആ പദ നിസ്വനവും
ആ നറു പുഞ്ചിരിയും
ആ കള്ള നോട്ടവും. ..
വെള്ളിക്കൊലുസിട്ട
കാളിന്ദീ തീരംപോലെ
മനതാരിലൊക്കെയും
നൂപുര മൃദുധ്വനികൾ.
കൃഷ്ണാക്ഷരങ്ങളായ്
അവയെന്നിൽ സ്വയമലിഞ്ഞു...

25
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശ്രീകോവിൽ ശിൽപങ്ങളിൽ
കണ്ണു പൊത്തി കളിക്കുമ്പോൾ
കണ്ടു ഞാൻ, കണ്ണാ നിന്റെ
ചേലതൻ  പീതഭംഗി.... കൃഷ്ണാ.

26
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മുളംതണ്ടിൻ വേണുവിൽ
നീയൊരു
ഗാനമായ് ഒഴുകുമ്പോൾ
കണ്ടു ഞാൻ, കണ്ണാ നിന്റെ
പീലി തിരുമുടിയും.....

27
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പരൽമീൻ പിടയുന്നൊരു
കള്ളകണ്ണാൽ നോക്കും നേരം
കണ്ടു ഞാൻ, കണ്ണാ നിന്റെ
ശൈശവ കുസൃതികൾ ...

28
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുഞ്ഞിളം കാലുകളാൽ
നീ നൃത്തം ചെയ്തിടുമ്പോൾ
കണ്ടു ഞാൻ കണ്ണാ നിന്റെ
കാൽതള ഭംഗികൾ ...

29
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗോകുല ബാലരുമൊത്ത്
വെണ്ണ നീ കട്ട നേരം
കണ്ടു ഞാൻ, കണ്ണാ നിന്റെ
വൃന്ദാവന ലീലകൾ..

30
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂതനാ മോക്ഷം നൽകാൻ
മാറ് നീ ചുരന്നപ്പോൾ
കണ്ടു ഞാൻ, കണ്ണാ നിന്റെ
മായാ വിലാസങ്ങൾ .... .

31
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒഴുകും കാളിന്ദിയിൽ
ഏകനായ് തുഴഞ്ഞപ്പോൾ
കണ്ടു ഞാൻ കണ്ണാ നിന്റെ
ആശ്രിത വാത്സല്യവും ..

32
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

യശോധാ ചാരെ നീയൊരു
കുഞ്ഞായി  മയങ്ങിടുമ്പോൾ
കണ്ടു ഞാൻ കണ്ണാ നിന്റെ
അടരും  അശ്രുബാഷ്പം.... .

33
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇടറും മനസ്സാലെ
നിന്നരികിൽ നിൽക്കുമ്പോൾ
കണ്ടു ഞാൻ കണ്ണാ നിന്റെ
അനുഗ്രഹ ദർശനങ്ങൾ  ...

34
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗുരുവായൂരമ്പലത്തിൽ
ശിലപാകിയ നടവഴിയിൽ
നിശ്ചേതന രൂപനായ് ഞാൻ
കൈകൂപ്പി നിൽക്കുന്നു... .

35
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉയരുന്ന നാമ ജപങ്ങൾ

വൈകുണ്ഠ പുരിയിലാകെ
ഓളം പോൽ അലയായൊഴുകി
തീരത്തെ തഴുകുന്നു ...

36
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആത്മാവിൽ ആവാഹിച്ചൊരു
കൃഷ്ണശിലയെ ജപിച്ചു ഞാൻ
ആഴിയിലൊരു ചെറുകണമായി
അലിഞ്ഞു ചേരട്ടെ...

37
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കർപ്പൂര ചന്ദന ഗന്ധം
ശ്രീ കോവിലിൽ ഉയരുമ്പോൾ
എരിയുന്നിതെൻ മനവും
ഒരു നെയ്ത്തിരിയായ് ....

38
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വൃശ്ചിക പുലരിതൻ
കുളിരുമായെത്തുന്നു
ഗുരുവായൂർ പുരിയിൽ
ഇന്നേകാദശീ പുണ്യം..

39
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നാഴികകൾ താണ്ടി
എത്തുന്നു ഭക്തർ
ക്ഷേത്രാങ്കണം കൃഷ്ണ-
ജപങ്ങളാലലംകൃതം ..

40
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

ചുറ്റമ്പലങ്ങളിൽ
നടവഴികളിൽ, പിന്നെ
ക്ഷേത്രം വലംവയ്ക്കും
പാതയോരങ്ങളിൽ
കൃഷ്ണ നാമങ്ങളാൽ
മുഖരിതം നാടെങ്ങും..

41
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വ്രത ശുദ്ധിയാലേറ്റു
പാടുന്നു മാലോകർ
ശ്രീകൃഷ്ണ മന്ത്രത്തിൻ
ചേലുറ്റ ശീലുകൾ ..

42
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഞ്ജുളാലിൽ നിന്നും
ഒഴുകുന്ന ഭക്തർ
ദർശന പുണ്യത്തിൻ
നിർവൃതി  തേടുന്നു..

43
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദന കർപ്പൂര -
ധൂപങ്ങളാൽ എത്ര
ആത്മ പ്രസാദങ്ങൾ
പടരുന്നു ചുറ്റിലും ...

44
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സോപാനമുയരുന്ന
ശ്രീകോവിൽ നടയിൽ-
കണ്ണുനീർ മുത്തുകൾ
വീണുടയുന്നിതാ കണ്ണാ..

45
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മനസ്സിൽ പ്രതിഷ്ഠിച്ച
കൃഷ്ണ ശിലകളിൽ
ഹൃദയ പുഷ്പങ്ങളാൽ
അഭിഷേകം ചെയ്യുന്നു... .

46
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

രാവില്ല, പകലില്ല
ഉദയാസ്തമനങ്ങളില്ല
കൃഷ്ണ പുരിക്കൊരു
നിദ്രയും ഇല്ലല്ലോ...

47
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജ്വലിക്കുന്ന നെയ്ത്തിരി
ശോഭയിൽ കാണുന്നു
പുഞ്ചിരി തൂകുന്ന
കാർവർണ്ണ രൂപനെ....

48
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മനസ്സും ശരീരവും
കൃഷ്ണനിൽ അർപ്പിച്ച്
കൈ കൂപ്പി നിൽക്കുന്നു
വൈകുണ്ഠ പുരിയാകെ...

49
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദ്വാദശിയൂട്ടിൻ
മധുരം നുണഞ്ഞൊരു
പിൻയാത്ര ചൊല്ലുന്നോർ
ക്ഷേത്രാങ്കണങ്ങളിൽ...

50
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗുരുപുരിയിൽ  വാഴും
വിഷ്ണു ചൈതന്യമേ
ശ്രീ ഗുരുവായൂരപ്പാ
പ്രണാമം...

51
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്തുന്നു അടിയങ്ങൾ
നിൻ സവിധത്തിൽ
ജന്മപാപങ്ങൾ തൻ
ചുമടുമായി.... കൃഷ്ണാ...

52
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഹാനഗരിയെ
ഗോകുലമാക്കി നീ
ഗോക്കളായ് ഭക്തരിതാ
നിന്റെ ചാരെ.... കൃഷ്ണാ..

53
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പുണ്യമായ് നിറയണെ
ഞങ്ങടെ അകതാരിൽ
കർപ്പൂര ദീപമായ്
തെളിയേണമേ. ..കൃഷ്ണാ.

54
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആയിരം സൂര്യനുദിച്ചപോൽ
ജ്വലിക്കുന്ന
നിന്റെ ശ്രീകോവിലിൻ
പൊൻ പ്രഭയിൽ
കണ്ണുനീരാൽ ഞങ്ങൾ
നിൻ നാമം വാഴ്ത്തുന്നു
ആശ്രിത വത്സലാ,
വരം തരണേ.... .

55
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉദയാസ്തമന പൂജകൾ തൊഴുകാം
ചുറ്റുവിളക്കിൽ സ്വയമുരുകാം
കളഭ ചാർത്തും
കണ്ട് വണങ്ങാം
നൈവേദ്യ പുഷ്പങ്ങൾ
അർപ്പിച്ചിടാം...

56
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരുമാറിൽ ചാർത്തിയ
തുളസി കതിർമാല
ജന്മസാഫല്യമായി
മുടിയിൽ ചൂടാം... കൃഷ്ണാ..

57
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിന്റെ ഓടക്കുഴൽ നാദം
പുണ്യതീർത്ഥം പോൽ
കൈക്കുടന്നയിൽ വാങ്ങി
മനസ്സിലേറ്റട്ടെ, കൃഷ്ണാ...

58
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പകൽ സന്ധ്യക്കു
സിന്ദൂരം ചാർത്തുമീ
വേനലിൻ വിഹായസ്സിൽ
ഒരു മുളം തണ്ടിലുയ -
രുമീ പ്രേമഗാനത്തിൻ
ശ്രുതി ഭംഗിയിൽ
രാധയായ് അവതരിക്കട്ടെ
ഞാൻ, കൃഷ്ണാ

59
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഴവിൽ ചാരുതയേറും
മുടിയഴിച്ചാട്ടങ്ങൾ
ഘനമേഘക്കാറ്റിലെ
മയിൽപ്പീലിയിളക്കങ്ങളും
നിലാവിൻ കുളിരിലേ -
ക്കൊരുപദം വച്ചു മെല്ലെ
പടിയിറങ്ങുന്നു ഞാൻ
നിൻ ചാരത്തണയാൻ, കൃഷ്ണാ.

60
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കറുകനാമ്പിൽ ഉതിരും
ഹിമകണങ്ങളിൽ
തെളിയുന്നുണ്ടൊരു മുഖം
നുണക്കുഴി കുസൃതിയാൽ
കടൽക്കാറ്റിൻ സംഗീതത്താൽ
തിരയിളകും യമുനാതീരെ
മേയുന്നുണ്ടിണമാനുകൾ
കടക്കണ്ണിൽ ജലദീപമായ് ..

61
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചിറകുകളിൽ ചിത്രം തെളിയും
ശലഭങ്ങൾ മധുനുകരുമ്പോൾ
വഴിമാറും സന്ധ്യാ ചെരുവിൽ
വിരഹത്തിൻ കണ്ണീരലകൾ
വഴിനോക്കി, മുകിലാട്ടങ്ങൾ
നിഴൽതീർക്കും പുൽമേടകളിൽ

കണ്ണുകളിൽ അസ്തമയങ്ങൾ
വീഴാതെൻ യാത്രകളിനിയും

62
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മെല്ലെ തിരിഞ്ഞൊന്നു
ഭക്തരെ നോക്കിയും
പുലർകാല മഞ്ഞിൽ
നീരാഞ്ജനം ചെയ്തും
ഗുരുവായൂർ വാഴുന്ന
ശ്രീ കൃഷ്ണ സ്വാമിയേ
പുണ്യമായ് വാഴണെ
എന്നും മനസ്സിൽ ....

63
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആലില വിറകൊള്ളും
നിന്റെ പൂങ്കാവനത്തിൽ
നിർവൃതിയാൽ ഭക്തർ
പ്രദക്ഷിണം ചെയ്യുമ്പോൾ
ഉയരുന്ന ഇടയ്ക്കതൻ
സോപാന ഗീതത്തിൽ
അലിയുന്നോരായിരം
ഓംകാര മന്ത്രങ്ങൾ.....

64
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിഷ്ണുസ്വരൂപനായ് നീ
ഭൂതലം വാഴുമ്പോൾ
യമുനാ കരപോലെ
അമ്പാടി മുറ്റം പോലെ
സ്വച്ഛന്ദം മേയുന്ന
ഗോക്കളായി ഞങ്ങളിതാ
നിന്റെ ചാരെ...

65
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നെയ്ത്തിരി വിളക്കിൻ
ശോഭയിൽ നിൻ കോവിൽ
വൈകുണ്ഠമെന്ന പോലെ
ജ്വലിച്ചിടുമ്പോൾ
ചാരത്തണയുവാൻ
അനുഗ്രഹം തേടുവാൻ
പുലർകാലെയെത്തിടുന്നു
നിന്റെ ഭക്തർ....

66
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജന്മവും നീ തന്നെ
കർമ്മവും നീ തന്നെ
മൃത്യുവും നീ തന്നെ
ഞങ്ങടെ മനസ്സിലും
വിറയുന്ന നാവിലും
ഉതിരുന്ന മന്ത്രവും
നീതന്നെയല്ലോ പ്രഭോ..

67
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗുരുപുരിയിൽ വാഴുന്ന
ശ്രീകൃഷ്ണ സ്വാമിയേ
നമിക്കുന്നു ഞങ്ങളിതാ
നിൻ സവിധത്തിൽ
ജന്മ ഭാരങ്ങൾ തൻ
നറു തുളസീ ദളമായി....

68
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അറിവിലൊരമൃതാകണേ
കൃഷ്ണാ
അകതാരിൽ കനിവാകണേ !!
കൃഷ്ണാ....

69
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

നീളുന്ന യാത്രതൻ
മുൾവഴി പാതകളിൽ
പുഷ്പദളങ്ങളായ്
പുഞ്ചിരി തൂകണേ !! കൃഷ്ണാ.

70
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മുറിവേറ്റ മനസ്സിന്റെ
നോവിൻ കനലിൽ
കറുകനാമ്പിലെ
ഹിമകണമാകണേ !! കൃഷ്ണാ.

71
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചിന്തകളിൽ ഭാരം
മൺകൂന മെനയുമ്പോൾ
ഒരു കുളിർകാറ്റായ്
തഴുകിയുറക്കണേ !! കൃഷ്ണാ.

72
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നേരിന്റെ വേരുകൾ
വേനലിൽ പുളയുമ്പോൾ
ഒരു മരുപ്പച്ചയെങ്കിലും
കണ്ണിൽ തെളിയണേ !! കൃഷ്ണാ.

73
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സ്നേഹം ശിലയാകും
ഹൃദയാന്ധകാരത്തിൽ
ഒരു വേണുനാദത്തിൻ
പാലൊളി തീർക്കണേ !! കൃഷ്ണാ.

74
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓർമ്മതൻ രാവിലെ
നഷ്ടവസന്തത്തിൽ
പുസ്തകത്താളിലെ
മയിൽപ്പീലിയാകണേ !! കൃഷ്ണാ.

75
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നെഞ്ചിലെ ചില്ലകളിൽ
കൂടണയാക്കിളിക്ക്
രാവുണരുംവരെ
കൂട്ടിരിക്കേണമേ !! കൃഷ്ണാ.

76
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മനസ്സിൻ
നാലമ്പലത്തിലും
കൂമ്പിയ കൺകളിലെ
പൂജാ കോവിലിലും
അതിശയ രൂപനായി
കണ്ണന്റെ തിരുരൂപം..

77
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആകാശത്താരിലെ
കാർവർണ്ണ ഭംഗിയിലും
മുളന്തണ്ടു ചേരുന്ന
ചെഞ്ചുണ്ടിൻ ശോഭയിലും
ശാശ്വത സത്യത്തിൻ
കണ്ണന്റെ  പൊലിമകൾ ..

78
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

വെണ്ണ പോലൊഴുകുന്ന
ഹൃദയവനികയിലും
ആമ്പൽ ചിറകിലെ
ഹിമബിന്ദു നോവിലും
കണ്ണന്റെ ലീലതൻ
തിരയിളയാട്ടങ്ങൾ ...

79
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അമ്പലപ്രാവുകൾ
കൂടുമെനയുന്ന
ഗോപുര വാതിലിൻ
നിറ വർണ്ണ സന്ധ്യയിൽ
മുടിയാട്ടം ചെയ്യുന്ന
മയിൽപ്പീലി തണ്ടുകൾ ..

80
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണനീ രാവിന്റെ
പ്രാർത്ഥനാ ഗീതത്തിൽ
കുളിരുള്ള തെന്നലിൻ
നിഴൽ രാഗം തീർക്കുന്നു
ഓർമ്മയിലൊരു നിശാ -
പക്ഷിയായ് ഒഴുകുന്നു...

81
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജലധാരയുതിരും
നെറ്റിത്തടങ്ങളിൽ
വാർമുകിൽ ചേലുള്ള
തിരുമുടിയിഴകളും
കാറ്റിൽ പറക്കുന്ന
കേശഭാരങ്ങളിൽ
മയിൽപീലിയാട്ടത്തിൻ
മുകിലേറ്റു ഭംഗികൾ....

82
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലികൾ മേയുന്ന
വൃന്ദാവനത്തിലെ
പുൽനാമ്പിലുലയുന്ന
പെരുമഴ മുത്തുകൾ
കൺകോണിലാർദ്രമാം
നീർമണി തിരകളായ് ..

83
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മേഘങ്ങളലയുന്ന
ആകാശച്ചെരുവിലായ്
മിന്നൽ പുളയുന്നു
രാത്രിദീപം പോലെ
കാളിന്ദിയാറ്റിലെ
തീരച്ചുഴികളിൽ
മഴക്കോലം വരയ്ക്കുന്ന
കണ്ണന്റെ  ചിത്രങ്ങൾ...

84
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓടക്കുഴലിലെ
ഓംകാര മന്ത്രവും
മഴനൃത്തമാടുന്ന
പച്ചിലപ്പാടവും
മഴയിലേക്കടി വച്ച്
മെല്ലെയിറങ്ങുന്ന
കണ്ണന്റെ കാലിലെ
നൂപുര ധ്വനികൾ  ..

85
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അസ്തമനങ്ങൾക്ക്
ചാരുത പകരുവാൻ
മഴവില്ലിലുലയുന്നു
കണ്ണന്റെ ലീലകൾ .
പെരുമഴ പെയ്ത്തോറ്റ്

കുളിരുന്ന പ്രിയരാധ..

86
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇനിയെത്ര സന്ധ്യക്ക്
ജപമിരിക്കേണം, ഞാൻ
ഇനിയെത്ര പകലിന്റെ
വെയിലേറ്റുരുകണം
ഇനിയെത്ര രാത്രികൾ
കനൽക്കാറ്റിലലയണം
നിൻ മധുഗാനത്തിൻ
പല്ലവി കേൾക്കുവാൻ ... .

87
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇഴചുരുണ്ടീറനാം
കാർകൂന്തലിലെ
മയിലാട്ട ഭംഗിയിൽ
മാനമിരുളുമ്പോൾ
ഒഴുകുമൊരാഴിതൻ
കളകളെ നാദത്തിൽ
അമ്പാടിയുണരുന്നു
കൃഷ്ണ മന്ത്രങ്ങളാൽ...

88
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജലധാര ഉതിരും
പൊയ്കതൻ നടുവിൽ
കാൽത്തള നാദങ്ങൾ
തിരകളെ തഴുകുമ്പോൾ
ഓടക്കുഴൽ നാദം
പുൽനാമ്പിലുണരുന്നു
ക്ഷണ ഭംഗിയാലെ .... .

89
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഞാനെന്ന പഥികന്റെ
വ്യഥകൾ അകറ്റുവാൻ
വീണ്ടുമൊരാഷ്ടപദി
ഗാനം മൂളുകില്ലേ.
ശ്രീ പൊന്നു ഗുരുവായൂരിൽ
വാഴുമപ്പാ. ....

90
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇരുളൊഴുകും വഴികളിൽ
നിലാവ് പടരുമ്പോൾ
അകലെ മറയുന്നു
തിരുമുടി തിറയാട്ടം
ഒടുവിലീ രാത്രിയും
മയങ്ങി ഉണരുമ്പോൾ
ഞാൻ മാത്രമേകനായ്
കൃഷ്ണാ നിൻ സവിധത്തിൽ

91
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിശ്ശബ്ദതയുടെ
ശയന രാവിലും
ഇരുൾ പുതച്ച
കറുത്ത പക്കത്തിലും
ഉയരുന്നുണ്ടൊരു
നിലാവിൻ തെളിമയായ്
മനസ്സിലൊരു
വേണുഗാനം,

92
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൺകോണിൽ
ഒളിപ്പിച്ച പ്രേമത്തിൻ
നവരസഭാവങ്ങളിൽ
പിടയുന്നുണ്ടൊരു
നോവും ഹൃദയം
മൂകമായ്, ശാന്തമായ്
കൽപ്പിത ചിത്രങ്ങളിൽ
സ്വപ്നക്കൂടൊരുക്കി

ഏകനായ്, കണ്ണാ..

93
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

യമുനാതടങ്ങളിൽ
വിരിയും കറുകനാമ്പിൽ
തേൻ തേടുന്നൊരു
ശലഭം, വൃഥാ
കണ്ണീർ ചാലിലിളകുന്നു
ഭക്തിതൻ ഓളങ്ങൾ,

94
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചുണ്ടിൽ വിരിയും
അർത്ഥഭേദങ്ങളറിയാ-
നറു പുഞ്ചിരിയിൽ
മറന്നു പോകുന്ന
പരിഭവ വാക്കുകൾ
ഹൃദയാഗ്നിയിൽ
പേമാരിയായ് പൊഴിയും
കൃഷ്ണധാരകൾ ..

95
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സതീർത്ഥ്യ സ്നേഹത്തെ
മാറോടണച്ചിടും
വിയർപ്പിൽ
കുതിർന്നൊരു
അവിൽപൊതിയാകട്ടെ
ഞാൻ, കൃഷ്ണാ

96
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുളകളിൽ
അമൃത സംഗീത -
മൊഴുകുന്ന

നേർത്ത മുളന്തണ്ടിൻ
ഓടക്കുഴലാകട്ടെ
ഞാൻ , കൃഷ്ണാ.

97
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജലകണം തുളുമ്പും
ഹരിത ഭംഗിയുടെ
തിരുമുടിച്ചാർത്തിൻ
തുളസിക്കതിരാകട്ടെ
ഞാൻ , കൃഷ്ണാ.

98
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിത്യ വിസ്മയം തീർക്കും
ഗഗന ഭംഗിയുടെ
മാരിവിൽ ഛായയായ്
ഒന്നുതിരേണമേ, കൃഷ്ണാ ..

99
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദന കർപ്പൂര
ജ്വാലയിൽ പടരുന്ന
നറുമണമായി ഞാൻ
നിൻ പാദം പുൽകട്ടെ, കൃഷ്ണാ.

100
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വേണു നാദമുതിരും
ഗോപികാ പ്രണയത്തിൻ
കാൽത്തള കിലുക്കത്തി -
ന്നഴകായി മാറട്ടെ
ഞാൻ ? കൃഷ്ണാ.

101
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശലഭ ഭംഗിതൻ
തിരുമുടിയാട്ടത്തിൽ
മാനം കാണാത്തൊരു
പീലിത്തുണ്ടാകട്ടെ
ഞാൻ, കൃഷ്ണാ.

102
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്തു ഞാനാകണം
നിൻ തിരുനടയിൽ
ഒരു മൺതരിയായ്
നിശ്ചലമുരുകുമ്പോൾ
നിന്റെ ഹൃദയ കവാട -
ത്തിലെത്തുവാൻ
കൃഷ്ണാ...

103
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യ ചായുന്ന
നാലമ്പല മുറ്റം
ശംഖുനാദമുയരുന്ന
തൃപ്പടി സന്നിധി
കരിനീല വർണ്ണൻ,
കൃഷ്ണൻ....

104
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മോഹലീലകൾ തീർക്കുന്ന
മോഹനമായൊരു
സുന്ദര ഭൂമിയിൽ
നിറദീപ ചാർത്താൽ
വാഴുന്ന കണ്ണന്റെ
അരികിലെന്നാത്മാവിൻ
പ്രാർത്ഥനാ മന്ത്രങ്ങൾ ..

105
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓളങ്ങളുലയുന്ന
കാളിന്ദീ തീരത്തെ
കറുകനാമ്പിൻ
കുളിരാർന്ന തളിരുപോൽ
മിഴികൾ കൂപ്പി
നിൽക്കുന്നിതാ ഞാനും
നിന്റെ സ്പർശനം
ഏറ്റു മയങ്ങിടാൻ ..

106
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മണി മുഴങ്ങുന്ന
ക്ഷേത്ര കവാടത്തിൽ
അസ്തമയത്തിൻ
സിന്ദൂര വർണ്ണങ്ങൾ
ചന്ദനഗന്ധത്തിൻ
കുങ്കുമ സന്ധ്യയിൽ
പീതാംബര രൂപൻ
പുഞ്ചിരി തൂകുന്നു...

107
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വഴികൾ അനന്തമായ്
നീളുന്ന നടയിലായ്
എവിടെയെൻ
സ്ഥാനമെന്നറിയാതെയും
എപ്പോൾ നിൻ
ദർശനം നേടുവാനാകിലും
അത്രനേരം
കാത്തിരിപ്പൂ സ്വയം
ഉരുകി നീറുന്ന
ശാന്തമാം ഹൃദയമായ് .

108
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുഴലൂതും
മുകിൽ വർണ്ണനേ
അഴിമുഖ സന്ധ്യയിൽ
സൂര്യനമരുന്ന നേരം
അകതാരിലമൃതമായ്
പൊഴിയുന്നു നിൻ ഗാനം..

109
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പകലിലും രാവിലും
നിഴൽ പോയ വഴിയിലും
ഏകാന്ത യാത്രയിൽ
ഇരുൾ വീണ മനസ്സിലും
വെളിച്ചമായ് വിളക്കായ്
ജ്വലിക്കുന്നു നിൻ വദനം

110
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരുമാത്ര മാത്രം
തിരിഞ്ഞൊന്നു നോക്കുമ്പോൾ
പിന്നിട്ട വഴികളിൽ
വസന്തം പൂക്കുന്നു
മഞ്ഞ ചേലതൻ തുമ്പ്
ഒഴുകുന്നിളം കാറ്റിൽ
പീലിയിൽ പടരുന്നു
മയിലിൻ മഴനൃത്തം... .

111
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സാഗരതീരത്ത-
ലയും തിരമാലകൾ
ഒന്നിനോടൊന്നു
പുണരുന്നു പ്രണയത്താൽ
നക്ഷത്ര ദീപങ്ങൾ
ഉതിരുന്ന രാവിലൊരു
മിന്നാമിന്നിയായ്
ഞാനും നിന്നരികെയായ്..

112
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിദ്രയിൽ ഓർമ്മതൻ
നറുചേല ചുറ്റി
കണ്ണാരം പൊത്തി
കളിക്കുന്നു കണ്ണൻ!!

113
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പീലിത്തിരുമുടി
കാറ്റിൽ ഉലയുമ്പോൾ
യമുനതൻ പുളിനംപോൽ
കുളിർ കോരുന്നു!! കൃഷ്ണാ.

114
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആലില പെയ്യുന്ന
പുലർകാല വേളയിൽ
അലകളായ് ഒഴുകുന്നു
വേണു നാദം !! കൃഷ്ണാ.

115
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വെണ്ണപോൽ മൃദുലമാം
പാദങ്ങളമരുമ്പോൾ
പുല്ലിലും പൂക്കുന്നു
മുഴുവസന്തം !! കൃഷ്ണാ.

116
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒഴുകുന്ന ചുണ്ടിലെ
പ്രണയാർദ്ര ഗാനത്തിൽ

പ്രകൃതിയും
പ്രേമവിവശയായി !! കൃഷ്ണാ.

117
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കടക്കണ്ണിലൊളിപ്പിച്ച
കുസൃതിച്ചിരിയുടെ
കുങ്കുമം പടരുന്നു
കവിൾത്തടത്തിൽ!! കൃഷ്ണാ.

118
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഏകനായ്  ഞാനിതാ
അലയുന്നു ചുറ്റിലും
നെഞ്ചിലെ സ്പന്ദനം
കണ്ണൻറെ ഗാനമെന്നറിയാതെ !!

119
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തൃക്കണിക്കൊന്ന ശോഭയിൽ
നവവർഷ സ്മിതവുമായ്
മുളന്തണ്ടിലൊഴുകും
പ്രേമാർദ്ര ഗാനത്തിൻ
ഇടറാത്ത ഈണത്താൽ
നിൽപ്പൂ കാർവർണ്ണൻ
മേടവിഷു പുണ്യമായ് ..

120
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൂമ്പിയ മിഴികളിൽ പടരും
കരിമഷിപ്പാടുകൾ
വേനൽ പ്രഭാതത്തിൽ
നീലവാനിൽ അലയുന്ന
മഴമേഘ ശകലം പോൽ ..

121
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരുമുടിക്കെട്ടിനുള്ളിൽ
ജലനൃത്തംചവിട്ടുന്ന
പീലി തുണ്ടിടംകണ്ണാൽ
മറഞ്ഞു നോക്കുന്നു
ലാസ്യഭാവത്തോടെ .. .

122
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഞ്ഞ പൂഞ്ചേലയിൽ
ഇളകും നിൻ  തളിർമേനി
രാത്രിയിൽ പൂക്കുന്ന
ഇതൾ കൊഴിയും
കടലാസു സ്വപ്നം പോൽ.. .

123
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഏഴു തിരിയിൽ ജ്വലിക്കും
നിലവിളക്കിൻ ശോഭയിൽ
ആകാശ പൂത്തിരി തീർക്കുന്നു
ഓട്ടുരുളിക്കരികെ
നിശ്ചലമായൊരു കൃഷ്ണശില..

124
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുളിരായ്
വൃശ്ചിക മഞ്ഞു പെയ്യും
നാലമ്പലത്തിൻ
നടവഴിയിലൊരു
ഏഴയാം ഭക്തൻ
ഭക്തിതൻ
ആത്മാവു തിരയുന്നു..

125
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഏകാദശി വിളക്ക്
തെളിയും
ശ്രീകോവിലിൽ
ഗുരുപുരിതൻ
സൗഭാഗ്യ ദർശനമായ്
ചന്ദനച്ചാർത്തിൽ
കാർമുകിൽ വർണ്ണൻ..

126
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മണി കിലുക്കങ്ങളിൽ
ഉടൽ വിറച്ചൊരു
അമ്പലപ്രാവ്
നിവേദ്യത്തിൻ
വീതം പറ്റാൻ
കാത്തിരിപ്പുണ്ട്
ഗോപുര മുകളിൽ.. കൃഷ്ണാ.

127
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൃഷ്ണ ജപങ്ങൾ
ഉയരും
സോപാന ഭൂവിൽ
പതിഞ്ഞു കിടപ്പുണ്ടിപ്പഴും
സ്വർഗ്ഗം പൂകിയൊരു
ഗജരാജ നഖക്ഷതം
ഏകാദശി ഓർമ്മയായ്..

128
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആത്മാവിൽ
തെളിച്ചു വച്ചൊരു
നെയ്ത്തിരിയുമായ്
ഒരു ദർശനത്തിൻ

ഊഴം കാത്തിതാ
ഞാനും നിന്നരികിൽ
ഏകനായ് ..
ഏകാദശിയായ് .. കൃഷ്ണാ.

129
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉമ്മറത്തറയ്ക്കലങ്കാരമായ്
ഒരു മഞ്ഞു തുള്ളി തൻ
തലോടലേറ്റും
പൊടിപടരും കാറ്റിൽ
മുഖമൊളിപ്പിച്ചും
ചുറ്റു മതിലിൻ
സുരക്ഷയിൽ രമിച്ചും
ഒരു കുഞ്ഞു
തുളസിച്ചെടി
പുഞ്ചിരി തൂകി നിൽപ്പൂ
നടുമുറ്റത്തേകയായ്.. കൃഷ്ണാ.

130
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂജക്കെടുക്കാത്ത
പൂക്കൾ പോൽ
എൻ മനം
വിരിയാതെ അടരാതെ
വാടികരിഞ്ഞു പോയ്.. കണ്ണാ

131
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അമ്പാടി
മുറ്റത്തൊരാൽ  ചോട്ടിൽ
രാത്രി മയക്കത്തിൽ
കണ്ടു ഞാൻ നിന്നെ
പുഷ്പവൃഷ്ടിയാലൊരു
കൃഷ്ണ ശില...

132
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

ഒരു  മഴക്കോളിന്റെ
ഇടിമിന്നൽ തീർക്കുന്ന
വെള്ളിവെളിച്ചത്തിൽ
ചാരത്തിരിക്കുന്നു
കണ്ണിമ പൂട്ടാതെ ഞാൻ
ചൊല്ലുന്നു ചുണ്ടുകൾ
കൃഷ്ണാ ഹരേ കൃഷ്ണാ !

133
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലത്തിൻ മറവിയായ്
ഗതകാല പ്രൗഢികൾ
ഓർത്തങ്ങിരിക്കുമ്പോൾ
അകതാരിലെവിടെയോ
ഒഴുകുന്നുണ്ടൊരു
സാന്ദ്രസംഗീതം
*ഒരു തുളസീദളമായ്*
*പിറന്നെങ്കിലെൻ കണ്ണാ..*

134
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു ചെറുപുഞ്ചിരിയി-
ലൊളിപ്പിച്ച കുസൃതിയും
ഒരു വേണു നാദത്തി -
ലുണരും വസന്തവും
ഉടയാട ഞൊറിയും
കടലിൻ തിരക്കാറ്റിൽ
കാർമേഘരൂപൻ
പ്രണയാർദ്രഭാവത്താൽ..

135
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പീലിത്തിരുമുടിയാടിടും
നെറുകയിൽ
ഒഴുകുന്നു കളകളം
പൊഴിയുന്ന കാളിന്ദി
ഗോപികാ നീരാട്ടിനിക്കരെ
തോണിയിൽ

ഏകയായ് രാധപോൽ
ഞാൻ  കാത്തിരിപ്പൂ  കണ്ണാ ..

136
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യ മയങ്ങുന്ന
അമ്പാടി ചെരുവിലെ
മഞ്ഞുതിരുന്ന
ഈറൻ നിലാക്കാറ്റിൽ
ഒരു വേള ദർശനം
മോഹിച്ചു നിൽക്കുന്നു
പാടാൻ മറന്നൊരു
പാട്ടുമായ് ഞാനും കണ്ണാ ... .

137
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

രാക്കിളി കൂട്ടങ്ങൾ
ചിറകടിച്ചുയരുന്ന
ഏകാന്ത വഴിയിലെ
ആലില ചില്ലയിൽ
ഇരുളിലും മറയാത്ത
സുസ്മേര വദനനായ്
കണ്ണനോ പാടുന്നു
അകതാരിലൊരു ഗാനം..

138
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിരൽ സ്പർശനത്താൽ
മുളന്തണ്ടിലൊഴുകുന്ന
ഭക്തർക്ക്  മാത്രമായ്
കണ്ണൻ  തുയിൽ പാട്ട്..

139
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എഴുതീട്ടും എഴുതീട്ടും
തീരാത്ത നിൻ രൂപം

വർണ്ണങ്ങൾ ചാലിച്ച്
മുന്നിൽ തിളങ്ങുന്നു.. കണ്ണാ,

140
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുടിതാളം മുഴങ്ങുന്ന
നാലമ്പല നടവഴിയിൽ
കണ്ണിന്നു കൗതുകമായ്
ശീവേലി കാഴ്ചകളും.. .

141
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിറപറയിൽ കതിർ തെളിയും
പുന്നെല്ലിൻ നിറവോടെ
ദീപങ്ങൾ തിരി വെട്ട -
ശോഭകളാൽ ഇമ ചിമ്മി..

142
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുംഭ നിലാവ് പടരുന്ന
സന്ധ്യതൻ കവിളിണയിൽ
ചന്ദനം ചാർത്തുന്നു
ഹരേകൃഷ്ണ ധ്വനി മന്ത്രം..

143
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആലിലകൾ ആരവമായ്
ഇളങ്കാറ്റിൽ ഇളകുന്നു
കർപ്പൂര ദീപപ്രഭയാൽ
പൊൻ സൂര്യനുദിക്കും പോലെ..

144
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിഴൽ പടരും
പ്രദക്ഷിണ വഴിയിൽ
കൈകൂപ്പി നിറമനമോടെ
തൊഴുതൊഴുകി ഭക്തസഹസ്രം..

145
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിറദീപ പൂങ്കാവിൽ
അമൃതം പോൽ ചിരിതൂകി
നൈവേദ്യ പുഷ്പത്താൽ
അലംകൃതമായ്
കാർവർണ്ണൻ ...

146
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിശ്ചലം നിദ്ര -
പൊഴിയുന്നൊരു
രാത്രിതന്നന്ത്യയാമത്തിൽ
ഈറനുടുത്തങ്ങീ -
നടവഴിയിൽ ഏകനായ്
നിൽപ്പൂ ഞാൻ ... കൃഷ്ണാ.

147
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൈയിൽ
വിറ കൊള്ളും
തുളസിക്കതിരിൽ
നിന്നിറ്റു വീഴുന്നു
ഹിമകണങ്ങൾ
അശ്രുബിന്ദുപോൽ
പ്രദക്ഷിണ പഥങ്ങളിൽ..

148
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദീപാലങ്കാരങ്ങളിൽ

കണ്ണുകൾ ചിമ്മി
മെല്ലെ ഉണർന്നെണീക്കുന്നു
കണ്ണൻ,
രാത്രിതൻ വേഷഭൂഷാദികൾ
അഴിച്ചു മാറ്റി
നിലകൊള്ളുന്നൊരു
വിഗ്രഹ ശിലയായ്..

149
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാറ്റിലാടുന്ന പീലിയിൽ
ഒരു ദു:ഖഭാരം
മേഘ ശകലമായകലുന്നു
കണ്ണുകൾ കൂമ്പുന്നു
ഹൃദയമുരുകുന്നു
നിശ്ചലം ശാന്തമീ
ഗോപുര നടയിൽ ഞാൻ
ഏകനായ് നിന്നരികെ..

150
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പകലൊഴിഞ്ഞൊരു.
പ്രാർത്ഥനാ മന്ത്രത്താൽ
മുകിൽ തുടുക്കുന്നു
ആകാശ സന്ധ്യയിൽ ..

151
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദീപനാളത്തിൻ
നെയ്ത്തിരി ശോഭയിൽ
വലം വയ്ക്കുന്നുണ്ട -
കലെയൊരു മാരുതൻ ..

152
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരുമുടിയിൽ

തുളസിക്കതിരാട്ടം
ഇടം കൈയിലെ
ഓടക്കുഴൽ ചാർത്തും...

153
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശംഖുനാദം ഉയരും
മതിൽക്കെട്ടിൽ
ദീപാരാധനാ
മേളപ്പെരുക്കങ്ങൾ..

154
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നൃത്ത രാവിൻ
ചിലമ്പൊലി നാദത്തിൽ
കൃഷ്ണലീലതൻ
വായ്പ്പാട്ടൊഴുകുന്നു..

155
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദനക്കുളിർ ഗന്ധ-
ത്തിൻ അലയാലെ
ഗജരാജ ശീവേലി
പ്രദക്ഷിണ വഴികളിൽ ..

156
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശ്രീകോവിൽ ചുറ്റിലും
പ്രാർത്ഥനാ മന്ത്രങ്ങൾ
ദർശന പുണ്യത്തിൻ
ഹൃദയാർപ്പണങ്ങളും ..

157
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

പുഞ്ചിരിപ്പാലൊളി
തിരുമുഖ ശോഭയിൽ
സന്ധ്യ മയങ്ങുന്നു
വൈകുണ്ഠ പുരിയിൽ ..

158
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നെയ് വിളക്കുകൾ
വർണ്ണ സാഗരം
തീർക്കുമൊരീറൻ
സന്ധ്യയിൽ
ചന്ദന രൂപനായ്
ചന്ദ്രികാ ബിംബം പോൽ
പുഞ്ചിരി തൂകുന്നു
അമ്പാടിക്കണ്ണൻ..

159
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നേർത്ത നാദത്തിൽ
ഗോപുര വാതിൽ
മെല്ലെ തുറന്നങ്ങു
മാറുമ്പോൾ
കണ്ണിമയ്ക്കാതെ
കൈകൂപ്പി നിൽക്കുന്നു
ഭക്തി രാഗത്താൽ
നാലമ്പലം..

160
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശംഖനാദത്തിൽ
ഉയരും മന്ത്രങ്ങൾ
തുളസിക്കതിരിൽ
മഞ്ഞു തുള്ളിയായ്
അകതാരിൽ നിറയും
ആത്മനിവേദ്യങ്ങൾ
അർച്ചനാ പുഷ്പമായ്
നടവഴിയിൽ...

161
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇളം ചുണ്ടിൽ
മൃദുവായ് മുളന്തണ്ടിൻ
മധു ഗീതം
സ്വരരാഗ ശ്രുതിയാലെ
ശിശുരൂപൻ കൃഷ്ണൻ
മയിൽപ്പീലി തിറയാടി
മനസ്സിലൊരാനന്ദ
സാഗര തിരയാടി ...

162
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു ചെറുമയിൽപ്പീലി
കൈത്തലം മൂടവേ
ഒരു ചെറു പുഞ്ചിരി
ചുണ്ടിൽ വിടരവേ
ഓർത്തു ഞാൻ കണ്ണനെ
കാണാമറയത്തെ
കണ്ണനെ......

163
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശിശിര രാഗങ്ങൾ
പാടും പുഴയോരം
ഗോക്കൾ അലയുന്ന
പുൽമേട സന്ധ്യകൾ
കണ്ണിൽ ഉതിരുന്ന
അശ്രുകണങ്ങളിൽ
തെളിയുന്നു കണ്ണാ
നിൻ തിരുരൂപം..

164
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പീതാംബരങ്ങൾ
കാറ്റിൽ ഉലയുമ്പോൾ

ഓടക്കുഴലിൻ
സംഗീതമൊഴുകുമ്പോൾ
മഞ്ഞിൽ മരം കോച്ചും
ഹൃദയത്തിനാഴത്തിൽ
ചേർത്തു ഞാൻ നിൽക്കുന്നു
നിന്നെ ഞാൻ, കണ്ണാ..

165
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മൗനം പൊഴിയാത്ത
നിശബ്ദ സന്ധ്യയിൽ
ഏതോ കിനാവിന്റെ
മായാത്തൊരോർമ്മയിൽ
ഒറ്റക്കിരുന്നു ഞാൻ
തേടുന്നു, നിന്നെ
വരിക നീ കണ്ണാ,
എൻ ചാരത്തണയുവാൻ ...

166
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നീലമേഘത്തിനാഴ പരപ്പിൽ
അഗ്നിസ്ഫുരണമായ്
മിന്നൽ വലയങ്ങൾ
നനുത്ത മേനിയിൽ
ചുറ്റിപ്പിണരുന്ന
മഞ്ഞച്ചേലതൻ
ഇഴപിരികൾ പോലെ ..

167
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മാരുതൻ വീശും
ആകാശ ഗർജ്ജനം
നേർത്ത ചുണ്ടിലെ
മുളന്തണ്ടിലൊഴുകും
നിത്യ ധാരയാം
ജലമർമ്മരം പോലെ ...

168
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

താരകങ്ങളിൽ
മിന്നിമറയുന്ന
കണ്ണിറുക്കുന്ന കള്ളനോട്ടങ്ങൾ
വെണ്ണകട്ടൊരു
കണ്ണന്റെ ചുണ്ടിലെ
കുസൃതി തീർക്കുന്ന
മന്ദസ്മിതം പോലെ ...

169
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഴയാർത്തു പെയ്യും
കിഴക്കൻ മലയിലെ
കോടമഞ്ഞിൻ
കുളിർചേലക്കുള്ളിൽ
തളിർ കിളിർക്കുന്നു
മയിൽപ്പീലി പോലെ...

170
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യ മായുന്ന
ചക്രവാളങ്ങളിൽ
നാക്കിലതുമ്പിലെ
ദശപുഷ്പ ശോഭ പോൽ
ഒഴുകി നീങ്ങുന്നു
വെൺമേഘ ശകലങ്ങൾ...

171
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദിക്കറിയാത്ത
കാൽത്തള ശബ്ദത്തിൽ
കൃഷ്ണ ദർശനം
കാതോർത്തിരിക്കുന്നു
ഏകയായൊരു കോണിൽ
കനലൊടുങ്ങാത്ത
എന്റെ പ്രതീക്ഷകൾ ...

172
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എരിയുന്നു നെഞ്ചിൽ
കർപ്പൂര ദീപങ്ങൾ
അതിൽ അലിയുന്നു
എന്നിലെ ഞാനെന്ന
ഭാവങ്ങൾ, കൃഷ്ണാ

173
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒന്നും കാണാതെ ,
ഒന്നും അറിയാതെ ,
ഒന്നും ചൊല്ലാതെ
ഭക്തിയുടെ
ഗോപുരവാതിൽക്കൽ
ഭിക്ഷാംദേഹിയായി ഞാൻ

174
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പതിനായിരങ്ങളുടെ
പ്രണയ രസങ്ങളിൽ
കണ്ണുടക്കാതെ
ഹൃദയത്തിന്റെ
അനുരാഗ വർഷങ്ങളിൽ
അലിഞ്ഞു ചേരട്ടെ ഞാൻ
കൃഷ്ണാ...

175
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിലാവിന്റെ
യമുനാ തീരത്ത്
ഒഴുകിയെത്തുന്ന
സംഗീതത്തിൽ
ഒരു മുരളികയുടെ
സ്വരം മാത്രം, കൃഷ്ണാ

176
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കള്ളനെന്നു ലോകം
പഴിചൊല്ലി വിളിച്ചിട്ടും
കനലെരിയുന്ന
കരളിൽ സ്നേഹം
പകുത്തു നൽകിയില്ലേ
നീ കൃഷ്ണാ....

177
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിഷ്ഫലമായ
കാത്തിരിപ്പുകളിൽ
അകലെയൊരു
മയിൽപ്പീലി തുണ്ടിന്റെ
അകതാരിലൊഴുകുന്ന
നിശ്ശബ്ദ യാത്രികൻ ഞാൻ,...

178
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പ്രണയതീരത്തെ
പർണ്ണകുടീരത്തിൽ
കൃഷ്ണശിലകളിൽ
എന്റെ ഗാനാർപ്പണം..

179
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലത്തിന്റെ
ചുമരെഴുത്തുകളിൽ
മായാതെ കിടപ്പുണ്ട്
അനശ്വര പ്രണയമായി
നിന്നെ വരച്ചിട്ട വരികൾ ...

180
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഹിമ ബിന്ദു പൊഴിയും
മുളന്തണ്ടിൻ
ശോഭയിൽ
അധരഗീതത്തിൻ
അലകൾ പടരുന്നു ..

181
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പീലിത്തിരുമുടി
ചാറ്റൽ മഴയിൽ
കവിളിൽ അമരുന്നു
പ്രണയാർദ്രമാമൊരു
ഈറൻ ഉഷസ്സു പോൽ ..

182
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണിൽ വിടരുന്ന
ശൃംഗാര ഭാവത്തിൽ
പൂത്തങ്ങുലയുന്നു
പ്രകൃതിതൻ മേനിയും
വാസന്ത സന്ധ്യപോൽ ..

183
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കളകളം ഒഴുകുന്ന
യമുനാ നദിക്കരെ
രാധതൻ കണ്ണീരിൻ
ചുടുബാഷ്പമലിയുന്നു
വിരഹത്തിൻ ശ്രുതി പോലെ ..

184
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഏകാന്ത രാവിന്റെ

ഓർമ്മച്ചുമരിലുണ്ട്
മായാത്ത ചിത്രമായ്
കണ്ണന്റെ കുസൃതികൾ
നിദ്രയ്ക്ക് കൂട്ടായി ..

185
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പെരുമഴ പെയ്യുന്ന
ഭക്തി തൻ ഗോപുര -
തൃപ്പടിക്കരികിലായ്
നിൽക്കുന്നു ഞാനും
തുളുമ്പും  മിഴികളാൽ ...

186
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

രാവൊഴുകും കാളിന്ദിക്കരെ
നിഴലാട്ടം ചെയ്യുന്നു
നിറവായൊരു മണ്ണിൻ മനസ്സിൽ
നിശ്ചലമാം
മഴരാഗങ്ങൾ..

187
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അഷ്ടമിതൻ
ഋതുപക്കത്തിൽ
രോഹിണിയായ്
താരകമുണരും
സുകൃതത്തിൻ പുണ്യവുമായി
കണ്ണന്ന് ജന്മദിനം..

188
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുളവീണൊരു
ചെറുമുളംതണ്ടിൽ
പാരതിൽ പടരുന്നുണ്ട്

അനുരാഗ ലോചൻ തന്റെ
അധരത്തിൻ
സാഗര ഗീതം..

189
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മയിലിണകൾ നൃത്തം ചെയ്യും
മഴമേഘക്കാറിൻ കീഴെ
മുടിയിഴയിൽ പൂക്കുന്നുണ്ട്
മയിൽപ്പീലി
ചിങ്ങക്കുളിരുകൾ..

190
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉറിയാടും അകപ്പുരയറയിൽ
വെണ്ണക്കലമൂഞ്ഞാലാട്ടം
വെയിൽ ചായും
നടുമുറ്റങ്ങളിൽ
ഗോപികമാരലയുന്നുണ്ട്..

191
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യ പൂക്കും
കുന്നിൻ ചെരുവിൽ
ഏകയായിരിപ്പുണ്ട്
വഴിയറിയാതുഴലും രാധ
വഴികാക്കും
മുകിൽ വർണ്ണനെ .. കൃഷ്ണാ

192
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജലശംഖിൻ അഴകാലെ
നിറമോലും പീലിക്കതിരാൽ
കളിയാട്ടം ചെയ്യുന്നുണ്ട്
കനിവോടെ
കാർവർണ്ണൻ. . കൃഷ്ണാ

193
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മയിലാടും
കുന്നിൻ ചെരുവിൽ
മുകിൽ പൂക്കും
മാനത്തെരുവിൽ
അമ്പാടി കുസൃതികളാടി
നിറദീപ ചിരിയാൽ കണ്ണൻ

194
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരയിളകും
കാളിന്ദീക്കരെ
ജല ബിംബം തീർക്കും
ഗോപികൾ
അലയലയായ്
കണ്ണീർ വാർക്കും
വിരഹത്താൽ
ഗോപികമാരും...

195
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിര നിരയായ്
മേയും പൈക്കൾ
ചെറുപുല്ലിൻ ഗന്ധം നുകരും
ആകാശത്തേരിൽ
ഒഴുകും,
പ്രണയത്തിൻ
ശംഖൊലി നാദം

196
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിട പറയും
കാറ്റിൻ കാതിൽ
കടമിഴിയാലെഴുതും

കണ്ണൻ
അറിയാത്തൊരു
പ്രണയക്കുളിരിൻ
പറയാത്തൊരു
മാധവഗീതം.

197
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നദിയായ് മാറുന്ന
ഗുരുപുരം
അതിൽ
അലയായ് ഒഴുകുന്ന
ഭക്തരും
നിറയുന്ന കണ്ണുകളിൽ
ആശതൻ രശ്മിയായ്
പുഞ്ചിരി തൂകുന്നു
കണ്ണൻ..

198
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗോപുര വാതിൽക്കൽ
ചിറകടിയൊച്ചയായ്
അമ്പലപ്രാവിൻ
പ്രദക്ഷിണം
ശാന്തിതൻ മന്ത്രം പോൽ
കുറുകി പറക്കുന്ന
ക്ഷേത്രാങ്കണത്തിലെ
പരിചാരകർ ..

199
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിറദീപകാഴ്ചയിൽ
ഉരുകുന്നു വേദന
നറുതിരി വിളക്കിൽ
ജ്വലിക്കും നാളമായ് ..
അപ്പോൾ
മനമൊരു പൂമാല കെട്ടും
അകതാരിൽ ഒരു
വസന്തം പൂത്തുലയും..

200
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജലശുദ്ധിയാൽ ചാർത്തും
ചന്ദനക്കുറിയിൽ
വൈകുണ്ഡലോകം
പുനർജനിക്കും
കൃഷ്ണാർച്ചനകൾ തൻ
ഓംകാരമുണരും...

201
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്തിയായ് , സഹനമായ്
സ്നേഹമായ് , സഹചാരിയായ്
നവദീപ പ്രഭയിൽ
കണ്ണന്റെ തിരുരൂപം !!
ഭക്തിതൻ അലകളിൽ
സന്ധ്യ തുടുക്കുന്നു !!

202
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജപമുയരും
ഗുരുപുരി സന്നിധി
അലയാകും
ഭക്തജനങ്ങൾ ..

203
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു നോക്കിൻ
നിർവൃതിയാലെ
കടലാകും
മിഴിയിണകൾ ..

204
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

ഇതളുതിരും
തുളസിക്കതിരിൽ
ഹിമകണമായ്
നീറും നോവുകൾ..

205
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പകൽച്ചൂടിൻ
ദിശയറിയാതെ
നിര നിരയായ്
തീർത്ഥ പഥങ്ങൾ ..

206
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മേളത്തിൻ
വാദ്യപ്പെരുമകൾ
ദീപത്താൽ
ഉലയും കാറ്റുകൾ..

207
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദ്രികയായ്
ചന്ദന ബിംബം
ശ്രുതി ചേരും
കൃഷ്ണ ജപങ്ങൾ ..

208
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആകാശക്കീഴെ -
യുണ്ടൊരു
പുണ്യം പോൽ
വിഷ്ണുപുരി..

209

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പ്രാർത്ഥനകൾ
സാർത്ഥകമാകും
ഗുരുവായൂർ
സന്നിധിയവിടെ ..

210
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മുളന്തണ്ടിൽ
അമൃതായൊഴുകും
പ്രണയത്തിൻ
സ്വരരാഗങ്ങൾ ..

211
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അമ്പാടി
ഗോക്കൾ കണക്കെ,
അലയുന്നു
ഭക്തജനങ്ങൾ ..

212
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സത്യത്തിൻ
പകൽ കാഴ്ചകളിൽ
ഗോപുരമണി
ഉണരുന്നിവിടെ

213
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശ്രീകോവിൽ
നടയടയുമ്പോൾ
ചെറു പുഞ്ചിരി

തൂകും കണ്ണൻ..

214
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിറദർശന
സാഫല്യത്താൽ
വഴി പിരിയും
കൃഷ്ണാർച്ചനകൾ ..

215
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചിത്രവർണ്ണത്താ-
ലൊഴുകുന്ന
കാർകൂന്തൽ
ഹിമബിന്ദു പോൽ
ഉതിരും
കണ്ണീർക്കണം
ഹൃദയ താളത്തിൻ
ആന്ദോള രാഗത്തിൽ
കൃഷ്ണ  രാവിന്റെ
പൊഴിയാ നിലാവുകൾ .

216
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മിഴിയിലൊളിപ്പിച്ച
സ്നേഹപ്പൊരുളുകൾ
ചുണ്ടിലൂറുന്ന
കൃഷ്ണാർച്ചനകളും
കാറ്റിലുലയുന്ന
ചേലതൻ ഭംഗിയിൽ
ഒഴുകിയെത്തുന്ന
പ്രണയ സുഗന്ധങ്ങൾ ..

217
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജന്മ ബന്ധത്തിൻ
ആഴപ്പരപ്പിൽ
ആർദ്രമാകുന്ന
പരിഭവച്ചുഴികളും
സ്വപ്ന സൗന്ദര്യ -
ലാളനാ ഗീതത്തിൽ
പെയ്തു തോരുന്ന
കരിമഷി മേഘങ്ങൾ ..

218
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പീലിയാടുന്ന
തിരുമുടിക്കെട്ടിലെ
മഴവില്ലുതീർക്കും
മയൂര നൃത്തത്തിൽ
കാല ബിംബം
കാതോർത്തു നിൽക്കുന്നു
ദേവ രാഗത്തിൻ
കൈവള കിലുക്കങ്ങൾ ..

219
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യ പൂക്കും
യമുനാ നദിക്കരെ
അഴകൊഴുകും
നർത്തനാലാപത്തിൽ
മേഘരൂപനിൽ
കുളിരായ് പടരുന്നു
മോഹ  സംഗമ -
നിശ്വാസ മർമ്മരം..

220
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വരിക നീ എന്നിൽ
അറിവിൻ നീർപൊയ്കയായ്
വിജനമാമെന്റെ യാത്രയിൽ
അകലെയെൻ തോണിക്കരികിലായ്
തുഴയായ് നിൻ സാമീപ്യം
കൊതിക്കയാണിന്നു ഞാൻ, കൃഷ്ണാ

221
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലം ഏൽപ്പിച്ച മുറിവിൽ
മനമൊന്നു പിടയുമ്പോൾ
ഒരു സാന്ത്വന പൂവായി
വിരിയില്ലെ കണ്ണാ നീ

222
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തളരുന്നു ഞാനേകനായ്
യാത്രതൻ വഴിമദ്ധ്യേ
ചായട്ടെ ഞാനാ തോളിൽ
കാൽക്കൽ നമിക്കുന്ന മനസ്സുമായ്
ശിഷ്ടകാലത്തിൻ പഥങ്ങളിൽ
കാട്ടുക കണ്ണാ നേരിന്റെ പാതകൾ ..

223
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓർമ്മതൻ കുമ്പിളിൽ
പാലൊളി പുഞ്ചിരി
ഓടക്കുഴലിന്റെ
നാദവീചി ..

224
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗോക്കളുമൊത്ത് നീ
കാളിന്ദീ തീരത്ത്
ഓടിക്കളിച്ചൊരു തൃസന്ധ്യയിൽ
കണ്ടു ഞാൻ, കണ്ണാ
വാനിൽ നീ തീർത്തൊരു
കാർമുകിൽ വർണ്ണത്തിൻ
പച്ചിലക്കാടുകൾ ...

225
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂക്കളും കിളികളും
പാറിക്കളിക്കുന്ന
ഗോകുലം പോലെ നിൻ
മായാപ്രപഞ്ചം
കൂമ്പിയ കൈകകളിൽ
മെല്ലെയൊന്ന് തൊട്ടു നീ
കുസൃതി ചിരിയോടെ
നോക്കിയപ്പോൾ
എന്നിലെ ഭക്തിതൻ
സ്നേഹാശ്രു ധാരയിൽ
പുഴയായി ഒഴുകി നിൻ
വേണുനാദം

226
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദനഗന്ധത്തി-
ലാറാടി നിൽക്കുമീ
ചുറ്റമ്പലത്തിൻ
പ്രദക്ഷിണ വഴികളിൽ
നാദസ്വരത്തിൽ
ഇഴചേർന്നു നിൽക്കുന്ന
ഓംകാര മന്ത്രത്തിൻ
അലയൊലികൾ ...കൃഷ്ണാ

227
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൊടിമര ചോട്ടിലെ
കണ്ണുകൾ പായുന്നു
അടച്ചിട്ട കോവിലിൻ
തൃപ്പടിയിൽ
മെല്ലെ തുറന്നൊന്നു
തിരുരൂപം കാണുമ്പോൾ
കൃഷ്ണാ ഹരേ മന്ത്രം
എങ്ങുമുയരുന്നു ...

228
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓടക്കുഴലിന്റെ
നാദപ്രപഞ്ചത്തിൽ
യമുനാനദിക്കര
പോലെ ചുറ്റും
ഗുരുപുരമെന്നുള്ള
ഗുരുവായൂർ ക്ഷേത്രത്തിൽ
ഗോക്കളായ് ബാലരായ്
ഭക്താരവം ...

229
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിന്നിലെ ദർശനം
നേടുന്ന നേരത്ത്
മനസ്സിലെ
സംഘർഷമൊക്കെയും
മഞ്ഞായുരുകുന്നു ...

230
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരുവേള കണ്ണടച്ചൊന്നു
ഞാൻ നിന്നപ്പോൾ
അരികിലായ് കാണുന്നു
നിന്റെ രൂപം ...

231
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുളസിക്കതിർ ചൂടി
ചേലയും ചുറ്റി നീ
ദീപപ്രഭയിൽ
കുളിച്ച് നിൽപ്പൂ

232
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാണുവാൻ എത്രമേൽ
നിന്നിലെ ഭംഗികൾ

ധാരയായൊഴുകുന്ന
കൃഷ്ണമന്ത്രം

233
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സോപാന സംഗീതം
ഉയരും നടകളിൽ
നിൻ നാമമുരുവിട്ടു
ഭക്തരാം ഏഴകൾ ...

234
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ടിട്ടും കണ്ടിട്ടും
മതിവരാതന്നു ഞാൻ
കണ്ണിമയ്ക്കാതെ നിന്നെ
നോക്കി നിന്നു
കാലുകൾ പിന്തിരിഞ്ഞൊന്നു
നടക്കുമ്പോൾ
മനസ്സവിടെ നിന്നിലെ
കാൽക്കൽ വീണു....

235
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്തം ഗഗന സദൃശമീ
നടയിലൊരു രാപ്പകൽ
പുലരിതൻ കുളിരിൽ
ഈറനുടുത്ത്
തുറക്കാത്ത വാതിലിൻ
മണിയൊച്ച കാതോർത്ത് ...

236
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഭക്തിതൻ ചുറ്റമ്പലങ്ങളിൽ
ആലില കാറ്റിൽ പൊഴിഞ്ഞു
കിഴക്കോട്ടൊഴുകുന്ന
ജനപ്രവാഹം

മഞ്ജുളാൽ തറയിൽ
അലിഞ്ഞു ചേർന്നു ...കൃഷ്ണാ

237
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അടിവച്ചടിവച്ചവർ നടന്നു
നെഞ്ചിലമരുന്ന കൂപ്പുകൈയാൽ
ഉയരുന്ന  ശംഖത്തിൻ
നാദവീചി
ചന്ദനത്തോപ്പിൽ
അലിഞ്ഞു ചേർന്നു..

238
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിൻ നാമമുരുവിട്ട്
തെന്നിളം കാറ്റിൻ
ഗന്ധത്തിലാറാടി
ശയനപ്രദക്ഷിണം
ചെയ്തു ഞാൻ ചുറ്റും...

239
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്ര മധുരാർദ്രമീ
തിരുനട
നിന്റെ സവിധത്തിൽ
ഈ നിൽപ്പും
എത്ര കരുണാർദ്രം ...

240
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മിഴികൾ
കൈകൂപ്പി നിൽക്കുമ്പോൾ
അകതാരിൽ
ആത്മ സമർപ്പണം
ഹൃദയത്തിൽ
ഇടയ്ക്കതൻ തുടികൊട്ട് ..

241
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മോക്ഷമീ സാന്ദ്രഭൂമിയിൽ
സാധ്യമാകുന്നു
ആത്മശാന്തിയും
കണ്ണാ, ഒരു യാത്രക്കിനി
വഴികളിൽ കൂട്ടായി
വെളിച്ചം പകരില്ലെ നീ ..

242
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഞാനേകൻ, എന്റെ വഴികളും
വിജനം
ഗുരുവായൂർ നടയിൽ
തുടികൊട്ടും ഞെഞ്ചുമായി
ഞാൻ നിൽക്കുമ്പോൾ
പുണ്യമായ്, നിൻ കടാക്ഷം
നേരുവാൻ കൺതുറക്കുമോ
കൃഷ്ണാ നീ വീണ്ടും ??...

243
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു നിഴലായ്, നിലാവായ്
മനസ്സിൽ കുടികൊള്ളണേ
കൃഷ്ണാ
നിദ്രതൻ മാറത്ത്
മയങ്ങുമ്പോൾ
ഇരുളിൻ മേലാപ്പ്
മാറ്റണേ .. കൃഷ്ണാ

244
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്തമാം ജീവിത-
വാരിധിയൊന്നിൽ

എന്റെ നൗകയിറക്കുവാൻ
പുണ്യമായെന്നും നീ
കൂടെയുണ്ടാവണേ

245
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലം കരുതിയ
വിധിയെന്ന മാറാപ്പ്
ചുമന്നു ഞാൻ
വലയുമ്പോൾ
താങ്ങായി, തണലായി
അരികത്തു കാണില്ലേ
കൃഷ്ണാ നീയെന്നും..

246
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജയജയ കൃഷ്ണഹരേ
കൃഷ്ണ മുരാരേ ഹരേ
അമ്പല നഗരിയിൽ
അരുളും ദേവനെ
കരുണാമയനേ
കാക്കണേ, ദേവാ ..

247
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജനിമൃതിയൊക്കെയും
അറിയുന്ന ദേവനെ
മനസ്സാഴങ്ങളിൽ
മഴയായ് പൊഴിയണേ
ജയജയ കൃഷ്ണപതേ
ജന്മകൃപാമയനെ ..

248
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരുതിരപോലെ
ഒരു ഹിമകണം പോലെ
കുളിരായ് അലയായ്
മനസ്സിൽ പതിയണേ
നിന്റെ കടാക്ഷമതല്ലാതൊന്നും
അടിയന് വേണ്ട പ്രഭോ
ജയജയ കൃഷ്ണഹരേ
കൃഷ്ണ മുരാരേ ഹരേ...

249
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു ചെറു ശലഭം പോൽ
ചിറകു വിടർത്തി ഞാൻ
നിന്നനുരാഗ
തോണി തുഴയുമ്പോൾ
അലകളിൽ അലിയുന്ന
പുഴയുടെ സംഗീതം
കേട്ടു ഞാൻ ഇക്കരെ .. കൃഷ്ണാ

250
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ....

മുളന്തണ്ടിൻ മധുരമായ്
വണ്ടുകൾ മുരളുന്ന
പൂന്തോപ്പിലൊക്കെയും
നിന്റെ പാദസ്പർശം
പൈമ്പാലു തേടുന്നു
അമ്പാടി പശുക്കളും
ഗോപാല വൃന്ദവും
മനസ്സിലൊരീറൻ
മഴയായി തുളുമ്പുന്നു

251
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പാഴ്മരമായി
വീഴുകില്ലേ ഞാൻ
അവിടുത്തെ
കാരുണ്യ വർഷമില്ലെങ്കിൽ ..

252

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സ്വരം മിഴിനീരിൽ
അലിഞ്ഞൊരു ചോലയായ്
ഗമിക്കവേ
തെളിയുന്നു
കൺമുന്നിലൊരായിരം
കൃഷ്ണ വിഗ്രഹം

253
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പുഞ്ചിരി തൂകും
ഓരോ ശിലയിലും
നിന്നിലെ
കുസൃതിയൊളിപ്പിച്ച
നുണക്കുഴി പൊട്ടുകൾ
നിന്നിലേക്കൊഴുകുന്നു
ഞാനൊരു
അരുവിയായി
ആഴങ്ങളിൽ എന്റെ
ഭക്തിതൻ പ്രണാമം.

254
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓരോ ശംഖിലും
ഓരോ ഇടയ്ക്കയിലും
ഓരോ മണിയിലും
കൃഷ്ണ നാമങ്ങൾ
അലയായൊഴുകുന്നു ...

255
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അകതാരിൽ
പെയ്യുന്ന മഞ്ഞിൻ
കുളിരേറ്റ്
ചന്ദന പൊയ്കയിൽ
നീരാടി കാർവർണ്ണൻ

ആകാശ മേലാപ്പിൽ
കാർമേഘമിരുളുന്നു
കണ്ണനോ
കൺചിമ്മി
കളിയാടിടുന്നു....

256
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

യാത്രകൾ
പുലർകാലെ
തേടിയവിടുത്തെ
നിർമ്മാല്യ ദർശനം
നീളുന്ന വരികളിൽ
മുളം തണ്ടായി
നിൽക്കവേ
തിരുനട തുറന്നു ..

257
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചിരിതൂകി കണ്ണൻ
എങ്ങുമുയരുന്ന
കൃഷ്ണ മന്ത്രങ്ങളിൽ
ഒരു ഗാനപല്ലവിയായ്
ഞാനമർന്നു
ഒരു തുളസിക്കതിരായി
ഞാൻ വിടർന്നു ..

258
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിർമ്മാല്യ പൂജ
കണ്ടീല ഞാൻ
വാകച്ചാർത്തും
അറിഞ്ഞില്ല  ഞാൻ
പാലഭിഷേകവും
നെയ്യഭിഷേകവും
കണ്ടീല ഞാൻ ...

259
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നീരാട്ടിനിറങ്ങിയ
നിന്നുടൽ കണ്ടില്ല
ശ്രീകോവിൽ അകങ്ങളിൽ
നെയ്ത്തിരി കണ്ടില്ല
തുളസിമാലയും
ഓടക്കുഴലും
പീലിത്തിരുമുടിയും
കണ്ടീല ഞാൻ ...കൃഷ്ണാ

260
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഞാൻ
കണ്ടതൊക്കെയും
ആരാരുമറിയാതെ
നിന്നിലെ
കള്ളച്ചിരിയിൽ
ഒളിപ്പിച്ചു നീ കണ്ണാ

261
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒഴുകിയൊഴുകി
പുണരുമീ
യമുനയും തിരകളും
കരയുരുമ്മി
ഉമ്മ വയ്ക്കും
ജലമർമ്മരങ്ങളും ...

262
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തെളിമയാർന്ന
ജലനിരപ്പിൽ
പ്രണയമോടെ നിന്നു
ഒഴുകി നിന്നിൽ
മധുര രാഗം
രാധികാ സുഗന്ധമായ്

കുന്നിറങ്ങി
മലയിറങ്ങി
കൊലുസ്സിളക്കി  വന്നു
നിന്റെ മുന്നിൽ
ഒരു കൃഷ്ണഗാഥ പോലെ....

263
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മംഗളം മംഗളം
കൃഷ്ണാ കരിവർണ്ണാ
കാണട്ടെ നിന്നെ ഞാൻ
കൺകുളിർക്കെ
കണ്ണിമയ്ക്കാതെ
ഞാൻ നിൽക്കുന്നു
നിൻ ചാരെ ..

264
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്തേ പരിഭവം
കാട്ടുന്നു നീ
തെറ്റുകൾ
എന്നിലെ
ജന്മദോഷങ്ങളോ
നീ തരും
ജീവിത സത്യങ്ങളോ?
എന്താകിലും
നിന്നെ അറിയുന്നു
ഞങ്ങൾ
നീയല്ലാതെന്തുണ്ട്
സത്യമായ് ഭൂമിയിൽ...

265
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓർമ്മകൾക്കൊക്കെയും
ഓർമ്മക്കുറവുള്ള
ബന്ധങ്ങളൊക്കെയും
ഓർമ്മ പിശകായ
കലികാല വൈഭവ
കാലപകർച്ചയിൽ

മനസ്സിന്റെ തീരത്തൊരു
നിത്യ സാന്ത്വനമായി
തെളിയേണം നീ കണ്ണാ

266
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണാ എന്നോതി
യശോദ വിളിക്കുന്നു
കേൾക്കാതെ
നീയെന്തേ
ഓടിയൊളിക്കുന്നു ...

267
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്തിനീ കുസൃതി
പോറ്റമ്മയല്ലേ
പെറ്റമ്മപോലെ
നെഞ്ചിൽ കാത്തില്ലേ
കണ്ണാ
വെണ്ണകട്ടോടുന്ന
നിന്നിളം മേനിയിൽ
പാശങ്ങൾ
കൊണ്ടെന്തേ കളം
വരച്ചീടണം ?

268
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നീറുന്ന അമ്മതൻ
ഹൃദയത്തിലെന്നും
നീയൊരു
ഊഞ്ഞാലു കെട്ടി
കളിക്കുന്നു കണ്ണാ ..

269
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മിഴിചിമ്മി
സാന്ധ്യ താരകൾ
അമ്പാടിയുറങ്ങി
ഗോകുലപാലകരും
മയക്കത്തിലായ്
മച്ചിൽ ഉറിയിൽ
ഞാന്നു കിടന്നതാ
കണ്ണൻ

270
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വെണ്ണ കവരുന്നു
ആരുമറിയാതെ
കാണുന്നുണ്ടെല്ലാരും
നിന്റെ ഈ
വേലകൾ
കണ്ണടച്ചെല്ലാരും
നിസ്സംഗരാവുന്നു
നിന്നിലെ സ്പർശനം
നേടും ഉറിപോലും
മോക്ഷദാഹം തീർക്കും
കൃഷ്ണാ നീയറിയുന്നോ ?..

271
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദേവഭൂമിയിൽ
ശീവേലി തുടരും
പ്രദക്ഷിണ വഴികളിൽ
നേർപാത വഴിമാറി
തൊഴുതു മടങ്ങുമ്പോൾ
കണ്ടു ഞാൻ കണ്ണാ
നിൻരൂപം

272
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗജ രാജ തിടമ്പേറി
കണ്ടിട്ടും കണ്ടിട്ടും
മതിവരാതാ രൂപം
മനസ്സിലൊളിപ്പിച്ചു

ഞാൻ
മുകിൽ വർണ്ണനെ ...

273
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്ര കണ്ടാലും
പോരെന്നു തോന്നുവാൻ
നിന്റെ
മുഖമെന്തെ
ഇത്ര മനോഹരം ...
കരിമഷി നിറം
നിന്നിൽ
അലങ്കാരം തീർക്കുമ്പോൾ
അനശ്വര രൂപമായ്
അകതാരിൽ നിൻ മുഖം...

274
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്ര പൂജ
കഴിഞ്ഞാലും
എത്ര നീരാട്ടിൽ നീ
അലിഞ്ഞങ്ങു ചേർന്നാലും
കണ്ണാ
നിന്നിലെ ചാരുതയൊക്കെയും
കുസൃതി ചിരി തൂകും
വദനത്തിലല്ലോ ...

275
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആ ചിരി കാണുവാൻ
ആ മുഖം തെളിയുവാൻ
ആ കോവിൽ നടയിൽ
കൈകൂപ്പി നിൽക്കുവാൻ
ഇനിയും തരേണമേ
ഒരു നൂറു ജന്മങ്ങൾ
ഒരു മണൽത്തരിയായി
ഈ ദേവാങ്കണത്തിൽ ..

276
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണാ
മോഹപൊയ്കയിൽ
ചെന്താമരപോൽ
വിടർന്നതാ
നിൽക്കുന്നു
രാധപോൽ
ഞാൻ  നിൻ ചാരെ ...

277
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അരുവികൾ
കളകളം
ഒഴുകുന്നു താഴ്‌വാരെ
പൂവുകൾ നറുമണം
പൊഴിച്ച് നിൽപ്പൂ
തണ്ടില്ലാ താമരയിൽ
വണ്ടുകൾ മുരളുന്നു
കണ്ണനായ് ഞാനൊരു
പൂമാത്രം ബാക്കിവച്ചു ...

278
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിഷ്ണു
രൂപമായ്
ദശാവതാരമായ്
സൃഷ്ടി സ്ഥിതി
സംഹാരകാരകനായ്
പ്രപഞ്ചമൊക്കെയും
കൈവെള്ളയിൽ
അമ്മാനമാടി നീ
പരിലസിക്കുന്നു ...

279
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അറിയുന്നില്ലാരുമേ
നിന്നുടെ ചെയ്തികൾ

ഉലകങ്ങളൊക്കെയും
വ്യഥപൂണ്ടു നിൽക്കുന്നു,

280
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പർവതം വിരലിൽ
ഉയർത്തി നിന്നപ്പോഴും
കാളിയ മർദ്ദനം
ആടിത്തിമർത്തപ്പോഴും
മാനവരാശിക്ക്
സാന്ത്വനമേകി
അകലങ്ങളിൽ
അദൃശ്യനായ്
വിഹരിച്ചു നീ..

281
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണാ കണ്ണാ വാ വാ
കവിളിലൊരുമ്മ
നീ താ താ
കണ്ണാരം പൊത്തി
കളിക്കാൻ വാ
ഗോക്കളെ മേച്ചു
നടക്കാൻ വാ ..

282
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂവിലമരുവാൻ
വണ്ടായി വാ
വെയിലിൽ പറക്കുവാൻ
ശലഭമായ് വാ
മനസ്സിന്റെ
വേനലിൽ
കുളിരായി വാ
പാൽ നിലാവുള്ള
പൗർണ്ണമിയായ് വാ.. കണ്ണാ

283
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദീപം തെളിയും
തിരുനട മുന്നിൽ
മിഴികൾ കൂമ്പി
നിശ്ചലനായി
പൂജാ ദ്രവ്യം
മന്ത്ര ധ്വനികൾ
എല്ലാം മുറയായി
അർപ്പിക്കട്ടെ

284
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അഷ്ടമി രോഹിണി
നാളിലാണല്ലോ
ഭൂമിയിൽ
ദൈവപുത്രൻ
പുനർജനിച്ചു
തിന്മകൾ പെരുകിയ
ലോകത്തവൻ വന്നു
നന്മതൻ മുളങ്കോലിൽ
മുരളിയുമൂതി...

285
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദേവകീ പുത്രനായ്
നീ ജനിച്ചു
യശോദക്കൊപ്പം
വളർന്നു നീ
അമ്പാടിയിൽ
മായാ ജാലം കാട്ടി നീ
ഗോകുലത്തിൽ
മാനവർക്കൊക്കെയും
പ്രിയതോഴനായ്

286
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്റെയീ കാലുകൾ

മുന്നോട്ടായുമ്പോഴും
മനമൊരു ശിലയായി
നിൻ സവിധത്തിൽ.. കൃഷ്ണാ

287
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗുരുവായൂരിൽ
അരുളുന്ന ദേവനെ
അനുഗ്രഹം ചൊരിയണെ
ആത്മ നൈവേദ്യമായ്

288
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മനസ്സിലെ
പീലിയിൽ കാണുന്നു
നിൻ രൂപം
മുളങ്കാടിൽ
കേൾക്കുന്നു
നിന്റെ മുരളീരവം

289
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആകാശ വർണ്ണങ്ങളിൽ
കാർവർണ്ണം
തിരയുന്നു
കാണുവാൻ നിന്നെ കണ്ണാ
ഈ സന്ധ്യയിൽ

290
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചുറ്റിലും നിന്ന്
ചിരിക്കുന്നു നീയെപ്പോഴും
കാതിൽ  ഓതുന്നു നീ
മനസ്സിലെ രൂപത്തെ
കാണുവാൻ. ..?

291
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തിരുനടയിൽ
ചെറു ഉരുളിയിൽ
മഞ്ചാടിക്കുരു നിറയുമ്പോൾ
മനതാരിൽ
നിറയുന്നു
കുന്നോളം കുന്നിക്കുരുക്കൾ

292
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൈവെള്ളയിൽ
കോരിയെടുത്ത്
ചാഞ്ഞൊന്നു
തൊഴുതീടുമ്പോൾ
തിരുമോക്ഷം
നേടിയ പോലെ
അകമെല്ലാം നിറയുന്നു

293
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആകാശപരപ്പിനു കീഴെ
കുന്നിക്കുരു
ചിതറുമ്പോൾ
ഓരോ ചെറു നാദത്തിലും
നിൻ പുഞ്ചിരി പടരുന്നു...

294
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നൈവേദ്യ
ഇലയൊരുങ്ങി
തുളസിത്തളിരുകൾ
ഇളം കാറ്റിലാടി
ഉണക്കലരിയിൽ
ശർക്കര നിവേദ്യം

പാൽപായസത്തിൻ
മധുരഗന്ധം

295
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പ്രിയമായി
നിനക്കെന്നും
കുത്തരിച്ചോറും
വെണ്ണ വിളമ്പിയ
നല്ല നാക്കിലയും
ഓടി നീ എത്തുന്നു
അടച്ചിട്ട വാതിലിൽ
നിറവാർന്നൊരു
അത്താഴ പൂജ ...

296
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജന്മദിനം
കണ്ണന് ജന്മദിനം
പെരുമഴ പൊഴിയും
രാത്രിതൻ മയക്കത്തിൽ
ഭൂജാതനായൊരു
ദേവദൂതാ.. കൃഷ്ണാ

297
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സുന്ദരം മോഹനം
കൃഷ്ണ മന്ത്രാക്ഷരം
മനസ്സിൽ
ജപിക്കുമ്പോൾ
അമൃതുപോൽ തോന്നീടും
കണ്ണനായ് കൃഷ്ണനായി
കാർമുകിൽ വർണ്ണനായി
ഗോപാല ബാലകൻ

298
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂന്താന ഭക്തിയെ
നെഞ്ചോട്
ചേർത്തിട്ടും
മേൽപ്പത്തൂരിൻ അഹന്തയെ
മാറ്റിയും
കൊണ്ടും കൊടുത്തും
എല്ലാം അറിയുന്ന കണ്ണൻ

**299**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാളിന്ദിയാറ്റിൽ
ഇനിയും വരുമോ നീ
കാളീയ സർപ്പങ്ങൾ
ചുറ്റിലും പുളയുന്നു

**300**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആരുമിന്നാരും
ഉറങ്ങുകില്ല
അകതാരിൽ ആരും
മയങ്ങുകില്ല
ജന്മാഷ്ടമി പുണ്യം
നേടുവാനായി
കൈകൂപ്പി നിൽക്കുന്നു
ഭക്തരെങ്ങും

**301**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അടച്ചിട്ട വാതിലിൻ
പടിവാതിൽക്കൽ
മുട്ടി വിളിക്കുന്നു
മനംകൊണ്ട് ഭക്തർ

**302**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദീപങ്ങൾ
അലങ്കരിക്കും
അമ്പല മുറ്റത്തെ
ആൽത്തറ ശോഭയിൽ
ദേവാങ്കണങ്ങളിൽ
എത്ര മധുരമീ
വേണുനാദം നിന്റെ
എത്ര ചേതോഹരം
നിൻ തിരു ദർശനം

303
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ബാല്യത്തിലേക്കൊന്നു
തിരിച്ചു നടന്നു ഞാൻ
കണ്ണാ
നിന്നിലെ ബാല്യം
അനുഭവിച്ചറിയുവാൻ

304
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വയലിലും തൊടിയിലും
മേഞ്ഞു നടന്നു ഞാൻ
ഗോക്കളെ മേയ്ക്കുന്ന
കണ്ണനായ് മാറുവാൻ

305
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുളികഴിഞ്ഞീറൻ
മുടിച്ചാർത്തുമായി
ശയനപ്രദക്ഷിണം
ചെയ്യുവാനെത്തുന്ന
ഭക്തരിൽ ഒന്നായി
ഞാനും ലയിക്കട്ടെ

306
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓണം കഴിഞ്ഞൊരു
ആലസ്യ ഭാവത്തിൽ
അഷ്ടമിരോഹിണി
കൃഷ്ണാർച്ചന
സുകൃതമായ്
നിന്നെ ഓർത്തോർത്ത്
കഴിയുമ്പോൾ
ജന്മം ധന്യമെന്ന്
ആരോ മൊഴിയുന്നു..

307
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൃഷ്ണ ശിലാ മന്ത്ര-
അൽപാക്ഷരങ്ങളാൽ
കണ്ണനെ കാണുന്നു
മാനസ പൊയ്കയിൽ
ചെളിയില്ല, തിരയില്ല
ആഴത്തിലുള്ളൊരു
ചുഴിയില്ല പൊയ്കയിൽ

308
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണനെ കാണുവാൻ
അകക്കണ്ണ് വേണം
കണ്ണനെ അറിയുവാൻ
ഭക്തിതൻ തൃക്കണ്ണും..

309
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശൂന്യമല്ലൊന്നും
കൃഷ്ണനുണ്ടെങ്ങും
തിന്മകൾ
തേരോട്ടം ചെയ്യുന്ന
വേളയിൽ
നന്മയായി പാത
തെളിയിക്കും കണ്ണൻ

310
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉത്സവം കൊടികയറി
ക്ഷേത്രാങ്കണം
കടൽത്തിരപോലെ
അലകളായൊഴുകുന്നു
ഭക്തരെങ്ങും
അടിവച്ചടിവച്ച്
നിരനിരയായ്
കൃഷ്ണനെ കണ്ടൊന്നു
സായൂജ്യം നേടുവാൻ

311
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചെപ്പു കിലുക്കി
വാ വാ കണ്ണാ
കാൽത്തള മെല്ലെ
കിലുക്കി വാ വാ
പാലുണ്ട് തേനുണ്ട്
വെണ്ണയും പഴവുമുണ്ട്
പഞ്ചാര പ്രിയനൊരു
പാൽ പായസമുണ്ട്
ചന്ദനം ചാലിച്ച്
കുറിതൊടാൻ വാ വാ

312
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യയായ്
അമ്പിളി തെളിഞ്ഞു
ആകാശ കോട്ടയിൽ
നക്ഷത്ര രാവുകൾ
പെയ്തിറങ്ങി
ക്ഷേത്രാങ്കണം
ദീപമാലകൾ ചാർത്തി

313
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉണരുന്നതെന്തിനായ്
കണ്ണാ

നിൻ രൂപമൊന്ന്
കാണാൻ കഴിയില്ലേൽ
ഉറങ്ങുന്നതെന്തിന്
കണ്ണാ
നീ സ്വപ്നമായ്
തലോടുകില്ലേൽ
ചരിക്കുന്നതെന്തിന്
കണ്ണാ

314
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണനെ അറിയുവാൻ
ആദ്യം മനുഷ്യനെ
അറിയണം
കണ്ണനെ ദർശിക്കാൻ
ആദ്യം  സ്വന്തം
മനസ്സിനെ കാണേണം

315
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അശ്വതി പുഷ്പവും
ഭരണിതൻ ആഴവും
കാർത്തിക വിളക്കും
തിരുവാതിര കാറ്റും
തിരുവോണ സദ്യയുമല്ല
എനിക്കെന്നും
പ്രിയം കണ്ണാ
രോഹിണി നാളിന്റെ
പുണ്യരാവാണ്

316
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കദളിപ്പഴക്കുല
ചന്തത്തിലാടുന്ന
ഊട്ടുപുരയിലെ
കോണിപ്പടികളിൽ
കണ്ണനോടൊത്തു ഞാൻ
കാഴ്ച ശീവേലിക്ക്
മന്ദം നടന്നു ഞാൻ

നീങ്ങീടുന്നു

317
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സ്വപ്നത്തിലെന്നും
അദൃശ്യനായെത്തുന്ന
കണ്ണന്റെ രൂപത്തെ
ഓർത്തു നിൽക്കെ
ഓർമ്മയിൽ
ഒരു മേഘത്തുണ്ടായി
പടർന്നു കൃഷ്ണൻ..

318
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണൻ ഒരു മിഥ്യയല്ല
അത് കണ്ണുപോലെ
സത്യമാണ്
കണ്ണൻ അദൃശ്യനല്ല
അത് നിലാവുപോലെ
അനുഭവപ്പെടണം
കണ്ണൻ യോദ്ധാവല്ല
അത്
സത്യത്തിലേക്കുള്ള
തേരാളിയാണ് ...

319
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഗുരുവായൂരിൽ
ഗുരുപുരിയൊന്നിൽ
വൈകുണ്ഠത്തിൻ
വിഷ്ണുപ്രഭയായി
വാഴുന്നവിടെ
ശ്രീകൃഷ്ണ ഭഗവാൻ

320
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പൂജകളെത്ര
മുടങ്ങാതെ തൊഴുതു ഞാൻ
നാമങ്ങളെത്ര
ഉരുവിട്ട് ചൊല്ലി ഞാൻ
എന്നിട്ടുമെന്തേ നീ
അണഞ്ഞീല
എൻ ചാരെ കണ്ണാ

321
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്ര ദിനരാത്രം
കാതോർത്തിരുന്നു ഞാൻ
ഈ വഴി വരുകില്ലേ
നീയെന്നു ചിന്തിച്ച്
കാത്തിരിക്കുന്നു ഞാൻ
വഴിക്കണ്ണുമായി കണ്ണാ

322
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പാപകർമങ്ങളും
വാക്കിലെ ദോഷവും
എല്ലാം പറഞ്ഞോതി
മാപ്പിനായ് കേണു ഞാൻ
നിന്റെ പാദങ്ങളിൽ

323
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉയരുന്നു
രാവിലേക്കുയരുന്നു
അമ്പിളി
കൃഷ്ണമന്ത്രങ്ങളാൽ
ഗുരുപുരിയും

324
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അങ്കണച്ചാരെ

നീ നിൽക്കുന്നു
കുട്ടിക്കുറുമ്പുള്ള
കുസൃതി ചിരിയുമായി
ഇനിയെന്ന്
കാണുമെന്നോർത്ത്
മടങ്ങുമ്പോൾ
മനസ്സിന്റെ താഴുകൾ
തുറന്നു കണ്ണൻ ....

325
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓരോ കതിരിലും
മുക്കുറ്റി പൂവിലും
കാണുന്നു കണ്ണാ
നിൻ നൽസ്വരൂപം
എന്നെന്നും നിന്നുടെ
കാൽക്കൽ അമരുവാൻ
കണ്ണീരാൽ ചാലിച്ച
നൈവേദ്യ പുഷ്പമായ്...

326
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്തിനെന്നെ ഉണർത്തി നീ
കണ്ണാ
നിദ്രയിലെത്ര
നിൻ കുസൃതികൾ
ഞാൻ കണ്ടു
പാതി മയക്കത്തിൽ
മനസ്സിന്റെ യാത്രയിൽ
ഈരേഴു പതിനാലു
ലോകങ്ങൾ കാണുന്നു

327
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യാ ദീപങ്ങൾ
തെളിഞ്ഞു
ചക്രവാളത്തിൽ
പൊൻതിരി കെട്ടു
അമ്പല ദീപങ്ങൾ

മിഴി തുറന്നൂ
അരമണി കിലുക്കി
കണ്ണനുണർന്നു

**328**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇന്നിനി രാത്രിക്ക്
നിദ്രയില്ല
ഭക്തിതൻ നാമങ്ങൾ
മതിൽക്കെട്ടിലുയരുന്നു
കണ്ണനോ
പിറന്നാളിൻ മധുരമായ്
ഓടിനടക്കുന്നു
ബാല്യ സ്മരണപോൽ ...

**329**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൃഷ്ണ കൃപയൊഴുകി
ഞാനൊരു
പാലാഴിയായൊഴുകി
അറിവിൻ
അക്ഷരമാലകൾ
കോർത്തൊരു
നല്ലൊരു പൂമാല
എനിക്ക് നൽകീ കണ്ണൻ

**330**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മൗനരാഗങ്ങൾ
കടലാസു തോണിയായ്
കണ്ണൻ ഒരാലില
പകുത്തു തന്നൂ
കൃഷ്ണ കൃപയൊഴുകി
ഞാനൊരു
പാലാഴിയായൊഴുകി ..

**331**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അമ്പാടിയില്ല
ഗോകുലബാലകരില്ല
കാളിന്ദിയാറില്ല
ഗോപികാവൃന്ദമില്ല
എങ്കിലും കണ്ണാ
വരില്ലേ നീ
ഈ ഉഷ്ണഭൂവിൽ
വസന്തം വിരിയിക്കാൻ..

332
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണീരൊഴുകും
യമുനാ നദിപോലെ
കാളിന്ദിയാറ്റിലെ
ഓളങ്ങളെപ്പോലെ
ഗിരിശൃംഗം തഴുകുന്ന
എന്ന് വരും കണ്ണാ
സാന്ത്വന സ്പർശമായി...

333
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നീല വിഹായസ്സിൽ
കാർമേഘം പടരുമ്പോൾ
ചിരിക്കുന്ന ചുണ്ടിലും
ദുഃഖം പടരുന്നു
മറതീർക്കും ചിരിയിലേ -
ക്കാഴ്ന്നിറങ്ങുന്നു
സൂചിമുനകളാൽ
കണ്ണൻ പറയുന്ന
ജീവിത സത്യങ്ങൾ

334
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണനോട് ഓതുവാൻ
ഓർത്തുവച്ചന്നു ഞാൻ
പരിഭവ കഥകൾ
മനസ്സിൻ അകങ്ങളിൽ

കണ്ടിട്ടും കാണാതെ
കണ്ണൻ മറഞ്ഞപ്പോൾ
കഥകളും
ശൂന്യമായ് എൻ മനസ്സും

335
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആരറിയുന്നു എൻ
ചിന്തയിൽ പുഷ്പിക്കും
കൃഷ്ണതുളസി തൻ
നൊമ്പരങ്ങൾ
ആരറിയുന്നു
തണ്ടൊടിഞ്ഞെന്റെ
മയിൽപ്പീലി തുണ്ടിന്റെ
വേദനകൾ

336
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു സ്വരം മാത്രം
ഒരു നിഴൽ മാത്രം
ഒരു രൂപം മാത്രം
ഒരു ചിന്ത മാത്രം
കൃഷ്ണ നീയെന്നുള്ള
മൂന്നക്ഷരങ്ങളിൽ
നിറയുന്നു
മനമെല്ലാം

337
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓളങ്ങൾ
അലതല്ലും
യമുനാ നദിക്കരെ
കാർവർണ്ണൻ
ചിരി തൂകും
പച്ചപ്പുൽ മേടയിൽ ..

338
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണനെത്ര പേരുകൾ
എല്ലാം പേരുദോഷങ്ങൾ
എങ്കിലും കണ്ണാ
ആ കള്ളപ്പേരിലെത്ര
കുസൃതിയുണ്ട്
ആ ചെയ്തികളിലെത്ര
നന്മയുണ്ട്...

339
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആരും തുറക്കാത്ത
വാതിലിൻ മുന്നിലായി
കണ്ണന്റെ
വരവോർത്ത്
ഞാൻ കാത്തിരുന്നു
ദീപങ്ങളില്ലാതെ
പൂജകൾ ഇല്ലാതെ
നൈവേദ്യ പുഷ്പങ്ങൾ
നേർന്നിടാതെ ...

340
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണിനും
കണ്ണീരിൻ നനവിനും
ഇടയിലായി
തിളങ്ങുന്നൊരു കണമുണ്ട്
കൃഷ്ണരൂപം

341
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കിഴക്കേ ഗോപുര
നട തുറന്നു
കിഴക്കുണരും പക്ഷി
പാടി
കിഴക്കേ നടയിൽ
വളഞ്ഞു പുളഞ്ഞൊരു

അരുവിപോൽ ഭക്തർ
ഒഴുകിയെത്തി
ഗുരുവായൂർ നടയിൽ...

342
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഏതോ ഒരു മുജ്ജന്മ
പുണ്യ സുകൃതം പോൽ
ഗുരുപുരി
ഒരു കാതമകലെയായി
മാലോകരൊക്കെയും
പാടിപുകഴ്ത്തുന്ന
കണ്ണന്റെ കഥകൾക്ക്
പെരുമ ചാർത്തി ...

343
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലം വഴിമാറി
ഒഴുകുന്ന ഭൂവിലെ
കലികാല വൈഭവ
കൂത്തമ്പലങ്ങളിൽ
പായും ചുരുട്ടി ഞാൻ
നിൽപ്പുന്നു കണ്ണാ
അവസാന ബെല്ലിൻ
മണിയൊച്ച കാതോർത്ത്

344
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തൊട്ടു തലോടുവാൻ
എന്നിലുണ്ടൊരു ശില
കണ്ണാൽ തഴുകുവാൻ
എന്നിലുണ്ടൊരു ശില
അകക്കണ്ണിൽ
തീർത്തൊരു
ശ്രീകൃഷ്ണ വിഗ്രഹം..

345
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

മനസ്സേ ഉണരൂ
തുകിലുണരൂ
തുടികൊട്ടി പാടി
ഉണർന്നെണീക്കൂ
നെയ്‌വിളക്കിൻ
ശോഭയാൽ
കൃഷ്ണരൂപം
ദർശനം കാത്ത്
ചുവരിലൂഞ്ഞാലാടുന്നു ..

346
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പുഷ്പാലംകൃതം
നിന്റെ തിരുമെത്ത
ചന്ദന ലേപനം
നിൻ തിരുവദനത്തിൽ
പുഞ്ചിരിയിൽ
തെളിയും
മഴവില്ലിൻ വർണ്ണങ്ങൾ
കണ്ണിറുക്കീടുമ്പോൾ
ഇരുൾ പടരും മനസ്സിൽ
കണ്ണന്റെ നറുപുഞ്ചിരി ..

347
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓർമ്മ പൂക്കും
ഒറ്റമര ചില്ലയിൽ
മറവി മയങ്ങും
കാവിൽ തൊടികളിൽ
നിദ്ര മാറാപ്പു
ചാർത്തും
നിശാകാറ്റിൽ
കേൾക്കുന്നു
നേർത്തൊരു വേണുനാദം

348
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മധുതേടും വണ്ടുണ്ടോ
പൂവിന്റെ
ജാതകം തിരയുന്നു
പശുവുണ്ടോ
പുല്ലിന്റെ
നോവറിയുന്നു
ആരും അറിയാത്ത
ആരുമേ കേൾക്കാത്ത
നോവെത്ര ഭൂമിയിൽ
നിശബ്ദ സഹനമായ്
കണ്ണാ....

349
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സത്യയാത്രക്കൊരു
തുണ തേടേണ്ട
രാത്രിയാത്രക്കൊരു
വിളക്കും കരുതേണ്ട
മനസ്സിൻ
ജനാലയിൽ
കത്തും വിളക്കായി
ശ്രീകൃഷ്ണ രൂപം
വഴി തെളിച്ചീടുമ്പോൾ

350
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉണ്ണീ വാ വാ
കണ്ണാ വാ വാ
മിഴികളിൽ
അമൃത വർഷമായി
പൊഴിയു നീ, കണ്ണാ ..

351
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യക്കുയരുന്ന
ഭക്തി മന്ത്രങ്ങളിൽ
കണ്ണന്റെ തിരുരൂപം
ചാലിച്ചിരുന്നു ഞാൻ

ചന്ദന ഗന്ധവും
കർപ്പൂര ശോഭയും
തിരുമുന്നിൽ
അർപ്പിച്ച് കൈകൂപ്പി
നിന്നു ഞാൻ ...

352
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒന്നല്ലൊരായിരം
കൃഷ്ണ ശില തീർക്കും
എന്നും നീ
തൂകുന്ന
പുഞ്ചിരി കാണുവാൻ
ഒന്നല്ലൊരായിരം
കൃഷ്ണ മന്ത്രം ചൊല്ലും
മനസ്സിലേക്കെത്ര
അക്ഷര വെളിച്ചം
പകരുവാൻ

353
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്തി മന്ത്രത്തിൻ
അനശ്വര രൂപമേ
അറിവിൻ അഗ്നി
പടർത്തുന്ന ദേവനെ
നിറവായ്
മനസ്സിൽ കൂടിയേറണെ
കൃഷ്ണാ

354
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

രാത്രി മഴ പെയ്ത
നടവഴിയിൽ
വീണുടയുന്നു
പ്രാർത്ഥനകൾ
ഈറൻ വിരിയുന്ന
തെന്നിളം രാത്രിയിൽ
നിൻ അമ്പല മുറ്റം
മിഴികൂമ്പി നിന്നൂ ..

355
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മഞ്ജുളാലിലെ
ഗരുഡ പക്ഷിപോൽ
ചിറകു വിടർത്തുന്നു
എന്നിലെ മോഹപ്പക്ഷികൾ
പറന്നൊന്നുയരുവാൻ
അമ്പലം വലം വയ്ക്കാൻ
താഴ്ന്നു പറന്നു
നിന്നെ കൈകൂപ്പുവാൻ

356
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്തം സാന്ത്വനം
നീ പകരും
സുഖ ശീതളിമയും
കാർമുകിലിൻ
നിഴൽച്ചാർത്തും
ഒരു ചെറു വിഗ്രഹം
പണിതു ഞാൻ
അകതാരിൽ
കണ്ണാ, നിൻ നിശബ്ദ
പൂജയ്ക്കായ്

357
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓടിക്കളിക്കുവാൻ
ഗോക്കളില്ല
കണ്ണൊന്നു പൊത്തുവാൻ
കൂട്ടരില്ല
എന്റെ മനസ്സിന്റെ
പുൽമൈതാനിയിൽ
കണ്ണാ നിനക്കായി
കളിപ്പന്തൊരുക്കാം ഞാൻ..

358
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൃഷ്ണഭക്തിയാലമരുന്ന
മനമൊന്നിലും
കാണില്ല
പകയും പരിഭവങ്ങളും
കൃഷ്ണ മന്ത്രങ്ങളിൽ
ഉള്ളം നിറയുമ്പോൾ
ഊഴിയിൽ
ദേവലോകം പിറക്കും...

359
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നടയടച്ചു
പൂജകൾ കഴിഞ്ഞു
വഴിയിലേകനായ്
ഞാനുമെൻ നിഴലും
ചുറ്റമ്പലത്തിലെ
കാറ്റിലൊഴുകുന്നു
കൃഷ്ണമന്ത്രാക്ഷര
നൈവേദ്യ സുഗന്ധം..

360
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു പുഴയോളം
വലിയൊരു മുറ്റവും
ഒരു കുന്നിക്കുരുവോളം
ചെറിയൊരു കോവിലും
എന്നിട്ടും
നീ കാണുന്നു ഭക്തരെ ..

361
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓംകാരമന്ത്രത്തിൽ
ആറാടി നിൽക്കുന്ന
ക്ഷേത്ര നഗരത്തിൻ
കാൽനട പാതയിൽ
എല്ലാ മിഴികളും
എല്ലാ കരങ്ങളും

എല്ലാ അധരവും
ചൊല്ലുന്നു നിൻ നാമം ...

362
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വിശ്വപെരുമാളെ
വിശ്വാസദായകാ
ആശ്രിത വത്സലാ
ആനന്ദ മൂർത്തേ
ചെല്ലിളം കൈകളിൽ
കുപ്പിവള ചാർത്താം
നെറ്റിയിൽ നല്ലൊരു
പൊട്ടു തൊട്ടീടാം, ഞാൻ

363
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സത്യധർമത്തിൻ
ശരശയ്യ തീർക്കുന്ന
കാലമാം
ഈശ്വര കൽപ്പനയിൽ
വഴിയേതെന്നറിയാതെ
ഉഴലുന്ന ജന്മങ്ങൾ
കേണുകരയുന്നു
കൃഷ്ണാ നിൻ ചാരെ

364
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മിഴിവോടെ തെളിയുന്ന
കൃഷ്ണാക്ഷരങ്ങളിൽ
എൻ മനം കുളിർക്കുന്നു
വേനലിൻ ചൂടിലും

365
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എന്നിലേക്കെപ്പോഴോ
ദൂതുമായി വന്നു നീ
അറിയാതെ ഞാൻ
നിന്റെ നാമങ്ങളുരുവിട്ടു

366
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചേലുള്ള ചേലയിൽ
രാത്രി മയങ്ങുമ്പോൾ
നിൻ നാമം നിറയുന്നു
മനസ്സിലും ഉടലിലും

367
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ആരും പറഞ്ഞീല
ആരും അറിഞ്ഞീലാ
അകതാരിൽ
എന്റെയീ ഗാനാർപ്പണം

368
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇനിയൊരു ചുവട് മാത്രം
കരയോടടുക്കുവാൻ
ഇനിയൊരു മുത്ത് മാത്രം
മാലയിൽ കോർക്കുവാൻ
കണ്ണാ എൻ കരം പിടി-
ച്ചക്കര കടത്തേണമേ

369
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അവസാന പൂജക്ക്
അലങ്കാരമണിയുമ്പോൾ
കരിമേഘ ശോഭപോൽ
കണ്ണൻ തിളങ്ങുന്നു,
വഴികളിൽ നീളുന്ന

ഭക്തപ്രവാഹത്തിൽ
ക്ഷേത്രാങ്കണം അപ്പോൾ
അമ്പാടി മുറ്റമായ്

370
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മുരളീരവമൊഴുകും ചുണ്ടിൽ
തിരയിളകും യമുനാ പുളിനം
അതുകേൾക്കും അകതാരിൽ
ശിലപോലും ഗാനം മൂളും ...

371
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അഷ്ടമിരോഹിണി സന്ധ്യയിൽ
എന്റെ മനസ്സിലൊരു
കൃഷ്ണശിലാബിംബം
കളിയോടക്കുഴലുമായി ...

372
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കവിളിലൊരു തൂവൽ
സ്പർശനക്കുളിരാലെ
നുണക്കുഴി വിരിയുന്ന
നിൻ വെൺചിരി അലകൾ
കണ്ണാ !!!

373
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശിരസ്സിലെ മയിൽപ്പീലി -
പ്രണയ രാഗങ്ങളിൽ
കവിതകൾ നുരയുന്ന
കടൽത്തിര ഭംഗിയിൽ
കൃഷ്ണൻ .....

374
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാറ്റിലുലയുന്ന നറുചേല-
വർണ്ണങ്ങളിൽ
കൃഷ്ണതീർത്ഥക്കരയിൽ
ഗോപികാ കളിയാട്ടം
നീരാട്ടിൻ തുടികൊട്ടും

375
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ചന്ദന സന്ധ്യതൻ
ആകാശതീരങ്ങളിൽ
നക്ഷത്ര ദീപങ്ങൾ
മിഴിചിമ്മിയുണരുന്ന
കണ്ണന്റെ
പിറന്നാളിൻ  പുണ്യങ്ങൾ

376
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉറികളിൽ ഊഞ്ഞാലാടും
വെണ്ണക്കുടങ്ങളിൽ
ശൈശവ ബാല്യത്തിൻ
കാൽത്തള കിലുക്കവും
അമ്പാടി കുസൃതിയും

377
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ജന്മ സുകൃതങ്ങളിൽ
മോക്ഷ  കടാക്ഷമായ്
കണികണ്ടുണരുന്ന
ശ്രീകൃഷ്ണ ദർശനവും
നിൻ കടമിഴി നോട്ടവും.....

378
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓരോ അണുവിലും
ഓരോ ചിരിയിലും
ഓരോ മുളന്തണ്ടിൻ
നറു ശബ്ദത്തിലും
തിരിച്ചറിഞ്ഞീടുക
കണ്ണന്റെ രൂപം...

379
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മനസ്സിലെ പൂജാവിഗ്രഹത്തിൽ
ഒരു തുളസിക്കതിർമാല
ഞാനണിഞ്ഞു ..
ചന്ദനം, കർപ്പൂരം
നൈവേദ്യ പുഷ്പവും
ഭക്തിയാലർപ്പിച്ചു
കൂപ്പുകൈയാൽ..

380
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

എത്ര പദങ്ങളാലെ,
എത്ര നാമങ്ങളാലെ
എത്രയുരുവിട്ടുവെന്നും
നിന്റെ ലക്ഷാർച്ചന
മന്ത്രം...

381
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാലിലെ ചിലങ്കതൻ
കളകളനാദങ്ങൾ
കാതിനു കുളിരായി
മുളന്തണ്ടിൻ ഗീതവും
പീലിത്തിരുമുടിയിൽ
അലങ്കാര പൂക്കളും
പീതാംബരനായ്
ഗോകുലമാകെ നീ...

382
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഭ്രമണത്തിലുള്ള
ഭൂമിയും
നിശ്ചലമായൊരു
സൂര്യനും
നിഴലിൽ നിലാവായി
ചന്ദ്രനും
നക്ഷത്ര രാവിലെ
അറിയാത്ത  സത്യങ്ങൾ
കണ്ണൻ പറയാത്ത സത്യങ്ങൾ...

383
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സന്ധ്യതൻ
കുങ്കുമച്ചെപ്പിനുള്ളിൽ
ഒരു ശുഭ്രതാരം
മിഴി തുറന്നൂ ..
കാലികൾ മേയുന്ന
കാനനത്തിൽ
ഒരു വേണുനാദം
പ്രതിധ്വനിച്ചു.. കണ്ണാ !!

384
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇനിയെന്നു കാണും
ഈ വദനത്തിലെ
മായാത്ത , മറയാത്ത
പകൽ ശോഭകൾ ..
ഇനിയുമീ വഴികളിൽ
പ്രദക്ഷിണം വയ്ക്കുമ്പോൾ
ഉതിരും അധരത്തിൽ
കൃഷ്ണനാമം..

385
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

പകലൊടുങ്ങുന്നൊരു
ധനുമാസ സന്ധ്യയിൽ

തിരുവാതിരക്കുളിർ
മെല്ലെ പടരുമ്പോൾ
മിഴികളിൽ താരകൾ
മിന്നി മറയുന്ന
കൽവിളക്കിൻ തിരി-
നാളമണയുമ്പോൾ
കണ്ടു ഞാൻ കണ്ണനെ
പീതാംബരങ്ങളിൽ...

386
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വാതിൽ തഴുതിട്ട
അത്താഴ പൂജതൻ
അവസാന മന്ത്രത്തിൻ
ആദ്യാക്ഷരങ്ങളിൽ
കണ്ണുകൾ ചിമ്മി ഞാൻ
ദർശനം തേടുമ്പോൾ
ആകാശ  മുകിലുകൾ
പെയ്യാൻ വിതുമ്പുന്ന
ആർദ്ര മനസ്സിലെ
വെള്ളിടിശബ്ദങ്ങൾ
മിന്നലായ് മാറുന്നു
പെരുമഴക്കോളുമായ് ...

387
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

അനന്തമീ ജീവിതയാത്ര
അനശ്വരമീ ഭക്തിയും
അറിവിൻ ഉൾക്കാമ്പിൽ
അണയാത്തൊരു ദീപം
കൃഷ്ണ ജപങ്ങളാൽ ...

388
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉണരുമ്പോൾ ഉണ്ടെന്നരികെ
ഉണർന്നാലും കൈയകലത്തിൽ
പൂജക്കായി കൈകൂപ്പുമ്പോൾ
ചുവർചിത്ര രൂപം തീർക്കും ..

389
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു പൂജയ്ക്കുമില്ലഴക്
ഒരു മന്ത്രത്തിനുമില്ല പുണ്യവും
ഒരു നൈവേദ്യവു-
മാകില്ല ശാന്തിക്ക്
ഹൃദയ കവാടത്തിൽ
കാരുണ്യമില്ലെങ്കിൽ ..

390
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു വ്രതത്തിനുമാകില്ല
മോക്ഷത്തിൻ
ജന്മസായൂജ്യങ്ങൾ
ഹൃദയത്തിലേറ്റുവാൻ
കണ്ണന്റെ സാമീപ്യം
അരുകിലായില്ലെങ്കിൽ...

391
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓർമ്മതൻ  ഓളങ്ങൾ
അലകളായൊഴുകുന്ന
മനസ്സിൻ തീരങ്ങളിൽ
ചെമ്പകം പൂക്കുന്നു
കണ്ണന്റെ ചെറുചിരി
ചുറ്റിലും പടരുന്നു

392
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കാർമുകിൽ  കണ്ണനെ
കണ്ടു വണങ്ങിടാൻ
വഴിനീളെയെങ്ങും
നിദ്ര പൊഴിച്ചിട്ടു
കാവലിരിക്കുന്നു

393

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഓട്ടുമണിയുടെ ഒച്ചയിൽ
ഉണരുന്ന പാതി വിടർന്ന
കൂമ്പിയ കണ്ണുകൾ
താമരമൊട്ടു പോൽ
ധ്യാനഭാവത്തോടെ ..

394
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശ്രീകോവിൽ പടിയിലെ
ചിത്രരൂപങ്ങളിൽ
തൊട്ടു വന്ദിക്കുന്നു
കണ്ണീർ പൊഴിക്കുന്നു
ഏഴകൾ ഭക്തർ......

395
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മേഘരൂപനോടന്നു
ഞാൻ ചോദിച്ചു
ശ്യാമമേഘങ്ങളിൽ
എന്തു ചെയ്യുന്നു നീ ...

396
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശാന്ത നീലിമ
ചാലിച്ച കൈകളും
വേണു നാദം
പൊഴിയുന്നധരവും

397
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കുസൃതി തൂകുന്ന

കള്ളച്ചിരിയുമായ്
ഗോക്കളോടൊത്ത്
പാടി നടപ്പു നീ

398
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വെണ്ണകട്ടൊരു
മച്ചിലുറിയിലായ്
ഞാന്നു കിടപ്പതു
പൊട്ടിയ പാശങ്ങൾ

399
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

സർപ്പ താണ്ഡവം
ആടിയ കാളിന്ദി
കാൽ തളയാൽ
കിലുങ്ങുന്നു ചുറ്റിലും

400
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

മോഹമോടൊന്നരി-
കത്തണഞ്ഞപ്പോൾ
ഗോപികാ വലയത്തി-
ലേകയായ് രാധയും

401
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കണ്ണിറുക്കി നീ
പൊട്ടിച്ചിരിക്കുമ്പോൾ
മിന്നൽ പൊഴിയുന്നു
സാന്ധ്യാംബരത്തിൽ

402
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!! ...

രാധ കേഴുന്നു
യമുനാ നദിക്കരെ
ഗോകുലം വിട്ടെങ്ങു
പോയ് നീ കണ്ണാ !!

403
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഇരുൾ  വീഴും
പ്രണയത്തെരുവിൽ
കുഴലൂതും കണ്ണനെ കാത്ത്
വഴിനീളെ നോട്ടമെറിഞ്ഞ്
നിറസന്ധ്യയിൽ മാനം പൂക്കും
നക്ഷത്ര ഭംഗിനുകർന്ന്
അകലെയൊരു
മയിലാട്ടത്തിൻ
നിഴലാട്ടം നോക്കിയിരിപ്പൂ

404
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു മാത്ര ചൊല്ലുവാൻ
കാത്തു വച്ചുണ്ടൊരു
അനശ്വര ഗാനത്തിൻ
കൃഷ്ണപദങ്ങൾ
എൻ ചുണ്ടിൽ

405
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു വട്ടം കാണുവാൻ
ബാക്കിയുണ്ടിപ്പോഴും
മനസ്സിലെ മോഹത്തിൻ
ചിറകടികൾ.. കണ്ണാ

406
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു മയിൽപ്പീലിയിൽ
കൃഷ്ണ രൂപം കാണാൻ
കാത്തിരിപ്പാണു ഞാൻ
തിരുനടയിൽ .. കണ്ണാ

**407**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു നിലാപക്ഷിയായ്
തിരയുന്നെൻ മനം
വഴികളിലുതിരുന്ന
വേണുഗാനം .. കണ്ണാ

**408**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശൂന്യമാം അങ്കണത്തിൽ
ഏകനായ് ഉഴലുമ്പോൾ
ശോകമാം എൻ കണ്ണുകളി -
ലാർദ്രത നീ കണ്ടുവോ ? കണ്ണാ

**409**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

വാദ്യമില്ല, ശംഖുനാദമില്ല
ദീപമില്ല നിറക്കൂട്ടുമില്ല
ഏകനായി നീയുമെന്നെ-
പോലെയീ തിരുനടയിൽ ..

**410**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഉത്സവങ്ങൾ ആചാരങ്ങൾ
ആഘോഷത്തിൻ രാവുകളും
ഓർമ്മയായി പടിയിറങ്ങി
രോഗകാല ഭീതിയിൽ
കണ്ണാ....

**411**
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

കൃഷ്ണമന്ത്ര ധ്വനികളാൽ
യമുനപോലൊഴുകിയ
നടവരികളിലേകരായി
കൊത്തിവച്ച പ്രതിമകൾ..

412
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

നിലവിളക്കിൻ കാന്തിയിൽ
പുഞ്ചിരിക്കും നിന്റെരൂപം
നിദ്രയിൽ നിറയുന്നു
നിത്യ ശാന്തി പോലെ ..

413
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ദീപമാല ചാർത്തിയ
കൊടിമരത്തിൻ ചോട്ടിലുണ്ട്
കൃഷ്ണഗാഥ പല്ലവികൾ
അലകളായ് പടരുന്നു .

414
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

തുളസിമാല ചാർത്തി നിൽക്കും
നിന്റെ ദർശനത്തിനായി
എത്ര നേരം കാത്തുനിന്നു
വരികളിൽ വരം തേടി കണ്ണാ

415
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ശൂന്യമായ അങ്കണം പോൽ
ശൂന്യമായ മനസ്സുമായ്
ഇന്ന് നിന്റെ ചാരെയൊന്നു

കണ്ണടച്ച് ക്കുന്നു, കണ്ണാ

416
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഞ്ഞുതുള്ളിപോൽ  അലിയും
മനസ്സിൻ ഭാരമൊക്കെയും
കള്ള ചിരിയാൽ നീപകരും
സാന്ത്വനമറിയുന്നു ഞാൻ..

417
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കരിമഷി വർണ്ണവും
കരിനീല വർണ്ണവും
ചാലിച്ചെഴുതിയ
അക്ഷരക്കൂട്ടുകൾ
മുത്തായ് പവിഴമായ്
നിൻ മേനി തഴുകുമ്പോൾ
കണ്ണാ മനം കുളിർക്കുന്നു
എന്തിനോ വേണ്ടി

418
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗുരുവായൂർ ക്ഷേത്ര
ചുറ്റമ്പലത്തിലെ
ഉപദേവതകളുടെ
പ്രദക്ഷിണ വഴികളിൽ
പ്രാർത്ഥനാ നിരതരായി
ഭക്ത വ്യൂഹം

419
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വെണ്ണക്കുടങ്ങളിൽ,
മാമ്പഴ തോപ്പിലും
കണ്ണന്റെ വിരൽപ്പാടിൻ
ചിത്ര ഭംഗി .

420
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജീവന്റെ അർത്ഥം
തിരയുന്ന ലോകത്ത്
അർത്ഥഗർഭം പോലെ
കണ്ണന്റെ പുഞ്ചിരി ..

421
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇനിയെന്നു കാണും
ഈ വദനത്തിലെ
മായാത്ത , മറയാത്ത
പകൽ ശോഭകൾ .. കണ്ണാ

422
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇനിയുമീ വഴികളിൽ
പ്രദക്ഷിണം വയ്ക്കുമ്പോൾ
ഉതിരും അധരത്തിൽ
കൃഷ്ണനാമം.. കണ്ണാ

423
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇടയ്ക്ക പോലുയരുന്ന
ഹൃദയ താളങ്ങളിൽ
ആശ്വാസതീരമായ്
നിൻ സന്നിധാനം .. കണ്ണാ

424
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓരോ ചുവടിലും

അടരുന്ന മൺതരി
കൃഷ്ണാച്ചർച്ചന പോലെ
നെഞ്ചിലേറ്റും... കണ്ണാ

425
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൊന്നുടയാൽ
നറുപുഞ്ചിരി തൂകി
നൈവേദ്യ പൂജതൻ
നാമജപങ്ങളിൽ
അർച്ചനാ പുഷ്പത്തിൻ
സുഗന്ധത്തിലാറാടി
കിഴക്കോട്ട് ദർശനമേകിയമരുന്ന
ശ്രീ പൊന്നു ഗുരുവായൂരപ്പാ
പ്രണാമം.....

426
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുളസിക്കതിരിൻ
മുടിയിഴച്ചാർത്തിൽ
ചന്ദനലേപത്തിൻ
അഭിഷേക പൂജയിൽ
ശംഖൊലി ഉയരും
അമ്പലമുറ്റത്ത്
ഓംകാരമുയരും
പ്രദക്ഷിണ വഴികളിൽ
കൈകൂപ്പി നിൽക്കുന്നു ഞാൻ
കൂമ്പിയ മിഴികളാൽ ..

427
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!! ...

ഒരു ചിന്തക്കുമാകില്ല
സ്വപ്നത്തിൻ
സ്വർഗ്ഗവാതായനം
മലർക്കെ തുറക്കുവാൻ
കർമ്മ ഫലങ്ങളിൽ
കരിമഷി പടരുകിൽ ..

428
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മണിമുഴങ്ങുന്ന
ശ്രീകോവിൽ നടയിൽ
നിറദീപ ശോഭയാൽ
നെയ്ത്തിരി എരിയുന്നു
കേഴുന്ന മനസ്സിന്റെ
പ്രാർത്ഥനാ മന്ത്രങ്ങൾ
ആലില പോലെ
വിറയുന്നിളം കാറ്റിൽ ...

429
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആശ്രിതവത്സലാ
കരുണാമയനേ
അനുഗ്രഹവർഷം
ചൊരിയണെ  അകതാരിൽ
ഗുരുവായൂരിൽ വാഴും
ശ്രീകൃഷ്ണ മൂർത്തയേ .....

430
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സത്യ ബിന്ദുവിൽ
നിന്നൊരു രശ്മി നേരെ
ഭക്തി തേടുന്ന
ഹൃത്തിൻ തടങ്ങളിൽ
കരളുരുകുന്ന
നോവിന്റെ നീറിൽ
അധരം കേഴുന്നു
അതിരുകളില്ലാതെ ...

431
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശില ചിരിക്കുന്ന
ശില്പ ഭംഗിയിൽ
തിരയിളക്കത്തിൻ
ചടുല രാഗങ്ങൾ
അകത്തൊരുങ്ങുന്നു

കാഴ്ച ശീവേലികൾ
പറയെടുപ്പുകൾ
വാദ്യ മേളങ്ങളും...

432
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കരിമഷിയാലേ
നീല മിഴിത്തടം
മുകിൽ വർണ്ണന്റെ
യാത്ര ചൊല്ലലിൽ
ഗോപസ്ത്രീകൾ തൻ
വിരഹഭാവം പോൽ...

433
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ,
ഗുരുവായൂരിലമരും
നിത്യ ചൈതന്യമേ
നിൻ പാദാരവിന്ദങ്ങളിൽ
അടിയന്റെ പ്രണാമം...

434
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്നും നിൻ
സങ്കീർത്തനം പാടി ഞാൻ
ഇരവിലും പകലിലും
ഒരു സ്വാപ്പാടകനായ് ...
കണ്ണാ...

435
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നീതന്നെ  സത്യവും
നീതന്നെ മിഥ്യയും
നീ തന്നെ ജീവന്റെ
അവസ്ഥാന്തരങ്ങളും
ഋതുഭേദങ്ങൾ തീർക്കുന്ന

കാലപ്രവാഹവും
നീ തന്നെ, കൃഷ്ണാ...

436
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജപമാലയിൽ
വിരിയുന്നുണ്ടൊരു
സോപാനഗീതം
നേർവഴികാട്ടി നിൻ
വേണുഗാനങ്ങളും
തെറ്റുകൾ പറ്റുകിൽ
പൊറുത്തീടണം,
നിൻ കാൽക്കലർപ്പിക്കുന്നു .
ശിരസ്സും മനസ്സും .. കൃഷ്ണാ

437
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൊതിക്കുന്നുണ്ട്
മനമിപ്പോഴും
നിൻ അമ്പാടി കാണുവാൻ
ഗോക്കളോടൊത്ത്
ഒന്ന് കളിക്കുവാൻ
നിൻ തോഴനായി ... കണ്ണാ

438
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മനസ്സിന്റെ മോഹങ്ങൾ
വെറും തേങ്ങലാവുന്നു
പിന്നെയറിയുന്നു ഞാൻ,
നീയെല്ലാം
കാണുന്നെന്ന സത്യവും
കണ്ണാ...

439
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുലരുന്നു

പ്രഭാതങ്ങൾ,
പൊഴിയുന്നു സന്ധ്യകൾ
എല്ലാം നിൻ
വിരൽത്തുമ്പിൽ
ഞാണിലാടും
കളിപ്പാവപോലെ ... കണ്ണാ

440
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിളിക്കുന്നു നിന്നെ
ദേവകീ നന്ദനൻ,
വളർന്നു നീ, പക്ഷെ
യശോദാ സുതനായി ..

441
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാരാഗൃഹത്തിൽ
പിറന്നു നീയെങ്കിലും
പൊട്ടിച്ചു, നീ
ബന്ധനമൊക്കെയും
വിതുമ്പുന്നു ദേവകി
പുത്രവിരഹത്താൽ
നിസ്സാഹായൻ വസുദേവർ
നിയോഗം നടത്തുന്നു ....

442
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജനനം
യാത്രയാലെ,
വഴികളോ ദുർഘടം
മതിലുകൾ ചുറ്റിലും
എങ്കിലും അജയ്യൻ നീ.. കണ്ണാ

443
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാലവർഷം

തിമിർത്താടിയൊരു
കർക്കിടകരാത്രിയിൽ
താണ്ടി നീ,
പുഴകളും മലകളും
വയലേലകൾ പലതും
കണ്ണാ....

444
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വളർന്നു നീ,
അമ്പാടിയിൽ
കംസനിഗ്രഹം നിന്റെ
ജന്മ ലക്ഷ്യവുമായി..

445
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കേട്ടു ഞാൻ
നിൻ കഥകൾ
അമ്മതൻ വിരൽനുണഞ്ഞ്
കണ്ണുകളടയുന്നു
മനസ്സ് നിറയുന്നു
കൃഷ്ണമന്ത്രങ്ങളാൽ ... കണ്ണാ

446
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വെണ്ണ  കട്ടോടുന്ന
കണ്ണനെ കണ്ടു ഞാൻ
സ്വപ്നത്തിലെപ്പോഴോ
നിദ്രയൊഴിഞ്ഞപ്പോൾ..

447
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൂത്തുലയുന്ന
അമ്പാടി ദർശനം
ഗോപാല ലീലകൾ
ഗോപികാ കുസൃതികൾ..

448
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്മ വിരലുകൾ
മുടിയിലിഴയുന്നു
പുലരി വിടരുന്ന
രാത്രിതൻ അന്ത്യത്തിൽ ..

449
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നുണഞ്ഞു ഞാൻ
കണ്ണന്റെ അമൃതേത്ത്
രാവിനോ ദൈർഘ്യം
സ്വപ്നം മുറിയാതെ.....

450
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വഴിതെറ്റി അലയുന്ന
മനുഷ്യ മനസ്സിൽ
തേൻ മഴയായ്
പൊഴിയുന്നു
നിന്റെ വേദാന്തങ്ങൾ.. കണ്ണാ

451
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അലിയുന്നു
ഹിമബിന്ദുപോൽ
ഞാനെന്ന ഭാവങ്ങൾ
അറിയുന്നു
ലക്ഷ്യത്തിൻ
നേരായ മാർഗ്ഗങ്ങൾ .. കണ്ണാ

452
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

സ്വപ്നങ്ങൾ, മോഹങ്ങൾ
എല്ലാം ത്യജിക്കുകിൽ
ശാന്തമീ യാത്രകൾ
ശാശ്വതം ജീവിതം.... കണ്ണാ

453
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാർമുകിൽ പാളികൾ
ഒഴുകിനീങ്ങുന്ന
വാനിലെ സരസ്സിൽ
വേണുനാദം അലിയുന്നു
താളത്തിൽ
വിജനമായൊരു
യമുനാതടങ്ങളിൽ
സപ്തസ്വരങ്ങളാൽ
ചാലിച്ചെഴുതിയ
നീയുതിർക്കും  ഗാനവീചികൾ...

454
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഭൂമിതൻ
അഷ്ടകോണിലായെങ്ങും
പെയ്തിറങ്ങുന്നു
തുലാവർഷ മേഘങ്ങൾ
തുള്ളിയൊഴുകും
പേമാരിപോലപ്പോൾ
സർഗ്ഗഗീതം
ഒഴുകുന്നു മുളന്തണ്ടിൽ .. കണ്ണാ

455
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഏകനായ് നിൽക്കുന്നു
ഞാനീ മരച്ചോട്ടിൽ
തേടുന്നു ചുറ്റിലും
നിൻ പദനിസ്വനം .. കണ്ണാ

456
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

രോഹിണി അഷ്ടമി
സന്ധിക്കും സന്ധ്യയിൽ
മയങ്ങാൻ
മടിച്ചൊരു സൂര്യനെപ്പോലെ
കാത്തിരിക്കുന്നു ഞാൻ
ആ തിരുദിനത്തിനായി
അഷ്ടമിരോഹിണി
പുണ്യം നുകരുവാൻ...

457
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗുരുവായൂരിൽ
ദർശനം കിട്ടിയോർക്ക്
ആ ദിവ്യരൂപം
മറക്കുവാനാകുമോ, കണ്ണാ !!

458
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എത്രയോ ജീവിത
നൊമ്പരം കണ്ടു നീ
എത്ര വ്യഥകൾ
മനസ്സിലൊതുക്കി നീ
എന്നിട്ടുമെങ്ങിനെ
പുഞ്ചിരി തൂകുന്നു
കണ്ണാ നീ
അറിയില്ല ഇന്നും നിൻ
മനസ്സിന്റെ
തുറക്കാത്ത ഉള്ളറ...

459
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മോഹഭോഗാദികൾ
എല്ലാം ശമിക്കുന്നു
കണ്ണാ നിൻ തിരുനടയിൽ
കൈകൂപ്പി നിൽക്കുമ്പോൾ

460
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആരറിയുന്നു
ഗാനം പൊഴിയാത്ത
പാഴ്മുളം തണ്ടിന്റെ
വിങ്ങലുകൾ
കണ്ണാ,
നീയറിയുന്നുവോ
എന്നിലെ
നിനക്കായി നേരുന്ന
നിത്യ പുഷ്പാർച്ചന ...

461
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വാനിൽ മുഴങ്ങുന്ന
മേഘരാഗങ്ങളിൽ
സായൂജ്യമാകുന്നു
നിന്റെ ചിലമ്പൊലി .. കണ്ണാ

462
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വാചാലമാകുന്ന
മൗനത്തിൻ
പടിവാതിലിൽ
ഗീതം പൊഴിക്കുന്ന
ഒരു മുരളികയുണ്ട്
അതിലൂടെ കാണണം
അതിലൂടെ കേൾക്കണം
കണ്ണൻ
മനസ്സിൽ വിരിയിക്കും
നവരസങ്ങൾ...

463
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സന്ധ്യാംബരത്തിൻ
മഴമേഘക്കൂരയിൽ

ചന്ദനവർണ്ണത്താൽ
ചെങ്കതിർ ശോഭകൾ
അമ്പലക്കോവിലിൻ
തൃപ്പടി ചാരെയായ്
ചന്ദനം ചാർത്തിയ
ഭക്തവൃന്ദങ്ങളും ...

464
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രാവുകൾ കുറുകുന്ന
കൊടിമരച്ചോട്ടിലായ്
ശയന പ്രദക്ഷിണ
പ്രാർത്ഥനാ രൂപികൾ ..

465
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശംഖനാദത്തിൻ
അലയൊലിക്കൊപ്പം
അവതാര രൂപൻ
കണ്ണന്ന് ആറാട്ട് ..

466
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഞ്ഞപ്പട്ടിൻ
ഞൊറിയുടയുന്നു
കാൽത്തള നാദം
അലയാടുന്നു
പുഞ്ചിരി തൂകും
ചെഞ്ചുണ്ടിൽ ഒരു
വെണ്ണപ്പാടം
പൂത്ത് തളിർത്തു...

467
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നീണ്ടുകിടക്കും
ചെമ്മൺ പാതയിൽ

ഉതിരുന്നുണ്ട്
വേനൽ മുത്തുകൾ ...
സങ്കടകടലുകൾ
വൻതിര തീർക്കും
അഴിമുഖ തീരം
ഭക്ത മനസ്സുകൾ ...

468
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാലം തെറ്റിയ
കാഴ്ച വിളക്കിൽ
എണ്ണ പകർന്നു
കൃഷ്ണ ധ്വനികൾ .
പാപ പുണ്യങ്ങൾ
ശൂന്യമായ് ഹൃത്തിൽ ..

469
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വദന ഭംഗിയിൽ
ദേഹ കാന്തിയിൽ
മുടിയിഴയിലെ
കരിമഷികൂട്ടിൽ
ചമഞ്ഞു  നിൽപ്പുണ്ട്
ചിരി മറയാതെ
അകം നിറഞ്ഞൊരു
ശ്രീകൃഷ്ണ വിഗ്രഹം ...

470
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുഷ്പ ഹാരത്തിൻ
സുഗന്ധ മായയിൽ
ചന്ദനത്തിൻ
ഭക്തി ശോഭയിൽ
എരിഞ്ഞു കത്തുന്ന
നിലവിളക്കിൻ മുന്നിൽ
സ്നേഹദീപമായ്
കാർമുകിൽ വർണ്ണൻ ...

471
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആൽമര  ചോട്ടിൽ
ഉതിർന്നു വീഴുന്ന
ശിശിര പക്ഷത്തിൻ
കാല സത്യങ്ങൾ
ചുറ്റമ്പലവഴി
ധന്യമാവുന്നു
ദേവ പ്രദക്ഷിണ
ശീവേലി മേളത്തിൽ...

472
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചിത്രാംബരത്തിൻ
ശൂന്യതയിൽ
രാപ്പക്ഷി പാടും
നിഴൽ നിലാവിൽ
കൃഷ്ണ നാമങ്ങളാൽ
ദീപങ്ങൾ ഇളകുമ്പോൾ
ശംഖ് മുഴങ്ങുന്ന
കൽമതിൽ ചുവരുകൾ
നമ്ര ശിരസ്സാലെ
കൈകൂപ്പി നിൽക്കുന്നു....

473
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രാവുകൾ കുറുകുന്ന
ക്ഷേത്രക്കുളത്തിലെ
ജലധാരയന്ത്രങ്ങൾ
കണ്ണീർ പൊഴിക്കുന്നു
നീരാട്ടിനെത്തിയ
ഗോപികാ സ്ത്രീകളും
കണ്ണന്റെ കാലൊച്ച
കാതോർത്ത്  നിൽപ്പൂ ..

474
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അഭിഷേക പൂജയിൽ

കണ്ണൻ നനഞ്ഞിട്ടും
ചന്ദന കർപ്പൂര
ഗന്ധം പടർന്നിട്ടും
മിഴികൂമ്പിയിക്കരെ
ഒന്നുമറിയാതെ ഞാനും...

475
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിശ്ചലം നിദ്രപടരും
മുഖബിംബമായി
അത്താഴ പൂജയിൽ
നൈവേദ്യമുൾക്കൊണ്ടും
നീരാർച്ചനയിൽ
മുങ്ങിനിവർന്നും
കൽമണ്ഡപത്തിൽ
പുഞ്ചിരിമായാതുണ്ടൊരു
ശ്രീകൃഷ്ണശില
കിഴക്കോട്ടു ദർശനം നൽകി.....

476
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പാപമോക്ഷങ്ങൾക്ക്
പ്രാർത്ഥനാ മന്ത്രംചൊല്ലി
കണ്ണീരു വാർക്കുന്നുണ്ട്
പലമുഖങ്ങൾ, തിരുനടയിൽ
അടഞ്ഞും തുറന്നും
ശ്രീകോവിൽ പാളികൾ
കണ്ണാരം പൊത്തുമ്പോൾ
അക്ഷമരായ്, കൈകൂപ്പി
നിൽക്കുമേഴകൾ
അവസാന മണിമുഴങ്ങും
മുന്നെയൊരു
ദിവ്യദർശന സായൂജ്യം തേടി......

477
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനന്ത സത്യത്തിൻ
അവിൽപ്പൊതി പോലെ
മറന്നു പോയൊരാ

മോഹ യാത്രയും
വിയർപ്പ് തീണ്ടിയ
മടിക്കിഴികളും....കൃഷ്ണാ

478
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കളവറിയാത്ത
ബാല്യകാലത്തിന്റെ
കനലുരുകുന്ന
ഓർമ്മപ്പിശകുകൾ.. കൃഷ്ണാ

479
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിത്യ ദാരിദ്യത്തിൻ
ജൻമ ശാപങ്ങൾ
പാപ ദു:ഖമായ്
വേട്ടയാടുമ്പോൾ
ഓടി വന്നിട്ടു -
മാറോടു ചേർക്കുവാൻ
യാത്ര ഇനിയെത്ര
ബാക്കിയുണ്ടീശനെ...

480
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രഭാത കിരണത്തിൻ
ശുഭ്രശോഭയിൽ
മലകളുണരുന്ന
കീർത്തനാലാപത്തിൽ
കദളിപ്പഴത്തിൻ
മധുരാർച്ചനയിൽ
ഗുരുവായൂർ പുരം
ഭക്തിയിൽ ആറാടി ...

481
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

താമര ഇതളിലെ

ഹിമബിന്ദു  പോലെയും
മയിൽപ്പീലി തുമ്പിലെ
മുടിയാട്ടം പോലെയും
ഓംകാര ധ്വനി
അലകളായ് പടരുന്നു ...

482
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അവിൽ, മലർ, ശർക്കര
നെയ്യഭിഷേകങ്ങൾ
പുഷ്പാർച്ചനകളുടെ
മന്ത്രാരാധനകൾ
കൊതിയേറും അരികിലൊ -
ന്നണഞ്ഞീടാൻ, കണ്ണന്റെ
അരികിലായ് നിന്നൊന്നു
വന്ദിച്ചു വണങ്ങീടാൻ..

483
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വഴിനീളെ മുകിൽപാടം
നിഴലോളം നിരനിരയായ്
കതിരാടും പാടവരമ്പിൽ
ഗോക്കളുമായ് നീങ്ങുന്നുണ്ട്
ഒരുപറ്റം ഗോപാലകരും
കുഴലൂതും കാർവർണ്ണനും

484
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നീരാട്ടിൻ കുളിരോളങ്ങളിൽ
ഗോപികമാർ കടവത്ത്
തുടികൊട്ടി പാടുന്നുണ്ട്
കളിചിരികൾ മുഴങ്ങുന്നുണ്ട്
കുസൃതിക്കല വിടരും പ്രണയം
മിഴിമുനയിൽ പൂക്കുന്നുണ്ട്  ..

485
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജലരാഗം ഉയരുന്നുണ്ട്
കാറ്റലയും വയലുകളിൽ
ഘനമേഘക്കാറിന്  കീഴെ
മയൂഖ ചിറകടിയൊച്ചകൾ
മുളന്തണ്ടിൽ അമൃതം ചൊരിയും
ആനന്ദക്കടലായ് കണ്ണൻ....

486
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അവതാര പൂരുഷൻ
സ്ഥിതിലയകാരകൻ
സൃഷ്ടി സംഹാരത്തിൻ
അകം പൊരുളറിഞ്ഞവൻ

487
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഈരേഴു ലോകങ്ങളിൽ
ശാന്തിതൻ ദൂതനും
ദേവലോകത്തിൽ
ധർമ്മത്തിന്നധിപനും

488
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

താമരയിതളിൽ
ശയന സുഖം തേടും
നീല ജലാശയത്തിൽ
തൃലോക രക്ഷകൻ

489
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുഞ്ചിരി മാഞ്ഞൊരു
നിമിഷമില്ലാ , ചുണ്ടിൽ
കരുണ വെടിഞ്ഞൊരു
ഹൃദയവുമില്ലാ , നിന്നിൽ. . .

490
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിളക്കുകൾ തെളിയുന്ന
ദീപാരാധനാ വേളയിൽ
ത്രിസന്ധ്യ മയങ്ങും
വേനലിൻ കനൽചൂടിൽ
അഷ്ടപദി ഗീതം
ഹൃദയത്തിൽ കുളിരായി
ഭക്തിതൻ ആന്ദോളനം
മനസ്സിൽ വിശുദ്ധിയായി...

491
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓരോ തിരിയിലും
എരിയുന്നു പാപങ്ങൾ
തുറക്കുന്നു ചുറ്റിലും
മോക്ഷകവാടത്തിൻ
വാതിൽപ്പാളികൾ ..
അടയുന്ന മിഴികൾക്കും
കൂപ്പുന്ന കൈകൾക്കും
ഇടയിലായുണ്ടൊരു
കൃഷ്ണശിലാരൂപം...

492
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രണയം കൊണ്ടെഴുതിയ
കഥയാണ് കണ്ണൻ
നേരിൻ മുളന്തണ്ടി -
ന്നമൃതാണ് കണ്ണൻ
വേർപാടിൻ നോവിന്റെ
പ്രതിരൂപം കണ്ണൻ
വിധിയെന്ന സങ്കൽപ്പ-
മൺചിരാതും കണ്ണൻ..

493
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉരുകുന്ന മനസ്സിലെ
കുളിർമഴയല്ലോ കണ്ണൻ
പിടയുന്ന നെഞ്ചിലെ
സാന്ത്വനവും കണ്ണൻ

**494**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വഴിതെറ്റും പതിതർക്ക്
വഴിവിളക്കും കണ്ണൻ
കരയുന്ന മിഴികൾക്ക്
ആശ്രയവും കണ്ണൻ..

**495**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കരിനീലക്കണ്ണഴകേ
മയിൽപ്പീലി തുണ്ടഴകേ
മാനസ സരസ്സിൻ
നീല നിലാ പൊയ്കയിൽ
ജലഗീതം പാടുന്ന
കാർമുകിൽ വർണ്ണനേ .

**496**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കളിചിരി മറയാത്ത
കവിൾ തടത്തിലെ
നുണക്കുഴി ഭംഗിയിൽ
ജലധാര ഒഴുകുന്നു.. കൃഷ്ണാ

**497**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉഷസൂര്യകിരണങ്ങൾ
കുങ്കുമം ചാലിച്ച
അമ്പലവാനിൽ
പുലർ ശോഭ പടരുന്നു . കൃഷ്ണാ

498
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അർച്ചനാ പുഷ്പം തരാം
നൈവേദ്യ ഫലവും തരാം
ഈറൻ മുടിച്ചുരുളിൽ
ചൂടുവാൻ ഒരു നല്ല
മയിൽപ്പീലി പൂവും തരാം..
കൃഷ്ണാ...

499
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നെറ്റിയിൽ ചാർത്തുവാൻ
കളഭ കുംഭം തരാം
മേനിയിലണിയുവാൻ
മഞ്ഞപ്പട്ടും തരാം
വാരി നുണയുവാൻ
വെണ്ണക്കുടം തരാം
നർത്തനമാടുവാൻ
കാളിന്ദി പുഴയും തരാം.. കൃഷ്ണാ

500
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിന്റെ ജലകേളിയിൽ
അമ്പാടിയുണരുമ്പോൾ
കൃഷ്ണ മന്ത്രങ്ങളാൽ
അഭിഷേക തീർത്ഥം തരാം..

501
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുലാഭാരത്തട്ടിലുണ്ടെന്റെ
ജീവിത ഭാരത്തിൻ
നാലണത്തുട്ടുകൾ .. കൃഷ്ണാ

502
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശയന പ്രദക്ഷിണ
വഴികളിലുണ്ടെന്റെ
വിയർപ്പിറ്റു വീണ
പകൽയാത്രാ നോവുകൾ.. കൃഷ്ണാ

503
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തൊഴുകൈയിൽ
വിടരുന്ന
നടുവിരൽ ചേർച്ചയിൽ
സഹന സത്യത്തിന്റെ
വിരലടയാളങ്ങൾ .. കൃഷ്ണാ

504
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചുണ്ടിൽ വിടരുന്ന
നാരായണ മന്ത്രം
ആശ്രയം തേടുന്ന
ആത്മ നൈവേദ്യങ്ങൾ ..

505
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നെയ്യിൽ ജ്വലിക്കുന്ന
കരിവിളക്കിൻ തിരി
സ്വപ്നങ്ങളണയാത്ത
സാന്ത്വന ദീപങ്ങൾ .. കൃഷ്ണാ

506
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു പുഞ്ചിരി പുഴയാകും

പുഴയിൽ ഒരു
പുലർ രാഗം,
ആകാശ ഗോപുര -
മുകളിൽ കണ്ണന്റെ
നക്ഷത്ര കൊട്ടാരം...

507
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശ്രീകോവിൽ
നടയിങ്കൽ
കൃഷ്ണാർച്ചന
ശരണം വിളികൾ
പകൽയാത്രയൊടുങ്ങാതെ
രവി ബിംബം
കുന്നിൻ ചരുവിൽ ...

508
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അരികിൽ നീ
ഉണ്ടായിരുന്നാലും
ഇല്ലായിരുന്നാലും
കണ്ണാ,
അകതാരിൻ -
സ്പന്ദനമൊക്കെയും
നീയല്ലോ,, കൃഷ്ണാ

509
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകൽമേട പൂക്കുന്ന
അമ്പലമുറ്റത്ത്
ദീപമേളങ്ങളാൽ
സന്ധ്യ തുടുക്കുന്നു
തൊഴുകൈയിലൊഴുകുന്ന
സങ്കട നീർക്കണം
അഭിഷേക നിറവാലെ
തീർത്ഥമായൊഴുകുന്നു...കൃഷ്ണാ

510
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പിരിയാനൊരു വേള
ബാക്കിയില്ലെങ്കിലും
വിട ചൊല്ലുവാനാവില്ല
നിൻ തിരുസന്നിധി
മറയില്ല കൺകളിൽ
നിൻ പുഞ്ചിരി പുഷ്പങ്ങൾ.. കൃഷ്ണാ

511
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണനാമങ്ങൾ തൻ
പൂക്കൾ പൊഴിയില്ല
ഒരു ശിശിരത്തിലും
മഞ്ഞിൻ മറയിലും..

512
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓടക്കുഴൽ ഗീതം
വറ്റി വരളില്ല
ഒരു മുളന്തണ്ടിന്റെ
ശ്വാസമടഞ്ഞാലും... കൃഷ്ണാ

513
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരുമയിൽ നൃത്തവും
ശൂന്യമാകുന്നില്ല
മയിൽ തണ്ട് പലതും
കാറ്റിലൊടിഞ്ഞാലും... കൃഷ്ണാ

514
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു കൃഷ്ണ പക്ഷവും
വിടരാതിരിക്കില്ല
രാത്രിതൻ യാമങ്ങൾ

ഇരുൾ മൂടിയാലും .. കൃഷ്ണാ

515
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നടവഴിപ്പാതയിലെ
കരിങ്കല്ലിലും
അഭിഷേകപ്പുരയിലെ
തീർത്ഥത്തിലും
ഇളം പുഞ്ചിരിയായ്
അനുഗ്രഹ വദനത്താൽ
അനശ്വരനായി നീ
വാണരുളുന്നു, ദേവാ..

516
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണ നാമങ്ങളിൽ
അമ്പലം ജ്വലിക്കുമ്പോൾ
അഗ്നി വിശുദ്ധിയിൽ
കർപ്പൂരമെരിയുമ്പോൾ
അകതാരിലെവിടെയോ
വിടരുന്നൊരു ഗാനം
കൃഷ്ണമന്ത്രങ്ങളാൽ
കോർത്തൊരു ജപഗീതം

517
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശിലപോലും ഉരുകുന്ന
പ്രാർത്ഥനാ മന്ത്രത്തിൽ
അശ്രുപടരുന്ന
കവിൾത്തട കാന്തിയിൽ
കോവിലിൽ നിറബിംബം
കാഴ്ച സൗഭാഗ്യമായി. ..
ഒരിക്കലും മായാത്ത
പകൽസൂര്യ മിഴിവാലെ....

518
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗജരാജ പ്രദക്ഷിണ
വഴികളിൽ തെളിയുന്ന
കുത്തുവിളക്കിൻ
നിറദീപ കാന്തിയിൽ

519
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പഞ്ചവാദ്യങ്ങൾ തൻ
മേളപ്പെരുമയിൽ,
കുഴൽ വിളി ഉയരും
മതിൽക്കെട്ടിനുള്ളിൽ

520
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വ്രതശുദ്ധിയാലേ,
ജപമന്ത്രത്താലേ
ഏകാദശി നോൽക്കും
വൃശ്ചികപുലരിയിൽ

521
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പാപ പരിഹാരങ്ങൾ,
മോക്ഷ യാത്രകൾ
അകക്കണ്ണിലർപ്പിക്കും
കൃഷ്ണശിലാർച്ചന...

522
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

രാവുകൾ, പകലുകൾ,
ഒടുങ്ങാത്ത യാത്രകൾ,
അലകളൊടുങ്ങാത്ത
ജീവിത വാരിധി ... കൃഷ്ണാ

523

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുഴയില്ലാ യാത്രയിൽ
ലക്ഷ്യങ്ങളകലുന്നു
കരകളും തീരവും
അവ്യക്തമാകുന്നു ...കൃഷ്ണാ

524
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നൂലറ്റ പട്ടം
എന്ന കണക്കേ
അലയുന്ന യാത്രകൾ
അറിയാത്ത വഴികളും .. കൃഷ്ണാ

525
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എവിടെയോ അജ്ഞാത
ശക്തിയായപ്പോഴും
കണ്ണന്റെ മിഴിദീപം
യാത്രക്ക് കൂട്ടായി...

526
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വർണ്ണങ്ങളുടെ
ഭക്തിരാഗമാണ്
കണ്ണൻ,

527
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സുഗന്ധങ്ങളുടെ
നിസ്സീമ ലയനമാണ്
കണ്ണൻ

**528**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**സംഗീതത്തിന്റെ**
**അനശ്വര**
**സാഗരം കണ്ണൻ**

**529**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**മന്ത്രങ്ങളുടെ**
**ജപഘോഷം**
**കണ്ണൻ**

**530**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**സ്നേഹത്തിന്റെ**
**സിന്ദൂര പർവ്വം**
**കണ്ണൻ**

**531**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**സൗഹൃദത്തിന്റെ**
**കുചേല ഭാവം**
**കണ്ണൻ....**

**532**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**തോൽവികളിലെ**
**വിജയമന്ത്രം**
**കണ്ണൻ.....**

**533**
**കൃഷ്ണ രാഗങ്ങൾ**

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനന്ത പഥത്തിലെ
രാവെളിച്ചമോ
അനന്തശയനത്തിൻ
തിരയാഴിയോ
മിഴിയുറങ്ങാത്ത
നേർവഴി പാതയിൽ
മൺചിരാതിൻ
താരക ശോഭകൾ ...

534
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഭ്രമണ ഭൂവിന്റെ
അച്ചുതണ്ടിൽ
വിശ്വരൂപന്റെ
വിരലടയാളങ്ങൾ
ചരിഞ്ഞ ദണ്ഡിൽ
അടി പതറാതെ
പ്രപഞ്ച സത്യത്തിൻ
ചിലമ്പൊലികൾ..

535
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിഷ്ണുരൂപൻ.
വിശ്വരക്ഷകൻ
വിധിയ്ക്ക് പുറകിലെ
വിധിരൂപനും നീയേ.. കൃഷ്ണാ

536
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മുളന്തണ്ടിലൊഴുകും
അമൃത ഗീതത്തിൽ
ഒളിഞ്ഞിരിപ്പുണ്ടൊ -
രനശ്വര പ്രണയത്തിൻ
അണയാ ചെരാതുകൾ ... കൃഷ്ണാ

537
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാലസന്ധ്യതൻ
കുങ്കുമപ്പാടങ്ങളിൽ
ഓർമ്മക്കിളികൾ
പാറിനടക്കുന്നു
നിഴൽക്കൂട് തേടി.... കൃഷ്ണാ

538
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

രാധതൻ നൂപുര-
ധ്വനിയിൽ വിടരുന്നു
രാത്രിയിൽ പൂക്കും
അമ്പാടിമുറ്റത്തെ
നന്ത്യാർവട്ടങ്ങൾ ... കൃഷ്ണാ

539
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആലില വിറപോലെ
തുടിക്കുന്നു മിഴികൾ
എവിടെയോ ഉലയുന്ന
മഞ്ഞച്ചേല തൻ
അലയൊലികളിൽ ... കൃഷ്ണാ

540
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഞ്ഞുപെയ്യുന്ന
നദീതടങ്ങളിൽ
പൂക്കുന്നുണ്ടിപ്പോഴും
കാത്തിരിപ്പിൻ
പൊഴിഞ്ഞുതീരാത്ത
കൃഷ്ണരാഗത്തിൻ
പ്രണയവല്ലരികൾ .... കൃഷ്ണാ

541
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നോയമ്പിൻ
തിരുദിനമായണഞ്ഞു
വൃശ്ചികത്തിലേകാദശി
ഗുരുപുരിതൻ
വ്രതശുദ്ധിയായ്
നിവേദ്യ കലശങ്ങൾ
പൂജാ മന്ത്രത്തിലാറാടി
ദീപമാലകൾ
നെയ്ത്തിരിയായ്..

542
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശ്രീകോവിൽ ചുറ്റിലും
ഉയരും ശംഖു നാദത്തിൽ
ഗജവീര പെരുമകൾ
മേളക്കൊഴുപ്പിനാൽ
പ്രദക്ഷിണവഴികളിൽ
ശാന്ത ഗാംഭീര്യത്തോടെ
അലയും വൃശ്ചിക കാറ്റി -
ലൊരു കൃഷ്ണ മന്ത്രാക്ഷരം
ഹൃദയത്തിലെരിയുന്നു
ഇരുൾ വീണ വഴികളിൽ
ദിശ കാട്ടും ദീപമായ്

543
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സാന്ധ്യ താരകൾ കൺ തുറന്നു
അമ്പലമുറ്റം അലംകൃതമായ്
മിഴിപൂട്ടി നിൽക്കും  ഭക്തനായി -
നടവഴികളിൽ ഞാനേകനായ്

544
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആളൊഴിഞ്ഞരങ്ങൊഴിഞ്ഞ -
നിൻ തിരുസവിധത്തിൽ

ഇടയ്ക്കതൻ താളം പോലെൻ ഹൃദയം
തുടികൊട്ടി പാടുന്നു കൃഷ്ണ ഗീതം

545
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നെയ്ത്തിരിനാളങ്ങൾ മിഴി നീട്ടി നിൽക്കും
കൽവിളക്കിൻ മുഴുശോഭയിൽ
ശയനപ്രദക്ഷിണം ചെയ്യുന്നിതെൻ മനം
ആത്മപ്രണാമമായ് നിൻ നടയിൽ..

546
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അലങ്കാരദീപത്തിൻ
അനുരാഗ ശോഭയിൽ
നേർത്ത മുളന്തണ്ടിൻ
പൊഴിയുന്ന ഗീതത്തിൽ
ഗോപാല ബാലകൻ
പുഞ്ചിരി തൂകി നിൽപ്പൂ ..

547
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മാറിലമരുന്ന
തുളസിക്കതിർ മാല
തിരുമുടി കെട്ടിലോ
മയിൽപ്പീലി കണ്ണുകൾ
കാറ്റിൽ ഉലയുന്ന
ചേലയിൽ നിൻ രൂപം
മോഹന ഭംഗിയായ്
നിർവൃതി പകരുന്നു ...

548
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദന കർപ്പൂര -
ഗന്ധത്തിൻ കുളിരാലെ
ഇടയ്ക്കയിലുതിരും
പുലർകാല മന്ത്രത്തിൽ

അമ്പലപ്രാവുകൾ തൻ
കുറുകലിൻ ശബ്ദത്തിൽ
ഉഷപൂജ നിറവിൽ
കണ്ണന് സായൂജ്യം.

549
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തൊഴുതങ്ങു നിൽക്കുമ്പോൾ
ഒഴിയുന്നു വേദനകൾ
വേനലിൽ വസന്തമായ്
മനസ്സിൽ വിടരുന്നു പൂക്കാലം
നീർമിഴി തുള്ളിയാൽ
നേരുന്നു നൈവേദ്യം
പാദാരവിന്ദത്തിൽ
ഹൃദയാർപ്പണം കണ്ണാ.

550
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൂജകൾ കഴിഞ്ഞു
പൂജാരിയൊഴിഞ്ഞു
നിർമാല്യപുഷ്പങ്ങൾ
കണ്ണനു കൂട്ടായ്
രാത്രിതൻ മൗനത്തിൻ
മുഖപടം പൊഴിച്ചു..

551
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദന ലേപങ്ങൾ
ഉടലാകെ പടരുമ്പോൾ
കണ്ണന്റെ
മിഴികോണിൽ വിടരുന്നു
കുസൃതി പൂമുകുളങ്ങൾ..

552
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എണ്ണ വറ്റിയ

ഓട്ടുവിളക്കുകൾ
കരിന്തിരികത്തുന്നു
കണ്ണന്റെ
ചുറ്റമ്പലങ്ങളിൽ

553
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിശ്ശബ്ദതയുടെ
രാത്രി മൗനത്തിൽ
വാനിൽ പടരുന്നു
വേണു ഗാനം ...

554
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനശ്വര ദേവാ പ്രഭോ
അകതാരിലമരും
അമൃതേ നമോ
കൃഷ്ണാ, ഗുരുവായൂരപ്പാ...

555
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദീപമായ്, വെളിച്ചമായി
കാരുണ്യ പ്രഭയായി
ഉലകിനെ കാക്കുന്ന
അവതാര സത്യമേ ... കൃഷ്ണാ

556
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മനസ്സിൻ പഥങ്ങളിൽ
കനലെരിയുമ്പോഴും
പുഞ്ചിരി പൂക്കുന്ന
അധരം നീ തന്നു..... കൃഷ്ണാ

557
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശൂന്യത കൈകളിൽ
വിലങ്ങണിഞ്ഞപ്പോഴും
സ്നേഹാർത്ഥം പകരാൻ
നീ അരികിലെത്തി .. കൃഷ്ണാ

558
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മിഴികളിൽ ദൈന്യത
വിടരുന്ന നേരത്തും
കാരുണ്യക്കടലാകാൻ
നീ അനുഗ്രഹിച്ചു. .. കൃഷ്ണാ

559
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പീലിത്തിരുമുടിയിൽ
ചിത്രശലഭ ഭംഗി
പീതാംബര ഞൊറിയിൽ
ഹിമ ബിന്ദു മിഴിയാട്ടം
ഗോപാലക വൃന്ദങ്ങൾ
ഗോക്കളുമായലയുന്നു
ഗോപികമാർ നീരാട്ടിൻ
ജല നൃത്തം ചെയ്യുന്നു..

560
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്പല വിശുദ്ധിയിൽ
അക ചിത്ര ഭംഗിയിൽ
കണ്ണന് നീരാട്ട്
അഭിഷേക കൊടിയേറ്റ്

561
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗജമേള എഴുന്നള്ളിപ്പ്

നിറപുത്തരി ആഘോഷങ്ങൾ
ഉയരുന്നു ശംഖൊലി നാദം
ആരാധന ദീപപ്രഭയാൽ

562
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകലൊട്ടും മറയുന്നില്ല
പ്രഭയൊട്ടും മായുന്നില്ല
മലമേട ചുവന്നിട്ടും
പകൽ സൂര്യൻ അണയുന്നില്ല
ഗുരുവായൂരമ്പല മുകളിൽ

563
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിന്നെയൊരിക്കലും
അറിയുവാനാവാത്തോർ
തൊഴുകുന്നതെന്തിന്
കണ്ണാ നിൻ രൂപത്തെ
മൊഴിയുന്നതെന്തിന്
നിന്റെ നാമങ്ങളെ ?

564
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചുറ്റമ്പല മതിൽ
ചിത്ര ശിലാഭംഗി
നാലമ്പലത്തിലോ
കൃഷ്ണനാട്ടം കളി

565
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശ്രീകോവിൽ ബിംബത്തിൽ
ശാന്തിതൻ അർച്ചന
അമ്പല മുറ്റത്ത്
ആഘോഷപ്പെരുമഴ ..

566
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വാദ്യ പ്രമാണങ്ങൾ
വാനിലുയരുന്നു
എഴുന്നള്ളിപ്പൊരുങ്ങുന്നു
വിളക്കു പുരച്ചോട്ടിൽ..
കണ്ണന് പ്രദക്ഷിണം

567
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിരൽ നുണഞ്ഞുറങ്ങുന്ന
കണ്ണനലങ്കാരം
ദേവകീ പുത്രന്
വരവേൽപ്പിനുത്സവം

568
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആശയും പ്രതീക്ഷയും
സ്വപ്നവും നീയല്ലോ
മനസ്സിന്റെ മതിൽക്കെട്ടിൽ
നിറദീപവും നീയല്ലോ ..
കൃഷ്ണാ....

569
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓർമ്മയിൽ നിന്ന്
മറവിയോളം നീളും
നിത്യ നിതാന്ത
പ്രതീക്ഷാ മുകുളമായ്
നിന്നിലെ ദർശന-
സുകൃത നിമിഷങ്ങൾ
കാലചക്രം പോലെ
വഴിയിൽ തെളിയുന്നു. ...

570
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ, എന്നൊന്ന്
ചൊല്ലി വിളിക്കുമ്പോൾ
കണ്ണിൽ നിറയുന്നു
ആ ദിവ്യരൂപം ...
കൃഷ്ണാ, എന്ന് ചൊല്ലി
നീട്ടി വിളിക്കുകിൽ
കൃഷ്ണപക്ഷത്തിലെ
പൂനിലാവ് പോലെനീ ..

571
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്നും എവിടെയും
ഏതൊരു കോണിലും
സാമീപ്യ സാന്ത്വന-
ചിത്രങ്ങളായി നീ
കണ്ണാ, വിലസുന്നു
വിശ്വ രക്ഷകനായി ....

572
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കരിനീലമിഴികളും
കളിയാടും ചൊടികളും
മയിൽപ്പീലി തണ്ടാടും
ചുരുൾമുടിയഴകും..
കണ്ണന്റെ ഭംഗിക്ക്
പര്യായമില്ലല്ലോ

573
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനുഗ്രഹഭാവത്തിൻ
മിഴികൂമ്പലും പിന്നെ
നുണക്കുഴി വിരിയുന്ന
കവിൾത്തടവും ..
കണ്ണന് നൽകുവാൻ
അലങ്കാരമില്ലല്ലോ

574
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കുസൃതി മയങ്ങുന്ന
പുഞ്ചിരി അധരവും
നറുവെണ്ണയൊഴുകുന്ന
ഇളംവിരൽ തുമ്പുകളും
എത്ര മോഹനം നിന്നിലെ
ഭാവങ്ങൾ

575
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോക്കൾ അനുഗമിക്കും
പുൽവഴി പാടുകളും
മഴവിൽ ചാരുതയിൽ
കണ്ണന്റെ നീരാട്ടും....

576
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിറദീപങ്ങൾ തൻ
മഞ്ഞണി പ്രഭയിൽ
കർപ്പൂരാഴിയിലെ
സുഗന്ധ ധൂപത്തിൽ
ചന്ദന ലേപത്തിൻ
ഉടയാട ഭംഗിയിൽ
പൂജാമന്ത്രങ്ങളാൽ
കണ്ണന് നൈവേദ്യം,

577
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇനിയുമീ പകലിന്റെ
അവസാന രശ്മിയിൽ
ഒടുങ്ങാത്ത ഭക്തിതൻ
കുങ്കുമ ശോഭകൾ . കണ്ണാ ..

578
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനന്തമാം വഴികളിൽ
ദർശന പഥങ്ങളിൽ
കൂപ്പിയ കൈകളും
കൂമ്പിയ മിഴികളും ... ..

579
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരവതിൻ ഗാഢ -
മയക്കത്തിലമരുമ്പോൾ
ഓംകാരമുയരും
താരാട്ടുപാട്ടായി ... ..

580
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോക്കളും കിടാങ്ങളും
പുല്ലുമേയുന്ന
കാളിന്ദി കടവിലെ
കുളിരുള്ള സന്ധ്യയിൽ
ഓടക്കുഴൽ നാദം
അതിരുകൾ താണ്ടുന്ന
അധര ഗീതങ്ങൾ
കണ്ണന്റെ ഗാനത്തിൻ
നാദവീചികൾ

581
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉണരുക കണ്ണാ
പാടുക, നീ
വെണ്ണ കവരും
മച്ചിൽ ഉറിയിലെ
ഊഞ്ഞാലാട്ടത്തിൻ
പാട്ടൊന്നു മൂളൂ ,,,

582
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാളീയ മർദ്ദന
നർത്തനം ചെയ്യുന്ന
കാളിന്ദീ പുഴയുടെ
തിരയൊലി  പാടുക .

583
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുടികൊട്ടിപ്പാടും
ഗോപീകമാരുടെ
കവിൾത്തടം തുടിക്കും
മഴപ്പാട്ടു പാടൂ ..

584
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാലികൾ മേയും
കറുക നാമ്പിലെ
ഹിമകണ ബിന്ദുവിൻ
കുളിർപാട്ട് പാടുമോ....

585
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്പലവർണ്ണ വിരാജികൾ
തീർക്കും, നയനമനോഹര -
കൽപ്പടവിങ്കൽ
മന്ത്രമുരുവിടാതൊരു
തുളസിപ്പൂ
നിശ്ചലം മിഴിപൂട്ടി
സാഷ്ടാംഗ പ്രണമത്താൽ ...

586
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മാലയിൽ അടർന്നൊരു -
തളിരിലയെങ്കിലും

തൃപ്പടി ശയനം
പുണ്യമായ് നുകരുന്നു,
കളഭാഭിഷേകത്തിൻ
ചന്ദന സുഗന്ധമായ് ...

587
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാക്കുക, കണ്ണാ,
ഒരു തുളസീ ദളമായ്
നിൻ തിരുമുമ്പിൽ
നിൽപ്പൂ ഞാനും
അനുഗ്രഹ പൂക്കളാൽ
അനശ്വരനാക്കണേ
എന്നിലെ ഭക്തിയുടെ
കൃഷ്ണ തുളസീദളം ....

588
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അക്ഷരം കൊരുത്തൊരു
പൂമാല കെട്ടിഞാൻ,
ആത്മാർപ്പണത്തിനായ്
തിരുനടയിൽ വന്നു,
അറിവില്ല,
അക്ഷരപ്പൊരുളുമറിയില്ല
എങ്കിലും നല്ലൊരു
അക്ഷരപ്പൂമാല
അകതാരിൽ, വാടാതെ
സൂക്ഷിച്ചു ഞാൻ..... കണ്ണാ

589
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിറയുന്ന ചുണ്ടിലെ
അക്ഷരപ്പിശകുകൾ
അകതാരിലെപ്പോഴും
നാമാർച്ചനകളായ് ....

590
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**തൃപ്പടി പൂജകൾ**
**അഭിഷേക നിർവൃതി**
**കാണിക്കയായിതാ, എന്റെ**
**അക്ഷരപ്പൂക്കളും .....**

**591**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**ആറാട്ട് കൊടിയേറ്റമുയർന്നു**
**കണ്ണന് നീരാട്ടിനുത്സവമായ്**
**ഉടയാഭരണങ്ങൾ,**
**ഉത്സവ രാവുകൾ**
**ഗജരാജ പ്രൗഢിയുടെ**
**എഴുന്നള്ളിപ്പാരവങ്ങൾ ..**

**592**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**വാദ്യമേളങ്ങളിൽ**
**അമ്പലമുണർന്നു**
**ശംഖൊലി നാദത്തിൽ**
**വാനവും വിറകൊണ്ടു**
**ഭക്താരവങ്ങളും**
**കൃഷ്ണ മന്ത്രങ്ങളും**
**നിറദീപ ചാർത്തിൻ**
**വെൺപ്രഭാ വെട്ടവും. ...**

**593**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

**നിറയുന്നു മനസ്സിലും**
**മിഴിയിലും നിൻരൂപം**
**വിരിയുന്നു ചുണ്ടിലും**
**പുഞ്ചിരി മൊട്ടുകൾ.. കൃഷ്ണാ**

**594**
**കൃഷ്ണ രാഗങ്ങൾ**
**പൊഴിയട്ടെ നാവിൽ**
**ഹൃദയ തന്ത്രിയിൽ**
**ഓംകാരമുണരട്ടെ!!!!**

ആറാട്ട് കൊടിയേറ്റുയർന്നു
അമ്പലഗ്രാമത്തിൽ
അലകളുണർന്നു
ഭക്തിതൻ നീരാട്ടിൻ
പുലർവെട്ടമുണർന്നു ....

595
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഞാനൊന്നുമറിഞ്ഞീല -
ഈ യാത്രതൻ വഴികളിൽ
ഒഴുകും വേണുനാദത്തിൻ
സാന്ധ്യ ഭംഗികളൊന്നും ...

596
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അറിഞ്ഞില്ലരികിലെ
പിഞ്ചു പൈതലിൻ
കവിൾത്തടം തുടുത്തതും
പുഞ്ചിരി പൊഴിഞ്ഞതും.. കൃഷ്ണാ

597
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഴവിൽ മാനത്തിനക്കരെ
ദിവാകര രശ്മിതൻ
വർണ്ണരാജിയിൽ പൂത്ത
വെൺ മേഘ വസന്തവു -
മറിഞ്ഞില്ല ഞാൻ ... കൃഷ്ണാ

598
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കുഴൽ നാദമുണർന്ന
പ്രദക്ഷിണ പഥത്തിലെ
അലങ്കാര ദീപത്തിൻ
വെൺ പ്രഭയറിഞ്ഞീല.. കൃഷ്ണാ

599
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കരിമേഘ രൂപന്റെ
നിഴൽവീണ  മിഴികൾ
അറിഞ്ഞില്ല , കണ്ണാ
നിൻ തിരുനട വാതിൽ
അടഞ്ഞതും, തുറന്നതും..

600
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനശ്വരതൻ
അഗ്നി നാളങ്ങളിൽ
മിഴി നട്ടു നിൽക്കുമീ-
വേനൽ പരപ്പിൽ
ഒരു വേള നിൻ മുഖം
ഹൃദയ കവാടത്തിൽ
മൊഴിയാത്തൊ-
രോടക്കുഴലിൻ
പ്രതിധ്വനി പൂക്കളായ്.. കൃഷ്ണാ

601
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഏറെയായ് കേഴുന്നു
നിശ്ശബ്ദ വീഥിയിൽ
വഴിയറിയാത്തൊരു
ഏകാന്ത പാന്ഥൻ... കൃഷ്ണാ

602
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചാരെ വിടരുന്നു
പുഞ്ചിരി മൊട്ടുകൾ
സാന്ത്വന കൈകളാൽ
കണ്ണുനീരൊപ്പുന്നു... കൃഷ്ണാ

603
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സിരകളിൽ
ഉഷ്ണ സന്ധ്യ പൂക്കും
തുലാമേഘച്ചരിവിലായ്
മുറിവേറ്റൊരു
മനം നിശ്ശബ്ദമായ്
ഏകമാം
വഴിത്താരയിൽ .. കൃഷ്ണാ

604
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദനരാവിൻ നീലനിലാവിൽ
അമ്പല പ്രദക്ഷിണ
വഴികളിലെങ്ങും
അർച്ചനാ ദീപത്തിൻ
നാളങ്ങൾ ഇളകുമ്പോൾ
ഗോപുരവാതിലി-
നപ്പുറമുണ്ടൊരു
പീതാംബര രൂപൻ
ആശ്രയ ദീപമായ് ....

605
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇടനെഞ്ചിൽ മുഴങ്ങും
ഇടക്കയും ചിലമ്പും
അഷ്ടപദി പാട്ടിൻ
അഴലൊഴുകും  നിശയും
ഒരു വേണുനാദത്തിൻ
അലകളുണരുമ്പോൾ
ചമയങ്ങളണിയുന്ന
ഗോപികാ വൃന്ദവും ...

606
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ക്ഷേത്ര വാദ്യങ്ങളിൽ
സംഗീതമുയരുന്ന
പ്രാർത്ഥനാ രാവിന്റെ

ഉയിരായി കാർവർണ്ണൻ.....

607
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ... കനകസ്വരൂപനെ
കൺകണ്ട രൂപനേ
ശ്രീകൃഷ്ണ ദേവനെ ....

608
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്പിളിക്കലയിൽ
കൂരിരുൾ പടരുമ്പോൾ
അമ്പാടി ഗോകുലം
പിറവിക്കൊരുങ്ങുമ്പോൾ
ദുഷ്ട നിഗ്രഹത്തിൻ
അവതാര രൂപനായ്
തടവറയിൽ ജന്മം
കൊണ്ടവൻ നീയേ . കണ്ണാ

609
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അകതാരിലെന്നെന്നും
കളകളം ഒഴുകുന്ന
ജപമന്ത്രാക്ഷരം
ശ്രീകൃഷ്ണ ഹരേ ...

610
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മനസ്സിലെ പുൽമേടയിൽ
മേയുന്ന ഗോക്കളിൽ
ഗോപാല രൂപന്റെ
കൈവിരൽ തുടിപ്പുകൾ

611
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൂമ്പിയ മിഴിയിലെ
ഭക്തിതൻ നീർമുത്തിൽ ..
നിഴൽരൂപമാകുന്നു
കണ്ണന്റെ പുഞ്ചിരി

612
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അകലെയിരുന്നാലും
കൺമുന്നിൽ കുസൃതിയാൽ
മായകൾ തീർക്കുന്ന
വിശ്വരൂപൻ കണ്ണൻ....

613
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സപ്തവർണ്ണങ്ങളാൽ
മുകിൽ ഭംഗി തീർക്കും
മയിൽപ്പീലി കണ്ണിലെ
അക്ഷരപ്പെരുമകൾ... കണ്ണൻ

614
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉറിയടിച്ചെന്നും
വെണ്ണകവരുന്ന
ബാല്യകുതുകത്തിൻ
നിർദോഷ ശീലുകൾ...

615
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഞ്ഞപ്പട്ടാടയാൽ ..
ഗോപികാ പ്രണയങ്ങൾ
മനസ്സിലൊളിപ്പിച്ച
പറയാത്ത സത്യങ്ങൾ..

616
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു നീല സ്വപ്നത്തിൻ
മുകുളത്തിലെന്നെ നീ
നിദ്രതൻ ചാരത്ത്
വന്നുണർത്തീടുന്നു

617
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പീതാംബരത്തിൻ
കാറ്റിൻ അലകളിൽ
ഒരു മൃദുസ്പർശനം
കവിളിൽ പടർന്നു ..

618
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തിരുമുടിയിൽ  ചൂടിയ
ചെറുതുണ്ടു പീലിയിൽ
മയൂര നൃത്തത്തിൻ
ആയിരം വർണ്ണങ്ങൾ. .

619
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സപ്തരാഗങ്ങളിൽ
അധരം ചുരത്തുന്ന
പ്രേമാർദ്രഗാനത്തിൽ
ഗോപികാ നർത്തനം ..

620
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശലഭ താളത്തൊടു-
വർണ്ണ നാളങ്ങളാൽ

പ്രദക്ഷിണ വഴിയരികെ
തെളിയുന്നുണ്ട്
ദീപ ശോഭകൾ
സന്ധ്യാമന്ത്രങ്ങളിൽ
ചിറകടിച്ചെങ്ങും..
കൃഷ്ണാ!!

621
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകൽ ചാഞ്ഞ
ക്ഷേത്രമതിൽ -
കെട്ടിന്നുള്ളിലപ്പോഴും
കൃഷ്ണ രാഗങ്ങൾ
മുളന്തണ്ടിലുലയും
മുരളീഗാനമധുരലയ-
വിന്യാസമായുഴലുന്നു
കൃഷ്ണാ!!

622
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സന്ധ്യാംബരത്തിൻ
ചിത്ര ഗോപുര ചോട്ടിലായ്
കരുനീക്കി കളിക്കുന്നു
താരകൾ മിഴി ചിമ്മി
നിലാവുതിരും ചന്ദ്ര-
ബിംബത്തിലൊരു
രാപക്ഷിതൻ ശ്രുതിഗീതം
കൃഷ്ണാ!!

623
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൂപ്പിയ കൈകളിൽ
വിറയും വിരലുകൾ
ഒരു ഭിക്ഷാപാത്രമായ്
തിരുനടയിൽ തേടുന്നു
ഒരിറ്റു ജലവും
ഒരു തുളസിക്കതിരും..

624
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെ കണികുണ്ടുണരുന്ന
പകലെത്ര
ധാന്യമെന്നോതി ഞാൻ
മിഴി തുറന്നീടുമ്പോൾ
നീല വിഹായസ്സിൽ
സൂര്യബിംബം പോലെ
പടരുന്നു  ചുറ്റിലും
പുഞ്ചിരി പാലൊളി..

625
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനന്തമാം വഴികളി -
ലെവിടെയോ തിരയുന്നു
നിഴൽ പതിഞ്ഞ നിൻ
പാദമുദ്രകൾ
മിഴിനീർ ഒഴുകുന്നുണ്ട്
കവിൾ ചാലുകളിൽ
ജീവിത സത്യത്തിൻ
പകൽച്ചൂടുമേറ്റ്...കണ്ണാ!!

626
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജപമന്ത്രത്തിൻ
ധ്വനികളിലിളകുന്നു
താപമേറ്റൊരു
ഹൃദയ കവാടങ്ങൾ
നിന്റെ സായൂജ്യ -
ദർശനത്തിൽ കണ്ണാ,
മോഹമേഘങ്ങളിൽ
ജലഗംഗയൊഴുകുന്നു

627
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓടക്കുഴലിൻ
മൃദുനാദശോഭയിൽ

മയൂര നൃത്തത്തിൽ
പീലിയാട്ടങ്ങളിൽ
നിലയ്ക്കാതുയരുന്നു
കൃഷ്ണമന്ത്രങ്ങൾ
ക്ഷേത്രാങ്കണത്തിലെ
ചിത്ര ഗോപുരങ്ങളിൽ..

628
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

രാവിൻ നിശ്ശബ്ദയാമ-
ങ്ങളുഴലുമ്പോൾ
പകലിലേക്കൊരു വാര
ദൂരം കുറിക്കുമ്പോൾ
അടഞ്ഞ ശ്രീകോവിൽ
പടികൾക്കു കീഴിലായ്
വിറയുന്ന ചുണ്ടുകളിൽ
പ്രാർത്ഥനാ മന്ത്രങ്ങൾ...

629
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ,
ശിലയിലും മയിൽ-
നൃത്തം പീലി വിടർത്തും
അനുപമ സൗന്ദര്യ-
മുകിൽ രൂപനേ...

630
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മിഴിക്കോണിൽ
പടരുന്ന കുസൃതി -
ച്ചിരി തുണ്ടിൽ
ഭൂഗോള സ്പന്ദന-
ദർശനം കാണുന്നു..

631
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മുളന്തണ്ടിൽ വിരിയുന്ന
രാധാ പ്രണയവും
പീതാംബരത്തിൻ
ഇളം ഞൊറി ഭംഗിയും
നിത്യവും കാണുവാൻ
അനുഗ്രഹമേകണേ !! കണ്ണാ

632
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗഗന ചാരത്ത് നിന്നു നീ
പാടുന്നു
കരുണലോലമാം
പ്രേമാർദ്ര മധുഗാനം
സാന്ദ്ര മേഘങ്ങൾ
ആകാശ സന്ധ്യയിൽ
അലകൾ തീർക്കുന്നു
മഴക്കാല അരുവിപോൽ ...

633
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കറുകനാമ്പിന്റെ
രുചിനുണഞ്ഞൊരു
ഗോക്കിടാവിതാ
അന്തിമയക്കത്തിൽ
കൃഷ്ണഗീതത്തിൽ
ഉണരുന്നുണ്ടൊരു
രാവിലുദിക്കുന്ന
നീല നിലാവൊളി...

634
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നാലമ്പലത്തിലോ
നടവഴി ചുറ്റിലോ
കാണുന്നു നിൻ രൂപം
പുലർമഞ്ഞു
കുളിരിൽ ഞാൻ, കൃഷ്ണാ !

635
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശംഖു മുഴങ്ങുന്ന
ക്ഷേത്രാങ്കണങ്ങളിൽ
ഭക്തിതൻ ശീലുകൾ
അലകളായുഴലുന്നു

636
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിന്നുടെ  ദർശന-
സുകൃതമൊന്നല്ലയോ,
എന്നിലെ ജീവന്റെ
അണയാത്ത സ്പന്ദനം
കൃഷ്ണാ!!!

637
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജഗജഗദീശ്വര
ജഗപാലകനെ
കനവിൽ കനിവിൻ
അമൃതായ്
നിറയണേ, കൃഷ്ണാ!!!

638
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിറയുന്ന കണ്ണിലെ
ചുടുബാഷ്പങ്ങളിൽ
നേരിൻ നിലാവായ്
നിഴൽ വിരിച്ചിടണേ,
കൃഷ്ണാ!!!

639
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരവിലും പകലിലും
തിരുഹൃദയത്തിൻ

അനുഗ്രഹമലരായ്
വർഷിക്കേണമേ,
കൃഷ്ണാ!!!

640
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശാന്തി വിളയുവാൻ
അകതാരിലിത്തിരി
പൂജാപുഷ്പത്തിൻ
വിത്തു വിതയ്ക്കണേ ...
കൃഷ്ണാ!!!

641
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ, നിന്നറിവിലെ
മുകുളത്തിൽ
തേൻ നുകർന്നീടുന്ന
കരിവണ്ടിൻ
ജന്മമാണെന്റെ യാത്ര

642
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചിറകറ്റ യാത്രയിൽ
തണലായ് പടരുന്ന
മനതാരിലാണ് നിൻ
സ്വപ്നഗേഹം, കൃഷ്ണാ!!!

643
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുളസിയും തെച്ചിയും
ഹിമകണം തൂകുന്ന
പുലർകാല പൂജതൻ
ഓംകാര മന്ത്രങ്ങൾ..

644
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു മയിൽപ്പിലിക്ക്
കൂടൊരുക്കീടുന്ന
വാർമുടിച്ചുരുളെത്ര
ധന്യജന്മം, കൃഷ്ണാ!!!

645
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിശ്ചലം നിത്യ തമസ്സിലെ -
പ്പോഴോ അണയാതെ
തെളിയുന്നു ഒരു
നെയ്ത്തിരി ശോഭ,
കൃഷ്ണാ!!!

646
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകലോടി തളർന്ന
അർക്കന്റെ ചാരത്ത്
ഒരു ചെറുതാരകം
കണ്ണുചിമ്മുന്നുണ്ട്,
നിൻ മുഖം പോലെ, കണ്ണാ

647
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓടക്കുഴലിൻ
നാദവീചികളിൽ
ആകാശഗോപുരം
മഴയായ് പൊഴിയുന്നു
നിൻ കോവിലിൽ കണ്ണാ..

648
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മയിൽപ്പീലിയാട്ടത്തിൽ

കുളിർചോല ഇളകുന്നു
കൃഷ്ണമന്ത്രങ്ങളിൽ
ക്ഷേത്രാങ്കണങ്ങളും

649
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മൊഴിയിൽ
കിളിനാദം പോലെ
മിഴിയിൽ
ചെറുശലഭം പോലെ
കളി ഭംഗിയിൽ
കാർമേഘം പൂക്കും
മയിൽ തുണ്ടിൻ
കണ്ണന്റെ മുടിയേറ്റങ്ങൾ,

650
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മുളന്തണ്ടിൻ
ശ്രുതി രാഗങ്ങൾ
കവിളിണയിൽ
നുണക്കുഴി വിടരും
ഉയിരിന്നൊരു
സ്നേഹച്ചിറകായ്
കാർ വർണ്ണൻ
ചിരി തൂകുന്നു

651
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു മിഴിനീർ
പൂവിലുതിരുന്നുണ്ട്
ഒരുയുഗയാത്രതൻ
നോവും വിതുമ്പലും..
കൃഷ്ണാ!!

652
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അക്ഷര പച്ചകൾ
നിഴലുകൾ വീഴ്ത്തുന്ന
പൊള്ളും മനസ്സിന്റെ
ഏകാന്ത യാത്രയിൽ
ഓടക്കുഴലിൻ
അർച്ചനാ രാഗങ്ങൾ...

653
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആകാശവനികയിൽ
ഒഴുകുന്ന മേഘങ്ങൾ
വേനൽ മനസ്സിന്റെ
അണയാ തപം പോലെ
അലയുന്നുണ്ടിപ്പഴും
കണ്ണന്റെ ശാന്തി മന്ത്രം തേടി..

654
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മയിൽപ്പീലി മോഹത്തിൻ
കാൽത്തളയൊച്ചയിൽ
കൂപ്പുന്ന കൈകളിൽ
കണ്ണുനീരുതിരുമ്പോൾ
ഒരു നിദ്ര താണ്ടിയ
രാവിൻ തളർച്ച പോൽ
കൃഷ്ണ പാദങ്ങളിൽ
അർച്ചനാ പുഷ്പങ്ങൾ.

655
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നുണക്കുഴി വദനത്തിൽ
കുസൃതി കടക്കണ്ണാൽ
കണ്ണന്റെ ശ്രീരൂപം
നെയ്ദീപ കാഴ്ചയായ്
ചന്ദന തുളസിയും
തെച്ചിപ്പൂ മാലയും
ഓടക്കുഴലിലെ
മൃദുരാഗ ഭംഗിയും
എന്നുമേ കാണേണം
ആത്മനൈവേദ്യമായ്

656
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉഷസ്സുണർന്നു
മുകിലൊളി പടർന്നു
അമ്പലമുറ്റത്തെ
കാൽനടപ്പാതയിൽ
തുളസിക്കതിരിലെ
നറുമഞ്ഞു മാഞ്ഞു...

657
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അനന്തതയിൽ
അനശ്വര ദീപങ്ങൾ
അകതാരിലെരിയും
കർപ്പൂര നാളങ്ങൾ
വേനൽനിലാവുകൾ
നിഴലായ് പൊഴിയുന്ന
കടമിഴിക്കോണിൽ
അശ്രുക്കൾ അടരുന്നു ..
കൃഷ്ണാ!!

658
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണദീപാർച്ചന
പുഷ്പഹാരങ്ങളും
കൂപ്പിയ കൈകളിൽ
അർച്ചനാ നൈവേദ്യങ്ങൾ.
കണ്ണന് അർപ്പിക്കാൻ
പരിഭവപ്പൂക്കളും ...

659
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദന ചർച്ചിത
രാമഞ്ഞു പെയ്യുമ്പോൾ
മുളന്തണ്ടിലൊരു രാഗം

പാഴ്ശ്രുതി മീട്ടുമ്പോൾ
അകലെയൊരേകാന്ത
സന്ധ്യയിൽ കാണുന്നു
അധരത്തിലമരുന്ന
പ്രണയത്തിൻ മധുരാഗം..
കണ്ണന്റെ പ്രിയഗാനം

660
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എത്ര ദിനങ്ങളിൽ
കാത്തിരിപ്പേറുന്നു
കാതോർത്തിരിക്കുന്നു
കണ്ണന്റെ കാലൊച്ച
കാൽത്തള നാദങ്ങൾ
കാറ്റിലലയുമ്പോൾ
യമുനാനദീ തടം
മഞ്ഞിൽ കുളിരുമ്പോൾ
മഞ്ഞപ്പട്ടുടയാട
ഒഴുകുന്നു വാനിലായ്
ജലകേളിയിൽ തെളിയുന്നു
കണ്ണന്റെ പ്രതിബിംബം

661
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാർവർണ്ണമൊത്തൊരു -
ടലും മയിൽച്ചാർത്തും
നുണക്കുഴികൾ വിരിയുന്ന
കവിളിണ ചന്തവും
ഓടക്കുഴലിന്റെ
ഓർമ്മപതക്കവും
കുറുനിരവീഴുന്ന
നെറ്റിത്തടങ്ങളും
എത്രമേൽ കണ്ടാലും
കൊതിതീരാതെ

662
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പീതാംബരത്തിൻ
ചേലുള്ള ഭംഗിയിൽ

നൃത്തം ചവിട്ടുന്ന
കാൽത്തള നാദവും
യമുനാ നദിക്കരെ
പുളകങ്ങളാകുന്നു
കറുകനാമ്പിൽ
പടരും ഹിമകണം
ആകാശമേലെ
വിരിയുന്ന മാരിവിൽ
കണ്ണന്റെ നീരാട്ടിൽ
കുളിർ പടരുന്ന
സന്ധ്യാമ്പരം.

663
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദീപാരാധന
നട തുറന്നു, ചുറ്റിലും
സന്ധ്യാ ദീപങ്ങൾ
മിഴികൾ നീട്ടി..
ശീവേലി മേളങ്ങൾ
ശംഖൊലി നാദങ്ങൾ
കൃഷ്ണാഹരേ മന്ത്ര-
ധ്വനികളാൽ ഗുരുപുരി....

664
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദനകർപ്പൂര-
സുഗന്ധങ്ങളുയരുന്ന
ശ്രീകോവിൽ നടയിലെ
വിളക്കുമരച്ചോട്ടിൽ
തൊഴുകൈകളുമായ്
നിൽക്കുന്നു പാന്ഥൻ

665
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജനിമൃതികളിലെ
അനശ്വര സത്യത്തിൻ
അകപ്പൊരുളറിയുവാൻ
കനിവേകേണമേ
ലോകൈക നാഥനേ...

666
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണ ശ്യാമാംബരം
മഴമേഘം പടരുന്ന
കുളിർ നറു കാറ്റിലെ
അലകളിൽ ഒഴുകുന്നു
അരയന്നപക്ഷികൾ

667
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മഴക്കുളിരൊഴുകും
കിഴക്കൻ മലകളിൽ
കണ്ണനു കർപ്പൂരം
കണ്ണിനു കൽഹാരം
ചന്ദനം ചാർത്തിയ
നെറ്റി പോൽ മാനവും !!

668
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശാന്തമാം ഹൃത്തിലെ
അർച്ചനാ പുഷ്പങ്ങൾ
തൃപ്പടിശിലകളിൽ
വീഴുന്നു നിത്യവും
കൃഷ്ണനാമങ്ങളാൽ
കോർത്ത പൂമാലയായ്

669
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നറുതുളസിക്കതിരിലും
നവദീപപ്രഭയിലും
മിഴികളിലലയുന്നുണ്ട്
ചെറു മന്ദഹാസത്തിൻ
കൃഷ്ണ കടാക്ഷങ്ങൾ..

670

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുലരിതൻ കിരണങ്ങ -
ളിലുതിരും സൂര്യ ശോഭയിൽ
ദിക്കു തേടുന്നൊരു
പാന്ഥൻ വിജനതയിൽ
വഴിയറിയാതേകനായ്, കൃഷ്ണാ!!

671
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിശ്ചലം പകലിൻ
ചൂടേറ്റുരുകും യാത്രയിൽ
നെഞ്ചിലൊരഗ്നിതൻ
കനലണയാതിപ്പഴും
ഒരു സ്വപ്നസഞ്ചാരി
ഞാൻ കൃഷ്ണാ..

672
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉതിർന്നു വീഴുമൊരു
നൈവേദ്യ പുഷ്പത്തിൻ
ജന്മസാഫല്യം പോൽ
പൊഴിയാറുണ്ടെപ്പോഴുമൊരിതൾ
മനസ്സിൻ പകൽചില്ലയിൽ,
നിൻ മന്ദസ്മിതം പോൽ..

673
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിറദീപമാലകൾ
ചുറ്റമ്പലങ്ങളിൽ
എരിയുന്നു ശോകത്തിൻ
അവസാന നാളമായ്..
സന്ധ്യ തുടുക്കുന്ന
പകൽ വിരാമങ്ങളിൽ
ക്ഷേത്രാങ്കണങ്ങളിൽ

കൂപ്പുകൈ  നൈവേദ്യം ..

674
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗജരാജ വഴികളിൽ
മേളപ്പെരുക്കങ്ങൾ
കോവിലിൽ കണ്ണനും
സൂര്യപ്രഭ പോലെ ..
എത്രമേൽ കണ്ണീരൊ-
ഴുകുന്നു വദനത്തിൽ
വിങ്ങുന്ന ഹൃത്തിന്റെ
പ്രാർത്ഥനാ അലകളായ് ..

675
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആരവലങ്കാരങ്ങളിൽ
വിളങ്ങുന്നു
ശ്രീകോവിൽ നടയിലെ
പരിതാപ ബിംബങ്ങൾ ..
കണ്ണിനു കാണാത്ത
ചെവികൾക്കു കേൾക്കാത്ത
നിശ്ശബ്ദ നോവിന്റെ
തപശിലാ ചിത്രങ്ങൾ ..

676
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണ ഹരേ ഹരേ
കൃഷ്ണ ഹരേ...
ഓടക്കുഴലും പീതാംബരവും
വാർമുടി  ചൂടിയ
മയിൽപ്പീലി ചിത്രവും
അരയന്ന നടനവും
നുണക്കുഴി ചിരിയും
ഗോപികാ തോഴന്റെ
നീരാട്ട്  ലീലകളും

677
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോക്കളെ മേച്ചും
പുൽമേട താണ്ടിയും
യമുനാ തടങ്ങളിൽ
ഒളിച്ചു കളിച്ചും
വെണ്ണ കട്ടോടുന്ന
കുസൃതി നോട്ടവും
അമ്മതൻ  മടിയിലെ
വിരൽ നുണഞ്ഞുറക്കവും.

678
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്പാടി മേടയിലും
ഗുരുകുല മുറ്റത്തും
പൂതനാ മോക്ഷത്തിൻ
ആശ്ചര്യ ഹേതുവിലും
കണ്ണന്റെ തിരുരൂപം
വിഷ്ണുമായയായ്
അവതരിക്കുന്നു ഭൂവിൽ
ആനന്ദ സുകൃതമായ് ...

679
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗുരുപുരിയുണർന്നു
കുഴൽ വിളി ഉയർന്നു
ദീപസന്ധ്യയിൽ
ഹരി മന്ത്രമൊഴുകി
ആലാപനങ്ങളാൽ
തൊഴുകൈകൾ ചുറ്റിലും
ശിലപോലുമുരുകും
ആത്മവിലാപങ്ങൾ...

680
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദേവഗീതങ്ങൾ
കീർത്തനാലാപനം
കണ്ണന് കർപ്പൂര

ദീപാരാധന
ഓടക്കുഴലിൻ
ഗാനവീചിയാലെ
മയിലാട്ട ഭംഗികൾ..

681
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ക്ഷേത്രാങ്കണങ്ങളിൽ
ഹരിനാമ കീർത്തനം,
ഓംകാര മന്ത്രങ്ങൾ
സന്ധ്യ തുടുക്കുന്നു
പരമ ഭക്തിയാൽ !!

682
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നീലവാനച്ചുമരിന്ന്
കീഴെയായ്
പുല്ലുമേയുന്നു
ഗോക്കളും കൂട്ടരും
പുലരി മഞ്ഞിൻ
കുളിരുള്ള മേടയിൽ
കറുകനാമ്പുകൾ
അയവിറക്കുന്നു
കാലിക്കിടാങ്ങളും...

683
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചരൽ പതിഞ്ഞ -
മ്പലമുറ്റത്തേകനായ്
പകലുറങ്ങുന്ന
ഗോപുരച്ചോട്ടിലായ്
മിഴികൂപ്പി നിൽപ്പു -
ണ്ടൊരു പഥികൻ
നിശ്ശബ്ദം, നിസ്സംഗനായ്
മാധവാ !!

684
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

ഒഴുകും അശ്രുവും
പിടയും മൗനവും
അഗ്നിയാഴിയായ്
നീറും മനസ്സും
പൊഴിഞ്ഞ നേരിന്റെ
രാവെളിച്ചം തേടി..
ഞാൻ കൃഷ്ണാ.

685
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കനൽ ജ്വലിക്കുന്ന
വിളക്കുമരത്തിലെ
എണ്ണ വറ്റിയ
തിരിനാമ്പു പുകയുന്നു
അന്തിയണഞ്ഞൊരു
ആകാശമുറ്റത്തും
എരിയും താരകൾ
വിരിയാൻ മടിക്കുന്നു

686
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിഴൽ കനക്കുന്ന
വഴികളിലപ്പോഴും
കരി പടരാത്ത
നിലവിളക്കിലായ്
ഒരു തിരിവെട്ടം
തെളിയാൻ വെമ്പുന്നു
കൃഷ്ണശിലയിലേക്കൊന്നു
പടരുവാൻ..

687
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

രാധാ സംഗീതമൊഴുകുന്ന
കാളിന്ദി,
പ്രണയോല്ലാസമായ്
കളകളംതിരകളും
മൗനം വിതുമ്പുന്ന

ചില്ലയിലൊരു പക്ഷി
കൂടൊരുക്കുന്നുണ്ട്
അന്തിച്ചേക്കേറുവാൻ..

688
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തൂമഞ്ഞുപൊഴിയുന്ന
പുൽമേടച്ചെരുവിലായ്
നൃത്തം ചവിട്ടുന്ന
ഗോക്കളും ഗോപാലരും
പുറകിലായൊഴുകുന്ന
കുഴൽ വേണുനാദവും
രാത്രിതൻ വർണ്ണത്തിൽ
മഴവില്ലു ശോഭയായ്
കണ്ണൻ്റെ  സാമീപ്യം
തീരത്തെ പുണരുന്നു.

689
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു കൈകുമ്പിളിൽ
ജലതീർത്ഥവും
മറുകൈകുമ്പിളിൽ
തുളസീ ദളങ്ങളും
തൊഴുവാനിയില്ലൊരു
അംഗമെന്നിൽ ബാക്കി
നിൻ മുന്നിൽ
കൂമ്പിടുവാൻ
മനക്കണ്ണു മാത്രം
കണ്ണാ, നിന്നരികിൽ എത്താൻ
അകക്കണ്ണ് മാത്രം ...

690
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദീപശോഭകൾ
നിഴൽരൂപം തീർക്കുന്ന
ക്ഷേത്രച്ചുമരിലെ
ശില്പ ഭംഗികളിൽ
ഒരു മുഖം മാത്രം
തെളിയുന്നു കണ്ണിൽ

ഒരു ചിരി മാത്രം
പടരുന്നു അകതാരിൽ ..

691
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശാന്തിതൻ കവാടത്തിൽ
നിസ്സംഗ ചിത്തനായ്
അശ്രു ധാരകളാൽ
അഭിഷേകം
ചെയ്തിടട്ടെ, കണ്ണാ.....

692
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണാ, വരുമോ നീയിനിയും
എന്റെ മനസ്സിന്റെ
കാനനപൊയ്കയിൽ
ഒരു നീരാട്ടിനായി നീ,
ഇനിയും വന്നീടുമോ ?

693
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

താപം ജ്വലിക്കും
മനസ്സിന്റെ തീരത്ത്
ഓടക്കുഴൽ നാദം
ഇനിയും ഉതിർത്തീടുമോ ?

694
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചുട്ടുപൊള്ളുന്ന
ഹൃദയ തന്ത്രികളിൽ
മയിൽപ്പീലി ഇതളുകൾ
സ്നേഹ ലേപനം
ചാർത്തുമോ ? കൃഷ്ണാ!!

695
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വേണുഗാനത്തിൻ
സംഗീതതീർത്ഥമായ്
എന്റെ വാടിയ  പൂന്തോട്ടം
ഇനിയും തളിർക്കുവാൻ ....
എന്ന് നീ വരും കണ്ണാ..

696
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മൂകമായ്, ശൂന്യമായ്
നിദ്രാവിഹീനമായ്
പൊഴിയുമെൻ ദിനരാത്രങ്ങളിൽ
ഒരു പൂനിലാവായി നീ
ഇനിയും പടരില്ലേ ? കണ്ണാ...

697
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോപികാ ഹൃദയങ്ങൾ
കവരുന്ന, കണ്ണാ,
നീയെന്റെ മനസ്സിലും
ശാന്തിതൻ കുളിരായി
നിത്യം വിലസില്ലേ ?

698
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാത്തിരിക്കുന്നു, ഞാൻ
ഏകനായിക്കരെ
നിന്റെ കൊലുസിന്റെ
നാദവും കാതോർത്ത് ... കണ്ണാ...

699
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുലരിമഞ്ഞിൻ

കുളിരിലുണരുന്നു
ഉഷശീവേലി മന്ത്രം
കുത്തുവിളക്കിൻ
അകമ്പടിയാലേ
ഗജരാജ പ്രദക്ഷിണം

700
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ക്ഷേത്രാങ്കണമൊരു
വൈകുണ്ഡമാകുന്നു
നിറദീപങ്ങൾ
നറുകാറ്റിലിളകുന്നു
സത്യദീപങ്ങളിൽ
മുഖം ചേർത്തു നിൽക്കുന്നു
പതിതരാം ഭക്തർ
ശ്രീകോവിൽ നടയിൽ ..

701
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉയരുന്നു കണ്ഠത്തിൽ
ഒരേയൊരു സ്വരം
ഉണരുന്നു മനതാരിൽ
ഒരേയൊരു മന്ത്രം
ഹരേ കൃഷ്ണാ, കൃഷ്ണാ ഹരേ ഹരേ !!

702
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓരോ മുളന്തണ്ടിലും
ഓരോ പീലി തുണ്ടിലും
പ്രണയമെന്ന
അക്ഷരത്തിൻ
ഭദ്രദീപം തെളിയുന്നു.. കൃഷ്ണാ

703
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഭക്തിയാലെ

സ്നേഹമോടെ
കരുതലിൻ
കരങ്ങളാൽ
എഴുതി വച്ച
പാട്ടുകളിൽ
തുളുമ്പുന്നു
കൃഷ്ണ മന്ത്രം

704
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വാക്കുകൾ
വാക്യങ്ങളാകും
അർത്ഥ ഗോപുര -
മതിൽ കെട്ടിൽ
ഒഴുകുന്നുണ്ടൊരു അരുവി
കൃഷ്ണ പാദം പുൽകി മെല്ലെ..

705
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്ന് നീ
വരുമെന്റെ അരികത്ത്
കണ്ണാ
ഓതുവാനേറെയുണ്ടെ-
ന്നകതാരിൽ സങ്കടം
കാത്തിരിപ്പെത്ര
വ്യർത്ഥമെന്നറിയുമോ
മനസ്സിലെ
കാഴ്ചകൾ മങ്ങിത്തുടങ്ങുമ്പോൾ

706
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തൂമഞ്ഞുപൊഴിയുന്ന
പുൽമേടച്ചെരുവിലായ്
നൃത്തം ചവിട്ടുന്ന
ഗോക്കളും ഗോപാലരും
പുറകിലായൊഴുകുന്ന
കുഴൽ വേണുനാദവും
രാത്രിതൻ വർണ്ണത്തിൽ
മഴവില്ലു ശോഭയായ്

കണ്ണന്റെ  സാമീപ്യം
തീരത്തെ പുണരുന്നു.

707
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കറുകനാമ്പിലെ
ജലരേഖ പോലെ
തുളസിക്കതിരിലെ
പുലർമഞ്ഞുപോലെ
കുളിരു പൊഴിയുന്ന
രാവിലുണ്ടൊരു
ശ്രീ കൃഷ്ണനടയിൽ
പ്രാർത്ഥനാ......

708
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൈകൾ കൂമ്പുന്ന
തിരുനടക്ക് മുന്നിലായ്
തീർത്ഥ മുത്തുകൾ
ജലശുദ്ധി തീർക്കുമ്പോൾ
പാപ മോക്ഷത്തിൻ
കല്പനാ മന്ത്രങ്ങൾ
അകതാരിലെവിടെയോ
ശംഖു മുഴക്കുന്നു .. കണ്ണൻ

709
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിടരാത്ത മിഴികളിൽ
പൊഴിയുന്ന ജലകണം
ഏറ്റുവാങ്ങീടണെ
സത്യ ദീപങ്ങളേ
തെളിയട്ടെ അകക്കണ്ണിൽ
ഒരു നെയ്ത്തിരിവെട്ടം..
കണ്ണന്റെ മിഴിയാട്ടം

710
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

കണ്ണനെന്നോതി ഞാൻ
കണ്ണാരം പൊത്തുമ്പോൾ
കണ്ടുഞാൻ നിന്നുടെ
കുസൃതി ചിരി കവിൾ

711
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വെണ്ണ കട്ടോടുന്ന
കളിമുറ്റത്തുണ്ട്
ഗോപാല വൃന്ദങ്ങൾ
പകൽമേഘ ശോഭയായ്

712
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോപികമാരുണ്ട്
ഉറിമുറിക്കരികിലായ്
കണ്ണൻ, കണ്ണിറുക്കുന്നതും
നോക്കി നിൽപ്പൂ

713
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദേവകീ സുതനവൻ
പുഞ്ചിരി തൂകുന്നു
വെണ്ണക്കുടങ്ങളിൽ
മുത്തമിടുന്നു... കണ്ണൻ

714
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആകാശഗോപുര കീഴെ
അരയാൽ തറകൾക്കു
പിന്നിൽ
ഗോപുര വിളക്കുകൾ
തെളിയുന്നു

അനശ്വര മന്ത്രങ്ങൾ
ഉയരുന്നു....

715
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അഗ്നിയിൽ ചാലിച്ച
ഭക്തിതൻ മനസ്സുകൾ
ചന്ദന ലേപനം
ചാർത്തുന്നു നെറ്റിയിൽ
പൂജാപുഷ്പങ്ങൾ
നേരുന്നു തൃപ്പടിയിൽ

716
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൂജാ പ്രദക്ഷിണ -
പുറപ്പാടിനെഴുന്നെള്ളാൻ
വിഷ്ണു രൂപനാം
കണ്ണന്റെ ശ്രീകോവിൽ
ആയിരം ദീപങ്ങളാൽ
വിശ്വ പ്രഭതൂകി.

717
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കുചേലനല്ല ഞാൻ
സതീർത്ഥ്യനുമല്ലല്ലോ
അമ്പാടിയുഴലുന്ന
ഗോപാലനുമല്ല
ഗോപികയല്ല ഞാൻ
പ്രിയരാധയുമല്ല
തിരുമുടിച്ചാർത്തിലെ
മയിൽപ്പീലി തുണ്ടുമല്ല

718
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വിരലിൽ വിതുമ്പുന്ന

മുളന്തണ്ടിൻ വേണുവല്ല
ആകാശപ്പരപ്പിലെ
കാർമുകിൽ നിഴലല്ല
എങ്കിലും
എന്നകതാരിൽ
മൂളുന്നുണ്ടൊരു ഗാനം
കൃഷ്ണ പാദങ്ങളിൽ
അർപ്പിക്കുമർച്ചനാ ഗാനം..

719
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു തിരിവെട്ടത്തിൻ
നിർമല ശോഭയിൽ
ഉരുകുന്നിതെൻ മനം
മെഴുകുതിരി പോലെ ... കണ്ണാ !!

720
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണന്റെ നുണക്കുഴി-
കവിളിൽ വിരിയുന്ന
സാന്ത്വന സത്യത്തിൻ
അകംപൊരുൾ തേടി ഞാൻ..

721
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരുകൈയിൽ അർപ്പിക്കാൻ
ഒരുതുടം തുളസിപ്പൂ
ഹൃദയത്തിലർപ്പിക്കാൻ
പരിതാപങ്ങളും .. കൃഷ്ണാ!!

722
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്മുന്നിലുരുകുന്നു
നിശബ്ദ ദീപങ്ങൾ
ശ്രീകോവിൽ നടയിൽ
നിഴൽരൂപനായി കണ്ണൻ ...

723
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സൂര്യബിംബത്തിൻ
ഉച്ഛതേജസ്സുപോൽ
ചന്ദ്രബിംബത്തിൻ
നറുനിലാവൊളി പോലെ
ശിൽപഭംഗിയാൽ
വാഴുന്നു കോവിലിൽ
ഉലകിൻ നാഥനായ്
ശ്രീകൃഷ്ണ ദേവൻ .

724
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഏറ്റുവാങ്ങുന്നു
പൂജകളൊക്കെയും
പുഞ്ചിരി തൂകുന്നു
സംപ്രീത ചിത്തനായ്
ചുറ്റിലുയരുന്ന
പരിദേവനങ്ങളെ
വിഘ്നമില്ലാതെ
കേൾക്കുന്നു ഗോപാലൻ

725
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മൗനം തുളുമ്പുന്ന
ചുണ്ടിലമരുന്നു
പാഴ്മുളം തണ്ടിനാൽ
തീർത്തൊരു വേണുവും
കണ്ണനറിയാത്ത
നോവില്ല പാരിതിൽ
അവനാലകറ്റാത്ത
ചിത്ത ദുഃഖങ്ങളും ...

726

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സഹനം, സത്യധാര -
യിലമരുമീ മണ്ണിൽ
നിത്യ ശാന്തിതൻ
പ്രയാണങ്ങൾ
മുളന്തണ്ടിൽ
മുഴങ്ങവേ,
ശില പോലും
വെണ്ണയായ് ഉരുകും
കർമ്മ ഭാണ്ഡങ്ങളിൽ
ഒരു പിച്ചകപ്പൂ
നിനക്കായ്, കരുതിടാം
കണ്ണാ ഞാൻ...

727
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒഴുകും കാളിന്ദിതൻ
ഹരിത ഭംഗിയിൽ
കാളീയ ദോഷങ്ങൾ
അകറ്റുന്ന കാർവർണ്ണാ
അവതാരമെടുക്കണേ
ഇനിയുമീ പാരിൽ നീ
കലിപൂണ്ട കാലത്തിൻ
ഉൾച്ചൂടകറ്റുവാൻ
നിലയില്ലാക്കയത്തിലെ
തുഴവഞ്ചിയാകുവാൻ ..

728
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണദീപാർച്ചന
വിളക്കുകൾ തെളിഞ്ഞു
സോപാന സംഗീതം
ഇടയ്ക്കയിൽ വിരിഞ്ഞു
സ്വർണ്ണ ഗോപുരം
സന്ധ്യത്തുടിപ്പാർന്നു
പ്രദക്ഷിണ വഴികളിൽ
ഹരേ കൃഷ്ണ മന്ത്രങ്ങൾ !!

729

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരുനൂറ്റി അമ്പത്തി -
ഒന്നു തിരിയിട്ട
അണയാത്ത
നില വിളക്കേന്തി
നിൽപ്പൂ ഞാൻ ചാരെ,
നിൻ, കണ്ണാ...

730
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അണയാൻ പോയ നേരം
മറപിടിച്ചൂ,  കണ്ണൻ
കരിന്തിരി കത്താതെ
എണ്ണ പകർന്നു നീ,

731
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരു കൈകൾ
നെഞ്ചോടു ചേർത്തു
നിൽപ്പൂ ശ്രീകോവിൽ
നടയിലായി ഞാൻ
പാമരനായൊരെൻ
മയിൽപ്പീലി തുണ്ടുകൾ ...

732
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൊന്നു ഗുരുവായുര-
മ്പലനടയിൽ
കൈകൂപ്പി മിഴികൾ കൂമ്പി
ഉഷ പൂജ കണ്ടു തൊഴാനായ്
ഭക്തജനം നിരനിരയായി...

733
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സൂര്യപ്രഭ ചൊരിയും കോവിലിൽ
കണ്ണന്ന് അലങ്കാരങ്ങൾ
പിച്ചകവും തുളസീ മാലയും
തളിർ മേനിയിൽ
നിറ ഭംഗികളായ്

734
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗണപതിയേ മയ്യപ്പനെയും
ദേവിയേയും വലം വച്ചിട്ട്
കണ്ണന്റെ തൃപ്പടി മുന്നിൽ
സാഷ്ടാംഗ നമസ്കാരങ്ങൾ..

735
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അഭിഷേക ചാർത്തു തുടങ്ങി
ഓംകാര മന്ത്രമുണർന്നു
പൊന്നു ഗുരുവായൂരപ്പന് -
മുന്നിൽ
ഉഷപൂജ വിളക്ക് തെളിഞ്ഞു

736
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അകതാരിൽ
അമൃതാകണേ, കണ്ണാ
വഴികളിൽ
തുണയാകണേ,
കനൽ പൊള്ളും  പാതയിൽ
മനമുരുകും യാത്രയിൽ
തണൽ ചാർത്തും
നിഴലാകണേ, കണ്ണാ
മുകിൽ മാഞ്ഞ മാനത്തെ
കുളിരാകണേ !!

737
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകൽ വെട്ടം മായുന്ന
ജീവിത സന്ധ്യയിൽ
താരക ശോഭയായ്
ഉദിക്കേണമേ, കണ്ണാ
ഉയിരിന്റെ  വെളിച്ചമായ്
ഉണർവ്വേകണേ !!

738
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജലരോഷമുയരുന്ന
കരകാണാക്കയങ്ങളിൽ
നിലയില്ലാ തോണിക്ക്
തുഴയാകണേ,  കണ്ണാ
ചുഴികളെ ഗതി മാറ്റും
കടൽക്കാറ്റാകണേ !!

739
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിദ്ര വഴിമാറും
മൂകമാം രാവിന്റെ
പാതിരാ സ്വപ്നങ്ങൾക്ക്
കൂട്ടിരിക്കേണമേ, കണ്ണാ
മയിൽപ്പീലിയിതളാൽ
തഴുകിയുറക്കണേ !!

740
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൊയ്മുഖം കോലങ്ങൾ
കെട്ടിയാടീടുമ്പോൾ
നേർമുഖം അറിയുവാൻ
മിഴിവേകണേ , കണ്ണാ
അകക്കണ്ണിലണയാത്ത
നെയ്ത്തിരിയാകണേ !!

741

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നഗരപഥങ്ങളിൽ
ഉതിരുന്ന നിശ്വാസത്തിൻ
നോവിൻ കനൽത്തരി
അണയേണമേ , കണ്ണാ
ഹിമകണം പൊഴിയുന്ന
പൊന്നുഷസ്സാകണേ !!

742
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിരനിരയായ് നീങ്ങും
ഭക്തർ
നിളയൊഴുകും
അലകൾപോലെ
ഉഷ പൂജ നിവേദ്യ വിശേഷം
കണ്ണന് ഇന്നേകാദശിയും

743
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗുരുപൂജകൾ
ജപമന്ത്രങ്ങൾ
നറു തുളസി
മാലകൾ മാറിൽ
അണയാത്തൊരു
നെയ്ത്തിരി വെട്ടം
ശ്രീകോവിലിൽ
ദീപ പ്രഭയായ്

744
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നാരായണ പ്രാർത്ഥനകളുണ്ട്
അകതാരിൽ
ഇടമുറിയാതെ
ജല തീർത്ഥം നുകരാനായി
കൈ കുമ്പിൾ

കണ്ണന് മുന്നിൽ

745
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വ്രതശുദ്ധി തൻ
വൃശ്ചിക മാസേ
ഏകാദശി ഉപചാരങ്ങൾ
ഉപവാസ ഉപാസനകൾ
മനശുദ്ധിതൻ വാക് ശുദ്ധികളും
കണ്ണന് അഭിഷേകങ്ങളും

746
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗുരുവായൂരമ്പല നടയിൽ
തൊഴുകൈയിൽ
വീണുടയുന്നൊരു മിഴി -
നീരിൻ കാണിക്കയുമായി
ഏകാദശി പുണ്യം നുകരാൻ
ഞാനും നിന്നരികെ കണ്ണാ !!

747
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഈറൻ പൊഴിയുന്ന
കാർമേഘ നിറമൊത്ത
ചുരുൾ മുടി കെട്ടിൽ
മഴനൃത്തം ചെയ്യുന്ന
മയിൽപ്പീലിയാണെന്റെ ജന്മം
കണ്ണാ !!!

748
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സന്ധ്യ മയങ്ങുമ്പോൾ
ചുണ്ടിൽ അമരുന്ന
ശൂന്യമാം മുളം തണ്ടിൽ
സംഗീതമൊഴുകുന്ന

ഓടക്കുഴലെന്റെ  ജന്മം
കണ്ണാ !!!

749
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗോപികമാരുടെ
ചേലകവർന്നു നീ
മറഞ്ഞിരിക്കും നേരം
ചുണ്ടിൽ വിരിയുന്ന
കുസൃതിച്ചിരിയെന്റെ  ജന്മം
കണ്ണാ !!!

750
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആരുമറിയാതെ നീ
വെണ്ണക്കുടം തേടി
മച്ചിലറയിലെ
ഉറികളിൽ ആടുന്ന
ഊഞ്ഞാലാണെന്റെ  ജന്മം
കണ്ണാ !!!

751
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അമ്മ വിളിച്ചിട്ടും
അരികിലെത്താതെ
ഗോപാലരുമൊത്തു നീ
ഗോക്കളെ മേക്കുന്ന
കാളിന്ദി തീരമെൻ ജന്മം
കണ്ണാ !!!

752
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദുഃഖത്തിൽ കൈവിടാ-
തെപ്പഴും കാക്കുന്ന
പുഞ്ചിരി മായാത്ത
സാന്ത്വന വദനത്തിൻ

സാമീപ്യമാണെന്റെ  ജന്മം
കണ്ണാ !!!

753
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മനസ്സിൻ കയങ്ങളിൽ
തുഴ പോയ നേരത്ത്
കരയിലെൻ തോണിക്ക്
നങ്കൂരം കെട്ടിയ
കരുതലെൻ സായൂജ്യ ജന്മം
കൃഷ്ണാ, നിന്റെ
കൈകളിലെൻ പുണ്യ ജന്മം

754
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്വപ്ന യാത്രതൻ
തീർത്ഥകടവിങ്കൽ
കാത്തു നിൽപ്പൂ ഞാൻ
നിൻ തിരുമുഖം...കൃഷ്ണാ!!

755
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വദന ഭംഗിയിൽ
അടരും നുണക്കുഴി
കവിതയൊഴുകുന്ന
കാൽ ചിലങ്കയും.. കൃഷ്ണാ!!

756
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രണയരാഗങ്ങൾ
നേർത്ത മുളം തണ്ടിൽ
രാധ ചൊല്ലിയ
പരിഭവാജ്ഞകൾ...കൃഷ്ണാ!!

757

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉടലിലുലയുന്ന
ചേല ഭംഗിയും
മുടിയിലാടുന്ന
നനഞ്ഞ പീലിയും.. കൃഷ്ണാ!!

758
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉഷസ്സുണരുന്ന
ശിൽപചാരുത
അണിവയറിലെ
ആലിലയാട്ടം...കൃഷ്ണാ!!

759
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അന്തമില്ലാത്ത
വരികളിൽ ഞാനും
ചന്തമോടെ നിൻ
തിരുമുഖം കാണാൻ.. കൃഷ്ണാ!!

760
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്വപ്ന സഞ്ചാരം
നടയിലെത്തുമ്പോൾ
അടഞ്ഞ ഗോപുര
വ്യർത്ഥമോഹങ്ങൾ.. കൃഷ്ണാ!!

761
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൈകൾ കൂപ്പി നിൻ
നാമമുരുവിടെ

തെളിഞ്ഞ ദീപത്തിൽ
നിന്റെ സാന്ത്വനം .. കൃഷ്ണാ!!

762
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അടഞ്ഞ മിഴിയിലെ
നീർകണങ്ങളിൽ
കൃഷ്ണഗീതത്തിൻ
പ്രണയ നോവുകൾ...കൃഷ്ണാ!!

763
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ആറാട്ട് വിളക്കുകൾ
തെളിഞ്ഞൂ
ആകാശ ദീപങ്ങൾ
പൊലിഞ്ഞു
ആഘോഷരാവുകൾ
മിഴി തുറന്നൂ
കണ്ണന്റെ തിരുനടയിൽ
ഉത്സവമേളമുയർന്നൂ

764
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിശബ്ദ യാത്രയിൽ
അകതാരിലെരിയുന്നു
ചെറുകാറ്റിലാടുന്നൊരു
നെയ്വിളക്കിൻ തിരി
മനസ്സിൻ നടവഴിയിൽ
മുറജപം തെറ്റാത്ത
ശയനപ്രദക്ഷിണം

765
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നാവിൽ പൊഴിയുന്ന
അക്ഷര മുത്തുകളിൽ

ഓംകാര മന്ത്രത്തിൻ
അലയൊലികൾ
ജ്വലിക്കും ഹൃദയത്തിൽ
ഒരുമുളം തണ്ടിലെ
ജലമർമ്മരങ്ങളും.. കണ്ണാ

766
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എരിയുന്ന നെഞ്ചിലെ
ശൂന്യമാം ചിന്തകളിൽ
മാറത്തടക്കിയൊരു
ജീവിത ഭാണ്ഡവും
യാത്രതൻ അപരാഹ്നത്തിൽ
വഴിയറിയാത്തൊരു
മിഴികളിൽ ശോകവും.. കണ്ണാ

767
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദനകർപ്പൂര
ഗന്ധത്തിലാറാടും
ചുറ്റമ്പലത്തിന്റെ
കൽചിത്രഭംഗിയിൽ
വിരൽമുദ്ര തെളിയുന്ന
തൊഴുകൈയിലുണ്ടൊരു
വിയർപ്പിൽ  കുതിർന്നൊരു
ഭക്തിതൻ അവിൽപ്പൊതി !!

768
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിൻ മുഖം കാണാതെ
നിന്നെ വരച്ചിടും
പുൽതണ്ടാണെന്റെ
ഹൃദയം, ഒരു
കറുകനാമ്പാണെന്റെ
ഹൃദയം

769
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

മിഴികളിൽ കരിമഷി
കവിളിൽ കളഭവും
ചാർത്തുന്ന വിരലെത്ര
പുണ്യം, നിന്നെ കാണാത്ത
മനമെത്ര ശൂന്യം

770
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇളകുന്ന മയിൽപ്പീലി
തണ്ടിലലയുന്ന
രൂപമാണിന്നെന്റെ  മുന്നിൽ
ഒരു മുളം തണ്ടിനെ
ചുണ്ടോടടുപ്പിച്ച
വെണ്ണിലാ ഗീതമെൻ കാതിൽ

771
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തളരുന്ന ഹൃദയത്തെ
നെഞ്ചോട് ചേർക്കുന്ന
കരുതലിൽ നിറയുന്ന സ്നേഹം
ചുണ്ടിൽ വിടരുന്ന
സാമ ജപങ്ങളിൽ
നീ തന്നെയെന്നുമെൻ കണ്ണാ

772
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു വേള ഞാനൊന്നു
കണ്ണടച്ചീടുകിൽ
ഇരുളിൽ വിടരുന്ന രൂപം
സ്വപ്നത്തിലെപ്പോഴും
സാന്ത്വനമാകുന്ന
കാൽത്തളനാദമെന്നരികിൽ

773
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിനീ അലങ്കാര -
ചിത്രങ്ങൾ മേനിയിൽ
കാർവർണ്ണ മിഴിവിലെ
നിറപ്പൂക്കളുള്ളപ്പോൾ
കണ്ണാ !!

774
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിനീ ദീപ പ്രഭയും
നിൻ വദനത്തിൽ
പുഞ്ചിരി വെളിച്ചത്തിൻ
ജ്യോതി തെളിയുമ്പോൾ
കണ്ണാ !!

775
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിനൊരു സോപാന
സംഗീതം തിരുമുമ്പിൽ
മുളംതണ്ടിലൊഴുകുന്ന
അമൃതധാരയുള്ളപ്പോൾ
കണ്ണാ !!

776
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിന് പൂക്കളാൽ
നൈവേദ്യപൂജകൾ
ഹൃദയത്തിൽ വസന്തം
പൂവാടി തീർക്കുമ്പോൾ
കണ്ണാ !!

777
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിന് ചന്ദനച്ചാർത്തും
പട്ടു ചേലയും
നാവിൽ നാരായണ -

മന്ത്രം പൊഴിയുമ്പോൾ
കണ്ണാ !!

778
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിനുദയാസ്തമന -
പൂജകൾ വഴിപാടായ്
മനസ്സിന്റെ കോവിലിൽ
നിത്യാർച്ചനയുണ്ടെങ്കിൽ
കണ്ണാ !!

779
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിന് ശംഖുയരുന്നു
നിന്നെയുണർത്തുവാൻ
ഉറങ്ങാത്ത നാവിലെ
ജപമന്ത്രമുള്ളപ്പോൾ
കണ്ണാ !!

780
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിന് നീരാഞ്ജനം
നിൻ തിരുമേനിയിൻ
അടയാത്ത കണ്ണിലെ
ജലധാരയുള്ളപ്പോൾ
കണ്ണാ !!

781
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

782
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

എന്തിന് വ്യഥകൾ

മാനവ ഹൃദയത്തിൽ
നിന്റെ അനുഗ്രഹ -
ദർശനം കിട്ടീടുകിൽ
കണ്ണാ !!

783
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ചന്ദന ശിലയിലൊരാർദ്ര
ഗാനവുമായ്
പുല്ലാങ്കുഴലൊന്നധരത്തെ
പുൽകുമ്പോൾ
ഏഴു തിരിയിട്ട
നെയ് വിളക്കിൻ നിറവിൽ
കണി ദർശനം നേടാൻ
കണ്ണന്നരികെ ഞാൻ

784
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പട്ടുടയാടകൾ,
അലങ്കാര വേഷങ്ങൾ
പുഞ്ചിരിയിൽ വിടരും
കവിളിലെ നുണക്കുഴി
പീലിത്തിരുമുടിയിൽ
മഴമേഘ ശലഭവും
ആ തിരുമുന്നിൽ നിൽക്കേ
മായുന്ന ശോകവും

785
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

വേനലിൽ തളരാത്ത
കണിക്കൊന്നപൂപോലെ
മുഖശ്രീയിൽ പൊഴിയുന്ന
പകൽ നിലാക്കുളിരും
ഗോകുലപാലന്റെ
ഇടം കണ്ണിൻ കുസൃതിയും
പുതുവർഷപ്പുലരിതൻ
അണയാ പ്രതീക്ഷകളും

786
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൊഴിഞ്ഞൊരു ബാല്യത്തിൻ
കൊഴിയാത്ത ഓർമ്മയിൽ
പൂക്കുന്നൊരായിരം
കണിക്കൊന്ന ചുറ്റിലും
ഓട്ടുവിളക്കിന്റെ ശോഭയിൽ
തെളിയുന്നു, അമ്മതൻ
സ്നേഹവും, ക്ലാവുപിടിക്കാത്ത
ഹൃദയത്തിൽ കണ്ണനും

787
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മയിൽപ്പീലി കണ്ണിനാൽ
മുഖചിത്രമെഴുതിയും
നുണക്കുഴി കവിളിൽ
ഋതുഭംഗി പൊഴിഞ്ഞും
കണ്ണനിന്നലങ്കാരപൂജ
വൈശാഖം വിടരുന്ന
ഉദയാസ്തമന പൂജ

788
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഏഴുതിരിയിട്ട നെയ് -
വിളക്കിൻ ചാരെ
പുഞ്ചിരി തൂകി നിൽക്കും
മോഹന ശിൽപത്തിൽ
അഭിഷേകപുഷ്പത്താൽ
ആത്മ നൈവേദ്യങ്ങൾ
ഇടനെഞ്ചിലുയരുന്ന
സോപാന ഗീതങ്ങൾ

789
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശാന്തമീ ഗുരുപുരി,
ശാന്തമീ ചുറ്റമ്പലക്കെട്ടും
പകൽ വിടരും നേരം
ജപ മന്ത്രഘോഷത്തിൻ

ആൾത്തിരയിരമ്പുന്ന
ഭക്തിതൻ കടലാകും
മറുകര തേടുന്നൊരു
നൗകയാകീടും മനം

790
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മൗനം വിതുമ്പുന്ന
അധരത്തിലെപ്പോഴും
ശ്രീകൃഷ്ണ മന്ത്രത്തിൻ
മായാത്ത ചിത്രങ്ങൾ
കൂമ്പിയ കണ്ണുകളിൽ
അടരുന്ന അശ്രുവിൽ
പെരുമഴക്കാലത്തിൻ
കാർമേഘം പൊഴിയുന്നു
ദേവശിലയിലത്
ജലധാര തീർക്കുന്നു

791
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇടറുന്ന കണ്ഠത്തിൽ
ഇടറാത്ത നാമമായ്
കണ്ണാ. നീയെന്നുമെൻ
അക്ഷരത്താളിന്നലങ്കാരം
വഴിയേതെന്നറിവീല
വിധിയെന്തെന്നറിയില്ല
കൂടെ നീയുണ്ടെന്ന
പ്രതീക്ഷയതൊന്നുമാത്രം

792
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഓരോ ഇതളും
പൊഴിയുന്ന വേനലിൽ
കണ്ണീർ പൊഴിക്കുന്ന
ചില്ലതൻ നോവുപോൽ
വിങ്ങുന്ന ഹൃദയത്തിലു-
രുകുന്ന വെണ്ണയാൽ
നൈവേദ്യമേകട്ടെ
ഞാനെന്റെ യാത്രയിൽ

793
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സപ്തസ്വരങ്ങൾ
ഉതിരുന്ന വേണുവിൽ
ആരും കേൾക്കാത്ത
നോവിൻ ശ്രുതിയായി
കാറ്റിൽ അലയുന്നു
ഇടറുന്ന നെഞ്ചിലെൻ
നാമ സങ്കീർത്തനം
അർച്ചനാ പുഷ്പമായ്

794
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു നിഴൽ തേടുന്ന
എരിയുന്ന പ്രാണനിൽ
ജലധാര തീർക്കുവാൻ
ആകാശമേലാപ്പിൽ
കരിമേഘശകലമാം -
നിന്നവതാര രൂപത്തിൽ
മിഴിനീർ പൊഴിച്ചൊരു
പെരുമഴ തീർക്കട്ടെ ഞാൻ ....

795
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു നിഴൽ തേടുന്ന
എരിയുന്ന പ്രാണനിൽ
ജലധാര തീർക്കുവാൻ
ആകാശമേലാപ്പിൽ
കരിമേഘശകലമാം -
നിന്നവതാര രൂപത്തിൽ
മിഴിനീർ പൊഴിച്ചൊരു
പെരുമഴ തീർക്കട്ടെ ഞാൻ ....

796
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു നിഴൽ തേടുന്ന

എരിയുന്ന പ്രാണനിൽ
ജലധാര തീർക്കുവാൻ
ആകാശമേലാപ്പിൽ
കരിമേഘശകലമാം -
നിന്നവതാര രൂപത്തിൽ
മിഴിനീർ പൊഴിച്ചൊരു
പെരുമഴ തീർക്കട്ടെ ഞാൻ ....

797
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇരുണ്ട വാനിലെ
മഴക്കുളിർ കാറ്റും
നനഞ്ഞ മേനിയിൽ
പടർന്ന ചേലയും
നൃത്തമാടുന്ന
പീലിത്തിരുമുടി
മഴകുതിർന്നതാ
നിൽക്കുന്നു കണ്ണൻ !!

798
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഗഗനഗർജനം
മുഴങ്ങി ചുറ്റിലും
പിണരും ബാണങ്ങൾ
മിന്നലായ് നീളെ
ശലഭ രാഗം പോൽ
വേണു നാദവും
പുലർന്നുണരാത്ത
സൂര്യ ബിംബവും

799
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പെരുമഴ പെയ്ത്തിൽ
നിറഞ്ഞ കാളിന്ദി
അകിടു തേടുന്ന
പശുക്കിടാങ്ങളും
ഹിമകണം പോൽ
നിറയും മിഴിക്കോണിൽ
പ്രണയ രാഗങ്ങൾ

പെയ്തലയുന്നിതാ

800
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൂമരങ്ങളിൽ
കാറ്റ് ചേക്കേറും
പൊഴിഞ്ഞ പൂവിതൾ
ഒഴുകി നീന്തുന്നു
വിടർന്ന ചുണ്ടിലെ
അമർന്ന വേണുവിൽ
മയൂര ഭംഗിയാൽ
ശാന്തി  ഗീതങ്ങൾ !!

801
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സപ്താഹ ശംഖിലെ
നാദമുണരുമ്പോൾ
പൊന്നു ഗുരുവായൂരിൽ
ഉത്സവ കൊടിയേറ്റ്

802
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പകൽ കൊഴിഞ്ഞൊരു സന്ധ്യ
ദീപം തെളിയ്ക്കുമ്പോൾ
ഭക്തിതൻ സംഗീതം
ക്ഷേത്രാങ്കണങ്ങളിൽ

803
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ദശാവതാരത്തിൻ
രൂപങ്ങൾ ചാർത്തുന്ന
അലങ്കാര ഭംഗിയിൽ
കണ്ണന്റെ ശ്രീലകം

804
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തൊഴു കൈയിൽ ശൂന്യതാ
മിഴികളിൽ ആർദ്രതാ
ആവില്ലൊരു ജന്മം
കണ്ണനെ കാണാതെ

805
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജപമന്ത്രമൊഴുകുന്ന
പ്രദക്ഷിണ പഥത്തിലെ
തുളസിക്കതിരുപോൽ
നിൻ മുന്നിൽ നിൽപ്പൂ ഞാൻ

806
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

അലകളായ് വിടരുന്ന
പുഞ്ചിരി അധരത്തിൽ
ഒഴുകുന്ന വേണുവിൽ
ഭക്തിതൻ ശ്രുതി താളം
പൊന്നു ഗുരുവായൂരിലെ
സപ്താഹ സന്ധ്യകൾ...

807
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ജീവിതം കൈവിട്ട
വഴികളിലെപ്പൊഴും
കൈപിടിച്ചെത്തുന്ന
കണ്ണന്റെ സാന്ത്വനം

808
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരുവേള മെല്ലെ
കണ്ണടച്ചീടുമ്പോൾ

അരികിൽ ഉതിരുന്ന
കാൽത്തള നാദങ്ങൾ

809
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തളരും മനസ്സിലെ
കുളിരുള്ള സ്പർശമായ്
എങ്ങോ ഒഴുകുന്ന
വേണു ഗീതങ്ങൾ

810
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ശൂന്യമാം  യാത്രയിൽ
സഹയാത്ര ചെയ്യുന്ന
ആകാശ വീഥിയിൽ
കണ്ണന്റെ
മഴമേഘ നൃത്തങ്ങൾ

811
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

തുണയായ് , തണലായ്
അദൃശ്യനായെപ്പോഴും
സങ്കടം കാണുന്ന
അവതാരപുണ്യം നീ
കണ്ണാ!!!

812
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഉടയുന്ന കണ്ണിലെ
ജല ബാഷ്പ ബിന്ദുവിൽ
തെളിയുന്നു നിൻ മുഖം
കരുതലായ്, സ്നേഹമായ് !!
കണ്ണാ!!!

813

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൊന്നു ഗുരുവായൂരപ്പനേ
പൂന്തളിർ മേനിയിതെന്തു ഭംഗി
കവിളിലെ നുണക്കുഴി
വിടരാൻ വിതുമ്പുന്നു
മിഴിയിലെ കുസൃതിയിൽ
നിദ്രതൻ മുകിലാട്ടം

814
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിർമ്മാല്യപൂജയ്ക്കായ്
തുയിലുണരുക ദേവാ
അഭിഷേക ദ്രവ്യങ്ങൾ
നെയ് വിളക്കലങ്കാരം
നീരാട്ട് കടവിങ്കൽ
വാകപ്പൂമണം നീളെ

815
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുഷ്പാർച്ചനകളാൽ
ഉഷപൂജ തെളിയുന്നു
ചന്ദന വിശുദ്ധിയാൽ
ശ്രീകോവിൽ ഉണരുന്നു
ഇടയ്ക്കതൻ നാദത്തിൽ
സോപാനമൊഴുകുന്നു

816
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൂമ്പിയ മിഴികളിൽ
തുളുമ്പുന്നു സങ്കടങ്ങൾ
കൂപ്പിയ കൈകളാൽ
കേഴുന്ന പതിതരെങ്ങും
ദർശന പുണ്യം നേരാൻ
തുയിലുണരുക കണ്ണാ

817

കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പൊന്നു ഗുരുവായൂരപ്പനേ
പൂന്തളിർ മേനിയിതെന്തു ഭംഗി
കവിളിലെ നുണക്കുഴി
വിടരാൻ വിതുമ്പുന്നു
മിഴിയിലെ കുസൃതിയിൽ
നിദ്രതൻ മുകിലാട്ടം

818
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണകൃപ -
യറിയുവാൻ
കൃഷ്ണനെയറിയണം
തളരാത്ത ചുണ്ടിലെ
പുഞ്ചിരിയറിയണം

819
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
മുളങ്കുഴൽ പാട്ടിന്റെ
രുചി ഭേദമറിയണം
മയിൽപ്പീലി തുണ്ടിലെ
മനക്കണ്ണറിയണം

820
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കള്ളച്ചിരിയിലെ
സത്യങ്ങളറിയണം
പറയാതെയറിയുന്ന
ഹൃദയത്തെയറിയണം

821
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
തുളസിക്കതിരിലെ
നൈർമല്യമറിയണം
അർച്ചനാ പുഷ്പത്തിൻ
അകഭംഗിയറിയണം

822
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ഗോക്കളോടൊത്തുള്ള
കളിചിരിയറിയണം
ഗീതയിലോതുന്ന
പരമാർത്ഥമറിയണം

823
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ചേല കട്ടോടുന്ന
കുസൃതികളറിയണം
ഗോപികമാരുടെ
ചാപല്യമറിയണം

824
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
യമുനാതടത്തിലെ
നീരാട്ടറിയണം
കാളിന്ദീ നദിയിലെ
സംഹാരമറിയണം

825
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
വെണ്ണക്കുടത്തിലെ

ഉഴലാട്ടമറിയണം
അമ്മതൻ കനവിലെ
സ്നേഹത്തെയറിയണം

826
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കംസൻ കേട്ടൊരു
അശരീരി അറിയണം
ദേവകീ പുത്രന്റെ
ജൻമോദ്ദേശമറിയണം

827
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
വസുദേവരേന്തിയ
യാതനയറിയണം
ദേവകി വീഴ്ത്തിയ
കണ്ണീരറിയണം

828
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
അരികിലെത്തീടുന്ന
സാമീപ്യമറിയണം
മിഴികൾ തുളുമ്പുന്ന
ഭക്തിയെ അറിയണം

829
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
തിരുമുടിക്കെട്ടിലെ
മയിലാട്ട മറിയണം
പാഞ്ചജന്യത്തിൻ
ശംഖൊലിയറിയണം

830
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കുചേലയാത്രയിലെ
സംഘർഷമറിയണം
അവിൽപ്പൊതി നൽകിയ
മധുരത്തെയറിയണം

831
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ദർശനം നൽകിടും
മോക്ഷത്തെയറിയണം
കൈവിടാതുള്ളൊരു
കരുതലറിഞ്ഞീടണം

832
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പരീക്ഷണങ്ങളെ
ഭയമോടെ കാണണം
ദേവ വഴികളിൽ
ദിശ തെറ്റാതെ നീങ്ങണം

833
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ഓംകാര മന്ത്രത്തിൻ
ശക്തിയെ അറിയണം
ചപലമാം മനസ്സിനെ
ഏകാഗ്രമാക്കണം

834
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
വെണ്ണക്കണ്ണന്റെ
ഇംഗിതംഅറിയണം
രാധ മൂളിയ
പാട്ടൊന്നറിയണം

835
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
മുകിൽ വർണ്ണന്റെ
നിറഭംഗിയറിയണം
അവതാര ലക്ഷ്യത്തിൻ
പൊരുളൊന്നറിയണം

836
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പർവ്വതമുയർത്തിയ
വിരലിനെയറിയണം
കുഞ്ഞുമനസ്സിലെ
ദേവത്വമറിയണം

837
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കാലിമേച്ചൊരു
കാലമറിയണം
ഗോപബാലർ തൻ
കളിചിരിയറിയണം

838
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ചിരിച്ചോണ്ട് നേരിടും

സമസ്യകൾ അറിയണം
തളർന്നു പോകാത്ത
കരുത്തറിഞ്ഞീടണം

839
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പുല്ലാങ്കുഴലിന്റെ
ദ്വാരത്തെയറിയണം
അതിലൂടെയൊഴുകുന്ന
രാഗത്തെയറിയണം

840
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പ്രതീക്ഷകൾ തോൽക്കാത്ത
രാധയെ അറിയണം
നിബന്ധനയില്ലാത്ത
പ്രണയത്തെയറിയണം

841
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
വെണ്ണ വരളാത്ത
നാവിനെയറിയണം
കണ്ണന്റെ ഇഷ്ടങ്ങൾ
പറയാതെ അറിയണം

842
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ഇടയ്ക്കയിൽ ഉയരുന്ന
സോപാനമറിയണം
ഉണരും വദനത്തിൻ
നുണക്കുഴി അറിയണം

843
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പാർത്ഥന്റെ തേരിലെ
നേരിനെ അറിയണം
വഴികാട്ടി തെറ്റിയാൽ
ഗതിയില്ലെന്നറിയണം

844
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
സത്യം മരിക്കി-
ല്ലെന്നെപ്പോഴുമറിയണം
അസത്യങ്ങൾ ചാപിള്ള -
യാണെന്നുമറിയണം

845
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
മത്സരം തോൽവി -
യാണെന്നതറിയേണം
വിജയത്തിലെപ്പൊഴും
കയ്പ്പുണ്ടെന്നറിയണം

846
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പൂവിതൾ കൊണ്ടും
മുറിവേൽക്കുമറിയണം
മുള്ളും ചിലപ്പോൾ
തലോടുമെന്നറിയണം

847
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
രാത്രിക്ക് മാത്രമേ
നിലാവുള്ളെന്നറിയണം
പകലിൻ വ്യാമോഹം
വൃഥാവിലെന്നറിയണം

848
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
തിരകൾ കരയ്ക്കൊരു
കൂട്ടല്ലെന്നറിയണം
കടലിന്റെ രോഷത്തിൻ
അലകളെന്നറിയണം

849
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കണ്ണന്റെ മിഴിയിലെ
അനുകമ്പയറിയണം
കണ്ണാൽ തഴുകുന്ന
നിമിഷത്തെയറിയണം

850
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ഉയരത്തിലെങ്കിലും
താഴ്ചയെ അറിയണം
താഴെയാണുയരത്തിൻ
പടികളെന്നറിയണം

851
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ

വൈകുണ്ഠപുരിയിലേക്കൊരു
യാത്ര ചെയ്യണം
അധരത്തിൽ പൊഴിയുന്ന
നാമത്തെ അറിയണം

852
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
പ്രദക്ഷിണ വഴിയിലെ
ജപയാത്ര അറിയണം
മനസ്സിൽ തെളിയുന്ന
തിരുരൂപമറിയണം

853
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
മേഘവർണ്ണത്തിലെ
മഴവില്ലറിയേണം
പൊഴിയുന്ന മഴയിലെ
ആകാശഗീതത്തെ അറിയണം

854
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
സന്ധ്യക്ക് ദീപം
തെളിക്കുമ്പോഴറിയണം
പ്രാർത്ഥന കേൾക്കാത്ത
വീടില്ലെന്നറിയണം

855
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ചന്ദനം പരിശുദ്ധി
ആണെന്നറിയണം
അഭിഷേകം തീർത്ഥ-
മാണെന്നുമറിയേണം

856
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
അവതാരം
സംഹരിക്കാനെന്നറിയേണം
തിന്മതൻ
സംഹാരമാണെന്നും അറിയേണം

857
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
സന്തോഷമെപ്പോഴും
ക്ഷണികമെന്നറിയേണം
ശാശ്വതം ദുഃഖ-
മാണെന്നുമറിയേണം

858
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
തളരുന്ന ജീവിത-
വഴികളെ അറിയണം
വീഴാതെ കാക്കുന്ന
ദൈവത്തെ  അറിയണം

859
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
മനുഷ്യകുലമൊരു
ജാതിയെന്നറിയേണം
ദൈവത്തിനതിൽ പരം
ജാതിയില്ലെന്നറിയണം

860
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
കർമ്മത്തിലെപ്പോഴും
ധർമ്മം പുലരണം
കർമ്മഫലം തരും
ദൈവമെന്നറിയേണം

861
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
ഓരോ മനസ്സിലും
നന്മയെ കാണണം
സ്വന്തം മനസ്സിലെ
തിന്മയെ മാറ്റണം

862
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനെയറിയുവാൻ
നേരിൻ വഴിയിലെ
യാത്രയിൽ എപ്പോഴും
നിശബ്ദം  കണ്ണന്റെ
കൂട്ടുണ്ടെന്നറിയേണം

863
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒരു മുളം തണ്ടു നിൻ
അധരത്തിലമരുമ്പോൾ
അനന്തമാം സാഗര -
ത്തിരപോലെ സംഗീതം,
ഒരു മയിൽപ്പീലി നിൻ
തിരുമുടി പുൽകുമ്പോൾ
മയൂര നൃത്തത്തി-
നാനന്ദം പാരിലാകെ.

864
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ

ഓംകാരമുണരട്ടെ!!!!

ഓർമ്മകൾ ഒരു വേള
അസ്തമിച്ചീടുകിൽ
ഉദയത്തിനുയിരായി
ഉണരുന്നു നിൻ രൂപം,
മറവിതൻ തിരശ്ശീല
അകതാരിൽ പടരുമ്പോൾ
അണയാത്ത താരമായ്
നിന്നിലെ മുഖഭംഗി.

865
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിത്യ വിഹായസ്സിൽ
കരിമേഘം പടരുമ്പോൾ
നിന്റെ സ്വരങ്ങൾ നീളെ
ശ്രുതി ചേർത്തു പാടുന്നു,
പൂമ്പട്ടു ചേലകൾ
കാറ്റിലിളകിടുമ്പോൾ
ശലഭങ്ങൾ ചിറകിനാൽ
മഴചിത്രമെഴുതുന്നു.

866
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കണ്ണനു കർപ്പൂരത്തിൻ
ദീപാർച്ചനകളുമായി
തൃപ്പടി സന്നിധിയിൽ
കൂമ്പിയ മിഴികളാൽ ഞാൻ,
മനതാരിലൊഴുകുന്നു
കൃഷ്ണ നാമാർച്ചനകൾ
കളകളമൊഴുകുന്ന
കാളിന്ദീ അല പോലെ .

867
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മനസ്സിന്റെ
അക്ഷര ചെപ്പിലോളിക്കണേ
നിദ്രയിൽ പോലും
കാവലിരിക്കണേ

കൺതുറക്കുമ്പോൾ
മുന്നിൽ തെളിയണേ
എല്ലാമറിയുന്നവൻ
നീ പ്രഭോ...

868
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിൻ ദർശനപുണ്യത്തി-
ലാനന്ദമേകിടും
അമൃതാകണേ,
കണ്ണാ, നിറവാകണേ

അലിവേകണേ കണ്ണാ
നീയെന്നിൽ
കൃപയേകണേ

869
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഒന്നു കണ്ടിട്ടും മതി -
വരാത്ത നീ
ചിരി തൂകണേ
കണ്ണാ,  നിഴലാകണേ

അലിവേകണേ കണ്ണാ
നീയെന്നിൽ
കൃപയേകണേ

870
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിലവിളക്കിലെ
നെയ്യുരുകുമ്പോൾ
മോക്ഷമേകണേ
കണ്ണാ, കനിവേകണേ

അലിവേകണേ കണ്ണാ
നീയെന്നിൽ
കൃപയേകണേ

871
കൃഷ്ണ രാഗങ്ങൾ

പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പുഷ്പ മാലയിലൊരു
ശലഭമായി നീ
തുണയേകണേ
കണ്ണാ, രക്ഷയേകണേ

അലിവേകണേ കണ്ണാ
നീയെന്നിൽ
കൃപയേകണേ

872
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിൻ വദനഭംഗിയിൽ
മനം തുടിക്കുമ്പോൾ
കുളിരേകണേ
കണ്ണാ, ശാന്തിയേകണേ

അലിവേകണേ കണ്ണാ
നീയെന്നിൽ
കൃപയേകണേ

873
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കളഭ ഭംഗിയിൽ
കരുണ പാലകൻ
നെയ് പ്രഭ ചാർത്തി
ഗോപുരദീപം
മിഴി തുറക്കുകിൽ
മുന്നിൽ നിൽക്കുന്ന
ദ്വാരകാപാലൻ
കാർവർണ്ണരുപൻ;

874
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഏഴു ദിക്കുകൾ
സത്യബിംബമായ്
പെയ്തമരുന്നു

ഗഗന വാരിധി
അധരദംഗിയാൽ
അടർന്നു വീഴുന്ന
പുഞ്ചിരി നാളം
മൃദുല ശാന്തിയായ് ;

875
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മയിൽച്ചിറകിലെ
വെയിലറിയാത്ത
സ്നേഹപ്പിലിതൻ
തിരുമുടിച്ചന്തം
ഉഷസ്സുണരുന്ന
കിഴക്കൻ മലകളിൽ
ആദ്യ രശ്മിയാൽ
നീരഭിഷേകം;

876
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നിഴൽ പടരുന്ന
ക്ഷേത്രവഴികളിൽ
തൊഴുതു നീങ്ങുന്ന
മന്ദമാരുതൻ
താളമിടറുന്ന
ഇടയ്ക്ക വാദ്യങ്ങൾ
മിഴിയിലടരുന്ന
അശുബാഷ്പങ്ങൾ;

877
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കൃഷ്ണമന്ത്രങ്ങൾ
സ്നേഹ സത്യങ്ങൾ
ഇടമുറിയാത്ത
പ്രാർത്ഥനാ ഗീതം
ഉള്ളുരുകുന്ന
വിലാപ നോവുകൾ !!

878
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

മൗനരാഗത്തിൻ
നിദ്രയിലെപ്പോഴോ
കണ്ടു കണ്ണന്റെ
വദന ഭംഗികൾ

879
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്വപ്നമെന്നെ
തഴുകിയ നേരത്ത്
കേട്ടു ഞാനൊരു
വേണു നാദസ്വരം

880
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

കാറ്റടിച്ചൊരു
രാവ് മറയുമ്പോൾ
അറിഞ്ഞു ഞാൻ നിന്റെ
മോഹസാമീപ്യങ്ങൾ

881
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

നനുത്ത ഹിമകണം
കൊഴിഞ്ഞ പുലരിയിൽ
തൊട്ടു ഞാൻ മെല്ലെ
നനഞ്ഞ മേനിയിൽ

882
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

ഇടയ്ക്കവാദ്യത്തിൽ
ക്ഷേത്രമുണരുമ്പോൾ
കണ്ടു ഞാൻ നിന്റെ
ദേവ രൂപങ്ങൾ

883
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പ്രദക്ഷിണങ്ങളിൽ
ശംഖുയരുമ്പോൾ
നിറഞ്ഞ ദീപത്തിൻ
ശോഭ ഭംഗികൾ

884
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

പാലും പഴങ്ങളും
തൊട്ടു നിവേദിച്ചു
ശിരസ്സു നമിച്ചങ്ങു
പ്രാർത്ഥനയാൽ ..
നിൽപ്പൂ ഞാൻ കണ്ണാ
നിന്റെ കടാക്ഷം തേടി

885
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കൃഷ്ണ ഗീതകൾ
പാടി നടക്കുകിൽ
പാപമുക്തിക്ക്
വേറെന്ത് വേണമേ ?

886
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഒന്നുമില്ലെന്നറിഞ്ഞിട്ടു -

സംശയം
തീർക്കുവാനെത്ര
ഓടി നടക്കുന്നു

887
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ലോകം തന്റെ
വിരലിന്റെ തുമ്പി -
ലെന്നെത്ര അൽപ്പർ
പറഞ്ഞതു കേൾക്കുന്നു

888
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഇട്ടുമൂടാൻ പണമെത്ര
ഉണ്ടേലും
അഷ്ടിയില്ലെന്ന്
ചൊല്ലും ജനങ്ങളും

889
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മുന്നിൽ നിന്ന്
ചിരിക്കും മരണത്തെ
ഓർക്ക കൂടാതെ
കാട്ടുന്ന പേക്കോലം

890
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ലോകമങ്ങ് ഒടുങ്ങിട്ട്
തീർന്നാലും
താൻ അമരനെന്നു
കരുതുന്ന മൂഢരും

891
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നിന്നെയൊരിക്കലും
അറിയുവാനാവില്ലേൽ
തൊഴുകുന്നതെന്തിന്
കണ്ണാ നിൻ രൂപത്തെ

892
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കണ്ടുകൂടായ്മ
തൊട്ടു കൂടായ്മയും
ജന്മമെന്നും
അമ്മ വയറല്ലേ

893
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മോഹഭോഗാദികൾ
എല്ലാം ശമിക്കുന്നു
ആ തിരുനടയിൽ
കൈകൂപ്പി നിൽക്കുമ്പോൾ

894
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഇന്ന് കണ്ടവർ
നാളെ മറയുന്നു
ക്ഷണികമെത്ര
ജീവിതം ധരണിയിൽ

895
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പോയ ദിനങ്ങൾ
തിരിച്ചു കിട്ടീടില്ല
എന്നതറിയാതെ
പഴങ്കഥ ചൊല്ലുന്നോർ

896
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എൻ്റെ അതിരെന്നും
നിൻ്റെ അതിരെന്നും
അതിരറിയാതെ
സ്നേഹം വിളമ്പിയോർ

897
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഭക്തിയില്ലാത്ത
കൂട്ടരുണ്ട് ചിലർ
ധനമോഹത്തിൽ
ചാമ്പലായീടുന്നോർ

898
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര നേടി
എന്നതല്ല ഭൂവിൽ
എന്തു ചെയ്തെന്ന -
താണ് നിൻ ജീവിതം

899
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മാഞ്ഞുപോകണം
പകയും വെറുപ്പെല്ലാം
പാകണം പാരിൽ
സ്നേഹത്തിൻ വിത്തുകൾ

900
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഒന്നു ചിരിച്ചാൽ
മായുന്ന പരിഭവം
നീറി നീറി പുകയ്ക്കുന്നു
മാനുഷർ

901
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഓടി ഓടി തളരുന്ന
ജീവിതം
വീണു പോവുകിൽ
ഏകനായ് ഭൂവിതിൽ

902
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

രോഗശാന്തിക്ക്
വൈദ്യനെ കാണുന്നോർ
ആത്മശാന്തിയെ
പാടെ മറക്കുന്നു

903
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പത്തുരൂപ
ചെലവഴിച്ചീടുമ്പോൾ
പത്ത് വട്ടം
ചിന്തിക്കുന്നു ചിലർ

904
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ദേവപ്രീതിക്കായ്
ലക്ഷങ്ങൾ നൽകുന്നോർ
ഭിക്ഷനൽകില്ല
പത്ത് കാശെങ്കിലും

905
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മനുഷ്യ ദൈവങ്ങൾ
പെരുകുന്നു ഭൂവിതിൽ
കർമ്മദോഷത്താൽ
എങ്ങോ മറയുന്നു

906
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നല്ല ചിന്തയ്ക്ക്
വിദ്യയൊട്ടും വേണ്ട
നല്ല ബന്ധവും
സ്നേഹവും ധാരാളം

907
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ശൈശവത്തിലെ
നല്ല പാഠങ്ങളേ
വാർദ്ധക്യത്തിലും
മാർഗ്ഗം തെളിയിക്കൂ

908
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഓർക്കുകില്ലൊരു
സത്യവും ശരികളും
ചെറു തെറ്റുകൾ പോലും
മറക്കാത്ത മാനുഷർ

909
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എന്തിനിത്ര
അസ്വസ്ഥരാകുന്നു
ചെറുതണ്ടിലല്ലേ
ഭൂമി കറങ്ങുന്നു

910
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കോപമെത്ര
വന്നീടുകിൽ അൽപ്പം
ജലപാനവും
ശമിപ്പിക്കുമാ രോഷം

911
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നമ്മളെത്ര
വൈകിയുണർന്നാലും
സൂര്യദേവനെ
മറയ്ക്കാൻ കഴിയുമോ

912
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അപ്രിയമായ
ചോദ്യങ്ങളുയരുമ്പോൾ
മൗനം നല്ലൊരു
ഉത്തരമാണല്ലോ

913
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര താരകൾ
ഒന്നിച്ചുദിച്ചാലും
തോൽപ്പിക്കാനാകുമോ
സൂര്യപ്രഭാവത്തെ

914
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മരണ വീട്ടിൽ
കണ്ണീരൊഴുക്കുന്നു
ഇന്നലെയോളം
കരയിച്ച ജന്മങ്ങൾ

915
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ബാങ്ക് ബാലൻസിൽ
നേർവഴി തെറ്റുന്നോർ
നില തെറ്റി
കുഴിയിൽ പതിക്കുന്നു

916
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

സ്നേഹമെത്ര
കിട്ടീടുകിലും ചിലർ
എത്ര കിട്ടി സ്വത്തെന്ന്
നോക്കുന്നു

917
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ജാതി ചൊല്ലി
കലഹിച്ചിടുന്നോർ
പാതി ജീവിതം
വ്യർത്ഥമാക്കീടുന്നു

918
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അന്നം  കിട്ടാതെ
പൊരിയുന്ന വയറിലെ
രക്തശുദ്ധി
ചികയുന്നിതു ചിലർ

919
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

താങ്ങി നിൽക്കുന്ന
തൂണിനെ ഓർക്കാതെ
വീടിൻ മേൻമ
നടിക്കുന്ന  മാനുഷർ

920
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര പകലുകൾ
അസ്തമിച്ചെങ്കിലും
ഉണരാതിരിക്കുമോ
പുലരിയെന്നെങ്കിലും

921
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഒറ്റക്കെന്ന് തോന്നുന്ന
നേരത്ത്
കൃഷ്ണനാമങ്ങളാൽ
കൂട്ടുകൂടീടണം

922
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര പെരുമഴ
പെയ്യങ്ങ് തോർന്നിട്ടും
സമുദ്രങ്ങളെന്തേ
കര കവിയാത്തത്

923
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നല്ലതെന്നും
ചീത്തയെന്നും ചിലർ
ഉള്ളു നോക്കാതെ
ജൽപ്പനം ചെയ്യുന്നു

924
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഏഴുതിരിയിലെ
ഓട്ടു വിളക്കിലും
ശോഭയല്ലാതെ
മറ്റെന്തു കാൺമൂ നാം

925
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഉള്ളറിഞ്ഞ
സത്യങ്ങളെന്നുമേ
കള്ള വാക്കിലും
വാടാതെ പുഷ്പിക്കൂ

926
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ദേവരാഗങ്ങൾ
പൂത്തുലഞ്ഞെങ്കിലും
കയ്പ്പ് മാറാത്ത
നാവെത്ര വ്യർത്ഥമേ

927
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വേദമന്ത്രങ്ങൾ
നൽവണ്ണമോതിലും
നൽ മനസ്സുകൾ
ഇല്ലാ ചിലർക്കെല്ലാം

928
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കർമ്മം ചെയ്യാതെ
പരിഭവം ചൊല്ലുന്നോർ
സ്വപ്നം കണ്ടു
ഒടുങ്ങുന്ന ജീവിതം

929
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നേരമില്ലാ
അമ്മയെക്കാണുവാൻ
നേരമുണ്ടങ്ങു
ലോകം കറങ്ങുവാൻ

930
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അല്ലലില്ലാത്ത
നിത്യ സുഖങ്ങളിൽ
ലഹരി കേറ്റി
മറുസുഖം തേടുന്നോർ

931
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നാല് പേരുകൾ
ഒത്തുകൂടിടുകിൽ
അഞ്ചാമൻ തന്നെ
സംസാര വിഷയം

932
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ലോകമെത്രയോ
മാറിയെന്നാകിലും
മനസ്സ് മാറാത്ത
ചിലരുണ്ട് ഭൂവിതിൽ

933
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മേലനങ്ങി
പണിയെടുത്തീടാതെ
ജിമ്മിൽ പോയി
കസർത്ത് കാണിച്ചീടുന്നു

934
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഒന്ന് വീഴുകിൽ
തീരുന്നതേയുള്ളൂ
മുകളിലാണെന്ന
തൻ ഭാവമൊക്കെയും

935
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ചന്ദ്ര ബിംബത്തെ
തൊട്ടുവന്നെങ്കിലും
അമ്മ നിലാവിന്നു
തന്നെ കുളിരുള്ളൂ

936
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഭക്തിയുള്ള
മനസ്സിലൊരിക്കലും
ദുഷ്ടചിന്തകൾ
മാറ്റൊലി കൊള്ളില്ല

937
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ടണ്ണുകൾ ഭാരമു-
ള്ളാകാശ നൗകക്കും
പക്ഷിച്ചിറകിൻ
പ്രഹരം സഹിക്കുമോ

938
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വെള്ളത്തിലൊഴുകുന്ന
കപ്പലാണെങ്കിലും
ഒരു തീപ്പൊരി പോരേ
ചാരമായീടുവാൻ

939
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

നിനയ്ക്കാതെ എത്തും
ചില ദുരിതങ്ങളിൽ
പറയാതെ പോകുന്ന
യാത്രികർ നാമെല്ലാം

940
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ചിരിച്ചുല്ലസിക്കേണ്ട
ജീവന്റെ ലോകത്ത്
തടയിണ തീർക്കുന്ന
മാനുഷരും ചിലർ

941
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വേലികൾ
മതിലുകളായൊരു
കാലത്തിൽ, ഹൃദയങ്ങളും
കരിങ്കല്ലായി മാറുന്നു

942
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

രാവിലെ പോകുന്ന
നേരത്തറിയുമോ
രാത്രിയിലതു പോലെ
തിരിച്ചു വരാമെന്ന്

943
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വാക്കല്ല, നോക്കല്ല
നേരളക്കേണ്ടത്
ചെയ്യുന്ന കർമ്മത്തെ -
യറിയേണം എപ്പോഴും

944
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഊഹങ്ങളെപ്പോഴും
ആശങ്ക തീർത്തിടും
വരുവാനുള്ളത്
വഴിയിലും തങ്ങില്ല

945
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ചോദ്യങ്ങളെത്ര നാം
ചോദിച്ചീടുകിലും
സത്യത്തിനുത്തരം
ഒന്നു മാത്രം എന്നും

946
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വാർദ്ധക്യ മനസ്സിൽ
ബാല്യം വിളങ്ങേണം
എങ്കിൽ മരണം വരിച്ചിടാം
യൗവനയുക്തനായ്

947
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പുഴകളെത്ര
കടലിൽ പതിച്ചാലും
പുഴവെള്ളത്തിനു-
പ്പെന്തറിയാമോ ?

948
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കാത്ത് നിൽപ്പെന്നും
വിരസമാണെങ്കിലും
കാത്ത് നിൽക്കാത്തവർ
ആരുണ്ട് ഭൂവിതിൽ

949
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഓടുന്ന ബസ്സിനെ
കൈകാട്ടി നിർത്തുന്നോർ
കാട് കയറും മനസ്സിനെ
നിർത്താനറിയാതെ

950
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പട്ടുമെത്തയിൽ
നിദ്ര കിട്ടാത്തോരും
നാക്കിലക്കീറിൽ
ഉണരാതുറങ്ങുന്നു

951
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കറങ്ങുന്ന ഭൂമിയിൽ
വീഴാതെ നിൽക്കുവാൻ
കർമ്മയോഗത്തിൽ
വിരലൂന്നി നിൽക്കണം

952
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കടമകൾ കടലുപോൽ
തിരയടിച്ചീടുമ്പോൾ
തീരത്തു നിന്നതിനെ
വാരിപ്പുണരേണം

953
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പാറാവുകാരുള്ള
ലോക്കറിന്നാവില്ല
സ്നേഹ ബന്ധങ്ങളെ
താഴിട്ട് പൂട്ടുവാൻ

954
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

സങ്കടം പറയുവാൻ
ദൈവത്തെ കാണുന്നോർ
സന്തോഷമൊന്നും
പറഞ്ഞില്ല മുഖദാവിൽ

955
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ചിരിക്കും മുഖങ്ങളെ
കാണുവാനാണിഷ്ടം
സ്വയമേ ചിരിക്കുവാൻ
വൈമുഖ്യമെന്നിട്ടും

956
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മുന്നിലുള്ള മനുഷ്യനെ
കാണാതെ
അദൃശ്യനായുള്ള
ദൈവത്തെ തിരയുന്നോർ

957
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വിശപ്പറിയുവാൻ
അന്നം ത്യജിക്കണം
ശാന്തിയറിയുവാൻ
മോഹം ത്യജിക്കണം

958
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഹൃദയ നോവിന്റെ
കാഠിന്യമറിയുവാൻ
അകക്കണ്ണിലെ
തിരശീലമാറ്റണം

959
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അമ്മ നിഴലിൻ
സുഖമറിഞ്ഞീടുവാൻ
വെയിലുതാണ്ടി
നടന്നീടണം കുറെ

960
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

സ്ഥാനമാനങ്ങൾ
ചൊല്ലിക്കലഹിക്കും
മാനം പോയിടും
സ്ഥാനം ഗ്രഹിക്കുന്നോർ

961
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

താരകളെത്രയു-
ണ്ടാകാശ പൊയ്കയിൽ
ഒന്നിനോടൊന്നു
മത്സരിച്ചീടാതെ

962
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ആധി വ്യാധികൾ
ഇല്ലെങ്കിലും വൃഥാ
ആധി പൂണ്ടു
നടക്കുന്നിതു ചിലർ

963
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മൊബൈൽ മുഖങ്ങളിൽ
വിരലിഴയുന്നേരം
കൈ തലോടലിന്ന്
കേഴും  ചിലരുണ്ട്

964
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര ആളുകൾ
ചുറ്റിലുണ്ടെങ്കിലും
ഒറ്റപ്പെട്ടു പോകും
ചില നേരം

965
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര ആളുകൾ
ചത്തെന്നു നോക്കാതെ
വെട്ടിപ്പിടിച്ചത്
എണ്ണുന്നു യുദ്ധങ്ങൾ

966
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ജന്മവീട്ടിൽ
പറഞ്ഞു വരുന്നവർ
മരണ വീട്ടിൽ
അറിഞ്ഞു വന്നീടണം

967
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഓർത്തുവയ്ക്കാൻ
മാത്രമാണിന്നലെ
നാളെ എന്തെ -
ന്നാവുമോ ചിന്തിക്കാൻ?

968
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ചോർച്ചയുള്ളൊരു
വീടും സുഖമല്ലോ
ചേർച്ചയുള്ള
മനസ്സുകളുണ്ടെങ്കിൽ

969
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

താണു തൊഴുത
ഗുരുവിന്റെ മുന്നിലും
മസിൽ പെരുപ്പിച്ചു
നിൽക്കുന്നിതാ കാലം

970
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഓലപ്പന്തുകൾ
തട്ടി നടന്നവർ
ജന്മം തീർക്കുന്നു
മൊബൈൽ ചുഴികളിൽ

971
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ശക്തനെന്ന്
നടിച്ചു വശായിടും
ഒന്നു തുമ്മിയാൽ
വൈദ്യനെ കാണുന്നോർ

972
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

കാലചക്രം
നിശ്ചലമാകുമോ
ഘടികാരസൂചികൾ
നിശ്ചലമാകുകിൽ

973
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

രാമനിന്ന്
കഥാശേഷനെങ്കിലും
രാവണൻമാർ
ചുറ്റിലും വാഴുന്നു

974
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ

ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

എത്ര സംഖ്യകൾ
വഴിപാടു നൽകുന്നു
അത്ര സൗഭാഗ്യം
കിട്ടുമെന്ന് ചിലർ

975
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പാപം ചെയ്ത്
ഭഗവാനെ കാണുകിൽ
ചെയ്ത പാപങ്ങൾ
പുണ്യമായ് മാറുമോ?

976
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ആദ്യ വീഴ്ചയിൽ
പാഠം പഠിയ്ക്കാതെ
വീണു കൊണ്ടേ
ഇരിക്കുന്നിതാ ചിലർ

977
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ഒന്നിനോടൊന്ന്
പൂജ്യങ്ങൾ ചേരുകിൽ
ഒന്നു പോലും
ശക്തനായ്  മാറിടും

978
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

മനുഷ്യ മനസ്സിൻ
കടലാഴം കൊണ്ടത്രെ
കണ്ണുനീരിൽ
ഉപ്പുകലർന്നതും

979
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അകം വിതുമ്പലിൽ
പുറം ചിരിയുമായ്
ശോകം ഉള്ളാൽ
അടക്കും ചിലരുണ്ട്

980
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

സ്വപ്നമെത്ര
നിദ്രയിൽ കണ്ടാലും
ഉണർന്നെണീറ്റുകിൽ
ശൂന്യമല്ലേയെല്ലാം

981
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

അക്ഷരങ്ങളിൽ
അശുദ്ധി പടരുമ്പോൾ
ചാരമാകും
മനസ്സും പലതുണ്ട്

982
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

ദൈവനാമങ്ങൾ
നാവിൽ വിടരുമ്പോൾ
ഹൃദയകോവിലിൽ
വിളക്കുകൾ തെളിയണം

983
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

സത്യമെത്ര
ഇരുൾ വീണതെങ്കിലും
പുലരി കാണാതെ
പോകുമോ മാനുഷ്യാ

984
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വിനയമല്ലോ
ദൈവിക ലക്ഷണം
അഹന്ത പേറുന്നു
അസുരജന്മങ്ങളും

985
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

പെയ്തു തോരാത്ത
പെരുമഴ പോലെ
ഇറ്റു വീഴണം
ഭക്തിയെന്നും ഉള്ളിൽ

986
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

സ്നേഹപ്പാനകൾ
ചൊല്ലാം നമുക്കിന്ന്
ശ്രേഷ്ഠമാം സ്നേഹ-
ജീവിത സത്യങ്ങൾ

വന്ദനം, കൃഷ്ണാ
വന്ദനം, ഹരേ
തെളിഞ്ഞ വാക്കുകൾ
വിളവെടുക്കേണമേ !!
മറഞ്ഞ സത്യങ്ങൾ
ഉദിച്ചുയരണേ !!

987
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

നെയ്ത്തിരി വിളക്കിൻ
ശോഭയിൽ തിളങ്ങുന്ന
ശ്രീകൃഷ്ണ രൂപമെത്ര
ചേതോഹരം..
ഓടക്കുഴലിൽ ഒഴുകുന്ന
സംഗീതത്തിൽ
മയിലുകൾ ചുറ്റിലും
നൃത്തം ചെയ്യുംപോലെ...

988
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

തൃപ്പടികളിൽ അർപ്പിക്കും
തുളസിപ്പൂ
ആത്മ ധന്യതയാൽ
മിഴികൾ കൂപ്പി ...
പുഞ്ചിരി തൂകുന്ന
കൃഷ്ണനപ്പോൾ, മെല്ലെ
പീലിത്തിരുമുടിയാൽ
ആനന്ദ നടനമാടി...

989
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

ഇടക്കതൻ നാദത്തിൽ
ഉയരുന്ന സോപാനം
ചുറ്റമ്പലങ്ങളെ
ഭക്തി സാന്ദ്രമാക്കി.
ഉള്ളിൽ ഉരുകുന്ന
ഭക്തിയാൽ, അപ്പോൾ
ക്ഷേത്രാങ്കണമൊരു
ഗുരുപുരിയായി...

990
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

ശംഖുയരും ക്ഷേത്രകവാടം
നെയ്യ്ദീപ തിരിയാട്ടങ്ങൾ
ചുറ്റമ്പല വഴികളിലെങ്ങും
കൃഷ്ണാർച്ചന
ജപമന്ത്രങ്ങൾ

991
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

നിനക്കായി കൊരുത്ത
നല്ലിളം മാലയിലെ
ഒരു ചെറു മുത്ത് നീ
കണ്ഠത്തിലണിയണേ !!
കാക്കണേ കണ്ണാ
അണയാതെയെൻ ദീപം !!

992
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

ശ്രുതിയില്ല സംഗീതമില്ല
ചേലില്ല, സ്വരമില്ല
എങ്കിലും
ഞാൻ പാടും
ആത്മഗീതത്തെ
അറിയില്ലെ നീ.... കണ്ണാ !!

993
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

കണ്ണാ, നിൻ ധ്വനികൾ
ഒഴുകിപ്പരക്കുന്ന
കാട്ടാറിൻ തീരത്ത്
ഇനിയും വരില്ലേ നീ,

994
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

ചുറ്റമ്പലത്തിലെ
കാൽനട വഴികളിൽ
നിൽക്കുന്നു ഞാൻ കണ്ണാ
നുണക്കുഴിക്കവിളിലെ
സാന്ത്വനം കാണുവാൻ ..

995
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ

ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

മയിലാടുന്ന മാനക്കീഴെ
പെയ്യാറും മേഘക്കീറുകൾ
കുമിളയായ് ഒഴുകുന്ന
നിത്യ പ്രയാണത്തിൽ
തണലായൊരു കൃഷ്ണദർശനം

996
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

വാനിലൊരു
വെള്ളിമേഘംപോൽ
ഒഴുകുമൊരു കൃഷ്ണപ്പരുന്തിൻ
ചിറകടിയൊച്ചകൾ
താഴെ കൊടിക്കൂറയാടുന്ന
അമ്പലത്തിരുമുറ്റം
ഓംകാരമന്ത്രത്തിൻ
ശാന്തിജപവുമായ്

997
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

പിണയുന്ന കാലുകൾ
ചെഞ്ചുണ്ടിൽ വേണുവും
വാർമുടിക്കെട്ടിനുള്ളിൽ
മയിൽപ്പീലി നൃത്തവും
അഭിഷേക നിറവിലും
തുളസിപ്പൂ നെറുകയിൽ
മിഴി തുറന്നീടുമ്പോൾ
അവതാര രൂപനായ്
കണ്ണന്റെ ദർശനം

998
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

കുസൃതിച്ചിരികളും
കൺകെട്ടു വിദ്യകളും
വികൃതിക്കു കൂട്ടായി
ഗോകുല സൗഹൃദവും
എന്തിലും നിറയുന്ന
അനശ്വര ഭക്തിതൻ

ആത്മസമർപ്പണം
കൃഷ്ണ പാദങ്ങളിൽ...

999
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

സന്ധ്യകളിൽ സിന്ദൂരം
വർണ്ണ പെയ്ത്താടുന്നു
ശംഖുണരും കാവുകളിൽ
ദീപ ചാർത്തുണരുന്നു
അഷ്ടപദി ഗീതത്തിൻ
താളലയ ശ്രുതി ചാർത്തിൽ
അഭിഷേക കുളിരേറ്റ്
കണ്ണന്ന് നിറപൂജ...

1000
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

പൂർണ്ണത തേടുന്ന
ആദ്യാക്ഷരങ്ങളിൽ
അറിവിന്റെ
മുത്തുകൾ പാകി നിരത്തി ഞാൻ
അറിയാതെ
വഴികളിൽ
പതറുന്ന നേരത്ത്
അകതാരിൽ നീ കാട്ടി
നേർവഴി പാതകൾ
കണ്ണാ നമോവാകം
കൃഷ്ണാ പ്രണാമങ്ങൾ

**1001**
കൃഷ്ണ രാഗങ്ങൾ
പൊഴിയട്ടെ നാവിൽ
ഹൃദയ തന്ത്രിയിൽ
ഓംകാരമുണരട്ടെ!!!

മൂകമായ് ചൊല്ലിയ
വരികളിലൊക്കെയും
ശ്രീകൃഷ്ണ മന്ത്രത്തിൻ
ആത്മാവ് കണ്ടു ഞാൻ.. കണ്ണാ

@@@@@@@@@

**Email: kinattinkara.rajan@gmail.com**

തുളസിമാലയിലെ ഹിമകണം

പുലർമഞ്ഞിൽ കുതിർന്ന
തുളസിക്കതിരിൻ
കീഴിലായൊരു തളിരില
ഹിമകണം താലോലിച്ച്

ഒരു മാലയിൽ
കോർത്തിടാൻ വെമ്പുന്ന
ജലകണം പടരാ-
തൊഴുകാതെ
ഇലയോട് ചേർന്ന്

നൂലിൽ ബന്ധിതമായ
ഇലപ്പച്ചകൾക്കിടയിൽ
മാധവ ധ്യാനത്താൽ
മിഴി കൂമ്പി നിൽക്കുന്ന
മഞ്ഞിൻ ധ്യാനം

കൃഷ്ണശിലതൻ
കണ്ഠത്തിലണിഞ്ഞ
ഹാരത്തിൽ വദന -
സൗന്ദര്യം നുകർന്ന്
ദേഹരൂപം പുൽകി ..

ഓരോ തളിർ നാമ്പും
തഴുകിത്തലോടി
കാൽപ്പാദങ്ങളിൽ
സാഷ്ടാംഗം പ്രണമി -
ച്ചൊരു പുണ്യ ജന്മം

ഒരു തുളസീദളത്തി -
ലുദിച്ചുയർന്നെൻ
മനമൊരു ഹിമകണമായ്
നിൻ പാദാരവിന്ദങ്ങളിൽ
ഒരു ജലരേഖയാകട്ടെ
കണ്ണാ !!

**ശുഭം**